# FMPB മിത്രസമാചാർ

fmpb

(for private circulation only)

വാല്യം : 12 ലക്കം : 9 സെപ്റ്റംബർ : 2022

## ഉണരുക വിളിക്കുന്നു

ഉണർത്തുന്നു നമ്മിൽ ദൈവിക ലക്ഷ്യം



**സീയോനേ,**
**ഉണരുക, ഉണരുക;**
**നിന്റെ ബലം ധരിച്ചുകൊൾക; വിശുദ്ധ നഗരമായ യെരുശലേമമേ നിന്റെ അലങ്കാര വസ്ത്രം ധരിച്ചുകൊൾക... യെശ 52:1**

# ആമുഖം ...

## ഉണരാനുള്ള ഒരു വിളി




"ഉറങ്ങുന്ന ഭീമനെ ഉണർത്തുന്നതിനുള്ള ഒരു വിളി" എന്നത് "Petra-Wake-up call" എന്ന പഴയ സംഗീത ആൽബത്തിലുള്ള ക്രിസ്തീയ ഗാനത്തിലെ പരിചിതമായ ഒരു വാക്യമാണ്. ഇവിടെ പാട്ടുകാരൻ വിശ്വാസികളെ ഉറങ്ങുന്ന ഭീമൻ എന്നാണ് വിളിക്കുന്നത്. നമ്മൾ ശരിക്കും ഭീമന്മാർ ആണോ? ശാരീരികമായി നാം അതികായർ ആയിരിക്കയില്ല എന്നാൽ ആത്മീകമായി നാം ഭീമന്മാർ ആകുന്നു, കാരണം നമ്മോടു കൂടെ, നമ്മുടെ ഉള്ളിൽ സർവ്വശക്തനായ ദൈവം ഉണ്ട്. നമ്മളിലുള്ള ഈ ശക്തി തിരിച്ചറിയുവാൻ പലപ്പോഴും നാം പരാജയപ്പെടുന്നു. എന്നാൽ എന്തും ചെയ്യുന്നതിനു ശക്തിയുള്ള ഈ ഭീമൻ ഒന്നുകിൽ ഉറങ്ങുകയാണ്, അല്ലെങ്കിൽ ആവേശത്തോടെ ചെയ്യേണ്ടതു ഒന്നും ചെയ്യാതെ ഇരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ദൈവം തന്റെ ദിവ്യമായ, ശക്തമായ, രാജകീയ ശബ്ദത്തോടെ നമ്മെ ഉണരുവാൻ വിളിക്കുന്നു. ഈ ശക്തിയുള്ള ശബ്ദം നമ്മെ ഉണർത്തുകയും അവനെ ശ്രദ്ധിക്കുവാൻ നമ്മെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും ഇത് കൃപയുടെ ശബ്ദമാകുന്നു. ഈ ശബ്ദം നമ്മെ പ്രവർത്തിക്കുവാൻ ഉത്തേജിപ്പിക്കുകയും ഉണർത്തുകയും ചെയ്യുന്നു. നാം ഉണരണം എന്നും പൊടിയിൽ നിന്നു എഴുന്നേൽക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. കല്ലിൽ അല്ല നാം തലവെച്ചിരിക്കുന്നത് വെറും പൊടിയിലാണ്. പരാജയം, നിരുത്സാഹം, അസുഖങ്ങൾ, അപമാനം എന്നിവയിൽ നിന്ന് എഴുന്നേൽക്കണം (എസ്ര.9:5). നാം എഴുന്നേറ്റു ബലം പ്രാപിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു (യെശ.52:1). അനുരഞ്ജനം പ്രാപിച്ചു നമുക്കു നഷ്ടമായ സ്ഥാനം സ്വന്തമാക്കണം (ആവ.2:24). നമ്മിലൂടെ ദേശത്തിനു വിടുതൽ നേടിയെടുക്കണം (ന്യായ.7:9). നമ്മിൽ ശേഷിച്ചിരിക്കുന്ന ശക്തിയോടെ പോരാടണം, നമുക്കായി നിശ്ചയിച്ചിരിക്കുന്ന യുദ്ധം ചെയ്യണം, നന്മ ചെയ്യണം, ദൈവ വേല ചെയ്യണം (വെളി.3:2). അലങ്കാര വസ്ത്രം ധരിക്കുക (യെശ.52:1). സന്തോഷത്തോടെ ഘോഷിക്കുക യെശ.26:19).

ക്ലോക്കിലെ അലാറം നമ്മെ ഉണർത്തും, എന്നാൽ കിടക്കയിൽ നിന്നു വലിച്ചെഴുന്നേൽപ്പിക്കയില്ല. നാം അവസാന നാളുകളിലാണെന്നു ചുറ്റുപാടുകളും, വാർത്തകളും, സംഭവങ്ങളും എല്ലാം നമ്മെ വിളിച്ച് അറിയിക്കുന്നു. ഈ അലാറം ഇന്നു നമുക്കു തിരിച്ചറിയുവാൻ സാധിക്കുന്നുണ്ടോ? തിരുവചനത്തിൽ ഉടനീളം അതാതു സമയത്ത് ആവശ്യകതക്കു അനുസരിച്ചു ദൈവം വ്യക്തികളെ ഉണർത്തി നേതാക്കന്മാർ, ന്യായാധിപന്മാർ, രാജക്കന്മാർ, പ്രവാചകന്മാർ, അപ്പോസ്തലന്മാർ തുടങ്ങിയ നിലയിൽ വിളിച്ചാക്കിട്ടുണ്ട്. ഇന്ന് ഉണരുന്നതിനുള്ള ആ വിളി നമ്മിലേക്കു വന്നിരിക്കുന്നു. നമ്മെ ഉണർത്തുമ്പോൾ ക്രിസ്തുവിനോടുള്ള നമ്മുടെ പ്രതികരണം എന്തായിരിക്കും? ദൈവം തന്റെ അളവില്ലാത്ത സ്നേഹത്താൽ നമുക്കും നമ്മുടെ ദേശത്തിനും വേണ്ടതെല്ലാം ചെയ്തിരിക്കുന്നു. നാം എഴുന്നേൽക്കണമോ അതോ വീണ്ടും ഉറങ്ങുവാൻ പോകുന്നുവോ തിരഞ്ഞെടുപ്പ് പൂർണ്ണമായും നമ്മുടെതാണ്. ക്രിസ്തുവിനു ചെയ്യുവാൻ കഴിയുന്നത് നമ്മെ ഉണർത്തുക എന്നതാണ്, ദൈവം അസാധാരണമായ അത്ഭുതങ്ങൾ ചെയ്യുമ്പോൾ അനുഗ്രഹങ്ങൾ നൽകുമ്പോൾ നമ്മെ കുറിച്ചുള്ള ദൈവീക പദ്ധതി മനസ്സിലാക്കി അനുഭവിക്കുവാൻ കഴിയണം. നമ്മിലുള്ള ഭീമൻ ഉണർന്നിരിക്കുക ആണോ!

- മേഴ്സി സെൽവിൻ, കമ്യൂണിക്കേഷൻ വിഭാഗം

ഒരു ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനു ഞാൻ പ്രാർത്ഥിക്കുന്നു. എന്നാൽ വ്യക്തികൾ തങ്ങളുടെ ജീവിതങ്ങളെ പുതുമയോടെ ക്രിസ്തുവിനായി സമർപ്പിക്കുമ്പോൾ മാത്രമേ ഉണർവ്വ് സാധ്യമാകയുള്ളു എന്നു ഞാൻ ചിന്തിക്കുന്നു - ബില്ലി ഗ്രഹാം

... അതിനു അവർ: എഴുന്നേല്പിൻ; നാം അവരുടെ നേരെ ചെല്ലുക; ആ ദേശം ബഹു വിശേഷം എന്നു ഞങ്ങൾ കണ്ടിരിക്കുന്നു; നിങ്ങൾ അനങ്ങാതിരിക്കുന്നതു് എന്തു്? ആ ദേശം കൈവശമാക്കേണ്ടതിനു പോകുവാൻ മടിക്കരുതു്. - ന്യായ.18:8,9

ഇവിടെ ഈ ലോകത്തിൽ ദശലക്ഷകണക്കിന് ആളുകൾ മരിക്കുന്നു. കഴിഞ്ഞ രാത്രിയിൽ നിങ്ങൾ ഉറങ്ങുമ്പോൾ, നിങ്ങൾ എവിടെയോ സ്വയം വിഡ്ഢിയായി ഉറങ്ങുമ്പോൾ അവർ മരിക്കുകയായിരുന്നു. ദൈവം ചോദിക്കുന്നു, ആർ നമുക്കായി പോകും? - ലിയോനാർഡ് റാവൻഹിൽ

രാത്രിയിൽ, യാമാരംഭത്തിങ്കൽ എഴുന്നേറ്റു നിലവിളിക്ക; നിന്റെ ഹൃദയത്തെ വെള്ളം പോലെ കർത്തൃ സന്നിധിയിൽ പകരുക; വീഥികളുടെ തലക്കലൊക്കെയും വിശപ്പു കൊണ്ടു തളർന്നു കിടക്കുന്ന നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷക്കായി അവങ്കലേക്കു കൈ മലർത്തുക. - വിലാപങ്ങൾ 2:19

- മിത്രസമാചാർ FMPB യുടെ ഔദ്യോഗിക പത്രികയാണ്.
- FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു
- ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.
- വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.
- സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, ചൂരക്കുഴിയിൽ,
മക്കപ്പുഴ. പി. ഒ, റാന്നി, പത്തനംതിട്ട
Mob: 9495 309 335; 90740 03768
E-mail: sajifmpb@gmail.com



*Publisher & Editor*
Rev. **സുദർശൻ തോമസ്**

മിത്ര സമാചാർ

**FMPB** യുടെ പ്രതിമാസ സൂനം


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

Layout and Preparation:
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



സുവിശേഷം ശ്രവിക്കാത്ത ഇന്ത്യക്കാരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സർവ്വശക്തിയുള്ള നാമത്തിൽ സ്നേഹവന്ദനം.

ഉത്തർപ്രദേശിലെ ഝാൻസിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷനിൽ ഇരുന്നുകൊണ്ട് ഈ മാസത്തെ എഡിറ്റോറിയൽ എഴുതുവാൻ ദൈവം കൃപ നൽകി. ആഗസ്റ്റ് മാസത്തിൽ FMPB യിലുള്ള കർത്തൃദാസന്മാരിലൂടെ ദൈവം ചെയ്തെടുത്ത പ്രവർത്തികളാൽ ദൈവ നാമം മഹത്വപ്പെടുമാറാകട്ടെ. ദൈവത്തിന്റെ വചനം പറയുന്നു ദൈവം തന്റെ പ്രവർത്തി ചെയ്യുവാൻ നമ്മെ തിരഞ്ഞെടുത്തത് ലോകപ്രകാരം ജ്ഞാനികളോ, ബലവാന്മാരോ കുലീനന്മാരോ ആയതിനാലല്ല (1.കൊരി.1:26), എന്നാൽ നാം ഭോഷന്മാരും ബലഹീനരും കുലഹീനന്മാരും നിന്ദിതരും ഏതുമില്ലാത്തവരുമായിരുന്നു (1.കൊരി.1:27,28). ദൈവത്തിനും ദൈവരാജ്യത്തിനും വേണ്ടി പ്രവർത്തിക്കുവാൻ ദൈവം എന്തുകൊണ്ട് മുകളിൽ പറഞ്ഞ നിലവാരത്തിലുള്ള നമ്മെ പോലെയുള്ളവരെ തിരഞ്ഞെടുത്തു എന്ന ചോദ്യം ഉയരുന്നു. ആ ചോദ്യത്തിനുള്ള ഉത്തരവും തിരുവചനം നൽകിത്തരുന്നു, ജ്ഞാനികളെ ലജ്ജിപ്പാൻ, ബലവാന്മരെ ലജ്ജിപ്പാൻ ദൈവം നമ്മെ തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും എതുമില്ലാത്തതുമായതിനെ തിരഞ്ഞെടുത്തു. ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നേ (1.കൊരി.1:27-29). നാം ഒന്നുമല്ല, നമ്മുടെ ദൈവമാണ് എല്ലാം എന്ന മനോഭാവത്തോടെ നാം കർത്താവിനെ സേവിക്കണം.

## ജാർഖണ്ഡിലെ യോഗം

സന്താൾ, മാൾട്ടോ മിഷനറിമാരെയും നേതാക്കന്മാരെയും കാണുന്നതിനായുള്ള സന്ദർശനം വളരെ ഫലകരമായിരുന്നു. നമ്മുടെ ശുശ്രൂഷ മേഖലയിലുള്ള മുഴുവൻ സന്താളികളെയും നേടുന്നതിനായി നമ്മുടെ ദർശനം വിശാലമാക്കുന്നതിനെ കുറിച്ചു ചർച്ചകൾ നടത്തി. വിശ്വാസികളുടെ പങ്കാളിത്വത്തോടെ മുഴുവൻ ജനങ്ങളെയും നേടുന്നതിനായുള്ള പ്രവർത്തന പദ്ധതി റീജിനൽ തലത്തിൽ തയ്യാറാക്കുന്നതിനു മിഷനറിമാർ പരിശ്രമിക്കുന്നു.

## നാഗപ്പൂരിൽ സോണൽ സെക്രട്ടറിമാരുടെ യോഗം

മിഷൻ വയലിലുള്ള സോണൽ സെക്രട്ടറിമാരും അവരുടെ ഭാര്യമാരും ജൂലൈ 27 മുതൽ 29 വരെ നാഗപ്പൂരിൽ ത്രൈമാസ പ്രാർത്ഥനക്കും അവോലോകനത്തിനും ആലോചനക്കുമായി കൂടിവന്നു.

## അരുണാചൽ പ്രദേശിൽ സീറോ വാലിയിലെ എബിഎ യോഗം

2022 ആഗസ്റ്റ് 8,9 തീയതികളിൽ അരുണാചൽ പ്രദേശ് സീറോ വാലിയിൽ അപ്താനി ബപ്റ്റിസ്റ്റ് അസോസിയേഷന്റെ നേതാക്കന്മാരോടു ചേർന്നു ഒരു യോഗം സംഘടിപ്പിച്ചു. FMPBയും ABA യും ചേർന്നു പ്രവർത്തിക്കുന്നതിനായുള്ള പുതുക്കിയ ധാരണ പത്രം ഒപ്പിട്ടു. ഉത്തരേന്ത്യ മൊബലൈസേഷൻ സെക്രട്ടറി റവ. ഫ്രാങ്ക്ളിൻ എം വൈ, പാത്തം, നോർത്ത് ഈസ്റ്റ് ഇന്ത്യ സോണൽ സെക്രട്ടറി സഹോദരി ഡോൺസാച്ചിൻ,

നാഗാലാന്റ് മൊബലൈസേഷൻ സെക്രട്ടറി റവ. ഹുത്തോയ് അച്ചുമി എന്നിവർ FMPB യുടെ പ്രതിനിധികളായി പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

## NBCC യോഗം

ഇതേ മൊബലൈസേഷൻ സംഘം എന്നോടൊപ്പം അരുണാചലിൽ, നാഗർലഗൂണിലുള്ള നിയിഷി ബാപ്റ്റിസ്റ്റ് ചർച്ച് കൗൺസിലിന്റെ ആസ്ഥാനമന്ദിരം സന്ദർശിച്ചു. ജനറൽ സെക്രട്ടറി റവ. താർ ചോയ ഞങ്ങളെ സ്വാഗതം ചെയ്തു വേണ്ട സൗകര്യങ്ങൾ ചെയ്തു തന്നു. FMPB യും NBCC യും തമ്മിലുള്ള ബന്ധത്തെ സുദൃഢമാക്കുന്നതിനു ഫലപ്രദമായ ചർച്ചകൾ നടത്തി.

## നോർത്ത് ഈസ്റ്റേൺ സോൺ മിഷനറിമാരുടെ യോഗം

2022 ആഗസ്റ്റ് 9-11 വരെ നോർത്ത് ഈസ്റ്റേൺ സോൺ മിഷനറിമാരുടെ ആത്മീക സമ്മേളനം അരുണാചൽ പ്രദേശിൽ വെച്ചു നടത്തി. 150 ലധികം മിഷനറിമാരും അവരുടെ മക്കളും ഈ യോഗത്തിൽ സംബന്ധിച്ചു.

## മിഷനറിമാർക്കു പട്ടത്വം നൽകി

സിഎസ്ഐ ട്രിച്ചി തഞ്ചാവൂർ മഹായിടവക ബിഷപ്പ് റൈറ്റ്. റവ. ഡോ. ഡി. ചന്ദ്രശേഖർ നമ്മുടെ നാലു മിഷനറിമാർക്കു ആഗസ്റ്റ് 14 നു ട്രിച്ചിയിൽ വെച്ചു പട്ടത്വം നൽകി. നമ്മുടെ മിഷനറിമാർക്കു പട്ടത്വം നൽകിയ ബിഷപ്പിനോടും ഈ തീരുമാനം എടുത്ത എല്ലാ കമ്മറ്റിയംഗങ്ങളോടും മഹായിടവകയോടുമുള്ള കടപ്പാടും നന്ദിയും ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് അറിയിക്കുന്നു. രാജ്യത്തോടുള്ള ആത്മഭാരത്താൽ FMPB യുടെ ശുശ്രൂഷയെ അത്മാർത്ഥമായി സഹായിക്കുന്ന ബിഷപ്പ്, മഹായിടവക ചുമതലക്കാർ എന്നിവർക്കായി ദൈവത്തെ സ്തുതിക്കുന്നു.

## ഉപവാസ പ്രാർത്ഥന ദിനങ്ങൾ

ആഗസ്റ്റ് 12,13,14 തീയതികൾ മിഷൻ വയൽ, മൊബലൈസേഷൻ, ആസ്ഥാന മന്ദിരം എന്നീ മേഖലകളിൽ ഉപവാസ പ്രാർത്ഥനകകളൾ സംഘടിപ്പിച്ചു. തമിഴ്നാട്, പോണ്ടിച്ചേരി, ദക്ഷിണ ഇന്ത്യ എന്നിവിടങ്ങളിൽ മാത്രം 5628 പേർ ഒരുമിച്ചു കൂടി ഉപവാസത്തോടെ പ്രാർത്ഥിച്ചു. മിഷൻ വയലിലും ആസ്ഥാനമന്ദിരത്തിലും കൂടി ചേർത്ത് പതിനായിരത്തിലധികം ആളുകൾ ദേശത്തിനു വേണ്ടി ഈ ദിവസങ്ങളിൽ പ്രാർത്ഥിച്ചു. പ്രാർത്ഥന വിഭാഗം ഡിവിഷണൽ നേതാക്കന്മാരോടും മൊബലൈസേഷൻ നേതൃത്വത്തോടും ചേർന്നു പ്രാർത്ഥനക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

## മിഷനറി ആൽബം പ്രസിദ്ധീകരിച്ചു

FMPB യുടെ കമ്യൂണിക്കേഷൻ വിഭാഗം മനോഹരമായ മിഷനറി ആൽബം തയ്യാറാക്കി മാസിക ലഭിക്കുന്ന എല്ലാവർക്കും അയച്ചു കൊണ്ടിരിക്കുന്നു. മിഷനറിമാരുടെയും അവരുടെ മക്കളുടെയും മുഖം കണ്ടു പ്രാർത്ഥിക്കുന്നതിനു ഇതു വളരെ സഹായകരമാണ്. ഇതിൽ FMPB യുടെ മിഷൻ വയലുകൾ രേഖപ്പെടുത്തിയ ഒരു ഭൂപടവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ആൽബം പ്രസിദ്ധീകരിച്ച കമ്യൂണിക്കേഷൻ വിഭാഗത്തോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

## അടുത്ത മാസത്തെ യോഗങ്ങൾ

സെപ്റ്റംബർ മാസത്തിൽ ക്രമീകരിച്ചിരിക്കുന്ന ചില സുപ്രധാന യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

സെപ്റ്റംബർ 6,7 തീയതികളിൽ ഡിവിഷനൽ സെക്രട്ടറിമാരും ജനറൽ സെക്രട്ടറിയും ചേർന്നു സംഘടനയുടെ മുന്നോട്ടുള്ള പ്രവർത്തനത്തിനും ദേശത്തിനും വേണ്ടി ഉപവാസ പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു. അതിനെ തുടർന്നു 8,9 തീയതികളിൽ അവലോകന യോഗവും ആലോചന യോഗവും നടത്തുന്നതാണ്.

10 ന് ഫൈനാൻസ് മാനേജ്മെന്റ് കമ്മറ്റി ക്രമീകരിച്ചിരിക്കുന്നു. 17,18 തീയതികളിൽ മാനേജ്മെന്റ് കമ്മറ്റി ചേരുന്നതാണ്.



# സീയോനേ ഉണരുക

**- യെശയ്യാവ് 52:1**

**സീയോനേ ഉണരുക, ഉണരുക;**
**നിന്റെ ബലം ധരിച്ചു കൊൾക;**
**വിശുദ്ധനഗരമായ യെരൂശലേമേ,**
**നിന്റെ അലങ്കാരവസ്ത്രം ധരിച്ചു കൊൾക;**
**ഇനിമേലാൽ അഗ്രചർമ്മിയും അശുദ്ധനും**
**നിന്നിലേക്കു വരികയില്ല.**

## സീയോൻ

സിയോൻ എന്ന പദം പഴയനിയമത്തിൽ 158 പ്രാവശ്യവും പുതിയ നിയമത്തിൽ 7 പ്രാവശ്യവും കാണുന്നു. ആരംഭത്തിൽ ഈ വാക്ക് യരുശലെമിൽ ഉള്ള പർവ്വതത്തെ ആകുന്നു സൂചിപ്പിച്ചത്. പിന്നീട് ഈ മലമുകളിൽ ദൈവാലയം നിർമ്മിച്ചതിനു ശേഷം ഉടമ്പടി ജനതയായ യിസ്രായേലിനെയും സീയോൻ എന്നു വിളിച്ചു. ദൈവം തന്റെ ജനത്തെ അഭിസംബോധന ചെയ്തപ്പോൾ അവരെ "സീയോനെ" എന്നു വിളിച്ചു.

## വീണ്ടെടുപ്പിനായുള്ള വിളി

### സീയോനേ ഉണരുക, ഉണരുക...

"സീയോനേ ഉണരുക, ഉണരുക" എന്ന ആഹ്വാനം പരാജയപ്പെട്ട സ്വന്ത ജനത്തെ വീണ്ടെടുക്കുന്നതിനായുള്ളതാണ്. അശുദ്ധി, അധർമ്മം, അജ്ഞത, അനാവശ്യമായ സൗഹൃദം തുടങ്ങി ലോക മൂല്യങ്ങളുടെ കർത്തൃത്വത്തിൽ കീഴിൽ കഴിയുന്നവരെ കുറിച്ചു ദൈവത്തിനു ചിന്തയുണ്ട്. ഇതിനു കാരണം അവർ ദൈവത്തിന്റെ ഉടമ്പടി ജനമാകുന്നു. ദൈവത്തിന്റെ സ്വന്തം ജനം അവിശ്വസ്തരായിരുന്നാലും ദൈവം തന്റെ ഉടമ്പടിയിൽ വിശ്വസ്തനാകുന്നു.

ദൈവം തന്റെ ജനത്തെ തിരഞ്ഞെടുത്തത് അവരുടെ കഴിവുകളോ സമ്പത്തോ അംഗസംഖ്യയോ കുലിനതയോ സംസ്കാരമോ നോക്കിയല്ല. നാടോടികളെ പോലെ ഈജിപ്തിൽ ഉഴന്നു

---

24 ന് എക്സിക്യൂട്ടിവ് കമ്മറ്റിയും 25 ന് ചെന്നയിൽ വെച്ചു പോതു യോഗവും ഉണ്ടായിരിക്കുന്നതാണ്.

20 മുതൽ 23 വരെ ബാംഗ്ലൂരിൽ വെച്ചു നടത്തുന്ന ഇന്ത്യ മിഷൻ അസോസിയേഷന്റെ യോഗത്തിൽ ഞാൻ സംബന്ധിക്കുന്നുണ്ട്.

നിങ്ങളുടെ വിലയേറിയ പ്രാർത്ഥന FMPB ശുശ്രൂഷയുടെ ശക്തിയും അനുഗ്രഹവും ആകുന്നു.

കർത്താവിന്റെ ദൗത്യ നിർവഹണത്തിൽ നിങ്ങളുടെ സഹയാത്രികൻ

റവ. ജോൺ ബർലിൻ എസ്.

നടന്നവരും മർദ്ദിതരരുമായ യിസ്രായേ ലിനോടു കർത്താവിനു ദയ തോന്നി. അവർ ശത്രുക്കളുടെമേൽ ജയം വരിച്ചു, രാജ്യങ്ങളെ പിടിച്ചടക്കി; ദൈവീക സഹായത്താൽ അവർ എണ്ണത്തിൽ വർദ്ധിച്ചു. അവരെ കുറിച്ചു കേൾക്കുന്ന രാജ്യങ്ങളൊക്കെ ഭയപ്പെട്ടു. എന്നാൽ അവർ തങ്ങളുടെ ദൈവത്തെ ഉപേക്ഷിച്ചു ദൂരേക്കു പോയി, അവർക്കു അവരുടെ മഹത്വവും ആധിപത്യവും നഷ്ടപ്പെട്ടു ഇപ്പോൾ അവർ ബദ്ധന്മാരായി കഴിയുന്നു. അടിമത്വത്തിൽ കഴിയുന്ന സ്വന്ത ജനത്തിനു ദൈവം തന്റെ പ്രവാചകന്മാരിലൂടെ ഒരു ആഹ്വാനം നൽകുന്നു. മാനസാന്തരപ്പെടുക, ഉണർന്നു എഴുന്നേൽക്കുക.

ദൈവത്തിന്റെ മക്കൾ മനപൂർവ്വം പാപത്തിൽ രസിക്കുമ്പോൾ, ലോകത്തെ സ്നേഹിക്കുമ്പോൾ, അനീതിയുമായി പൊരുത്തപ്പെടുമ്പോൾ ജീവിതത്തിൽ പരാജയം നേരിടും. എന്നാൽ നാം പാപത്തിന്റെ അടിമത്വത്തിൽ വസിക്കാതിരിക്കുവാൻ എഴുന്നേറ്റു പ്രകാശിക്കുവാൻ നമ്മുടെ വീണ്ടെടുപ്പുകാരൻ നമ്മെ വിളിക്കുന്നു.

## വീണ്ടെടുപ്പിനുള്ള ശക്തി

**... നിന്റെ ബലം ധരിച്ചു കൊൾക.**

അടിമത്വത്തിൽ കഴിയുന്ന ജനം വിടുതലിനായുള്ള ശക്തിക്കായി ദൈവത്തിങ്കലേക്കു നോക്കുന്നു. അവരുടെ വിജയത്തിനായി ദൈവം തന്നെ പ്രവർത്തിക്കണമെന്നു അവർ അപേക്ഷിക്കുന്നു. എന്നാൽ ദൈവം പറയുന്നു, “നിന്റെ ബലം ധരിച്ചു കൊൾക” (യെശ.52:1)

ദൈവജനത്തിന്റെ പരാജയം അവരുടെ ആന്തരിക മനഷ്യനെ അന്ധനാക്കിയിരിക്കുന്നു. ദൈവം അവരെ ഉപേക്ഷിച്ചതുകൊണ്ടാണ് ശത്രു തങ്ങളുടെമേൽ ജയം വരിച്ചതെന്നു അവർ ചിന്തിച്ചു. അവരുടെ പരാജയത്തിന്റെ കാരണം അവരുടെ തന്നെ പാപമാണെന്ന സത്യം അവർക്കു തിരിച്ചറിയുവാൻ സാധിച്ചില്ല. ദൈവം യെശയ്യ പ്രവാചകനിലൂടെ ഈ സത്യം അവരെ പഠിപ്പിക്കുന്നു. യെശയ്യാവ് അവരോടു പറഞ്ഞു, അവർ പാപത്തെ എറ്റുപറഞ്ഞു ദൈവവുമായി നിരപ്പു പ്രാപിച്ചാൽ ദൈവം അവരെ വീണ്ടെടുക്കും.

അതെ, ചരിത്രത്തിലുടനീളം എപ്പോഴൊക്കെ ദൈവജനം ദൈവത്തോടു കൃതജ്ഞതയുള്ളവരായി ദൈവ ഹിതം നിറവേറ്റുവാൻ തുടങ്ങിയോ അപ്പോഴൊക്കെ വിജയം വരിക്കുന്നതിനു ദൈവശക്തി അവർക്കു മതിയായിരുന്നു. ഇന്നും നമ്മുടെ ദൈവത്തിന്റെ ശക്തി ക്ഷയിച്ചു പോയിട്ടില്ല. ദൈവം തന്റെ ജനത്തിനു തിന്മയെ ജയിക്കുന്നതിനുള്ള ശക്തിയും കൃപാവരവും സമൃദ്ധിയായി നൽകുന്നു (ലൂക്കോ.9:1; 10:19). ഈ കാലഘട്ടത്തിന്റെ ആവശ്യം ഓരോ ദൈവപൈതലും യേശുക്രിസ്തുവിന്റെ ശക്തിയുള്ള ശിഷ്യന്മാരാകുക എന്നതാകുന്നു അല്ലാതെ സമൃദ്ധിയുടെ ശിഷ്യരല്ല. നാം ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തിയെ ത്യജിക്കുന്നവരാകാതെയിരിക്കുക (2.തിമൊ.3:5). നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും ബലം ധരിച്ചു ദൈവഹിതം മനസ്സിലാക്കി പ്രാവർത്തീകമാക്കുന്നതിനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

## വീണ്ടെടുപ്പിനുള്ള വ്യവസ്ഥ

**... വിശുദ്ധ നഗരമായ യെരുശലേമേ നിന്റെ അലങ്കാരവസ്ത്രം ധരിച്ചു കൊൾക.**

ഇവിടെ ദൈവം ബാബിലോണ്യ അടിമത്വത്തിൽ കഴിയുന്ന ദൈവ ജനത്തിനു നൽകുന്ന ആഹ്വാനം, അവർ അടിമകളെ പോലെ ജീവിക്കാതെ പകരം വീണ്ടെടുക്കപ്പെട്ട ജനത്തെ പോലെ അലങ്കാരവസ്ത്രം ധരിച്ചു വീണ്ടെടുപ്പിൻ പ്രത്യാശയോടെ ഒരുങ്ങി കാത്തിരിക്കുക. അലങ്കാര വസ്ത്രം ശുദ്ധീകരിക്കാതെ ധരിക്കുവാൻ കഴികയില്ല. ദൈവം അവരുടെ വിശുദ്ധിയും നിർമ്മലതയും ആഗ്രഹിക്കുന്നു. ദൈവത്തിനു അവരുടെ ഇടയിൽ പാർത്തു അവരെ വീണ്ടെടുക്കുന്നതിനു ഈ വിശുദ്ധി ആവശ്യമാകുന്നു.

അതെ നമ്മുടെ വീണ്ടെടുപ്പുകാരനായ ദൈവം വിശുദ്ധനാകുന്നു (വെളി.22:11). ദൈവത്തിന്റെ പ്രവർത്തി നമ്മിൽ അനുഭവമാക്കണമെങ്കിൽ നമ്മെയും നമ്മുടെ ചുറ്റുപാടുകളെയും വിശുദ്ധീകരിക്കണമെന്നതു ആവശ്യമാകുന്നു (യോശുവ.3:5), ദൈവവചനം പറയുന്നു, ലോകത്തോടുള്ള സ്നേഹം ദൈവത്തോടുള്ള ശത്രുത്വം ആകുന്നു (യാക്കോ.4:4). ദുഷ്ടനെ നീതികരിക്കുന്നവനും നീതിമാനെ കുറ്റം വിധിക്കുന്നവനും രണ്ടുപേരും യഹോവെക്കു വെറുപ്പു (സദൃ.17;15). ദൈവം ഒരിക്കലും തൻെറ വീണ്ടെടുപ്പിൻ പദ്ധതിയിൽ ഇത്രയും നീചമായ ആളുകളെ ഉപയോഗിക്കയില്ല.

ദൈവം വിശുദ്ധനാകയാൽ നാമും നമ്മെ വിശുദ്ധീകരിക്കണം. ഈ കല്പന ദൈവം നൽകിയതാണ്. (വെളി.22:11). ദൈവത്തിന്റെ വീണ്ടെടുപ്പ് തുടർച്ചയായി നമ്മുടെ ജീവിതത്തിൽ പ്രകാശിതമാകണമെങ്കിൽ നാം വ്യക്തിഗത ജീവിതത്തിലും കുടുംബ ജീവിതത്തിലും സഭാ ജീവിതത്തിലും ശുശ്രൂഷ ജീവിതത്തിലും വിശുദ്ധരായിരിക്കണം.

## വീണ്ടെടുപ്പിനുള്ള വാഗ്ദത്തം

**... ഇനിമേലാൽ അഗ്രചർമ്മിയും അശുദ്ധനും നിന്നിലേക്കു വരികയില്ല.**

ദൈവജനം ബലം ധരിച്ച് അലങ്കാരം വസ്ത്രം ധരിച്ച് വിശുദ്ധനായ ദൈവത്തിനു വേണ്ടി എഴുന്നേൽക്കുമ്പോൾ ദൈവം അവർക്കു സുരക്ഷിതത്വവും സഹായവും വാഗ്ദത്തം ചെയ്യുന്നു. വെല്ലുവിളികൾ നിറഞ്ഞ സാഹചര്യങ്ങളിൽ യഹോവയുടെ മഹത്വം വെളിപ്പെടും, സകല ജഡവും അതിനെ കാണും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നത് (യെശ.40:5). ദൈവജനം ജീവിതത്തിൽ പരാജയപ്പെട്ടാൽ ഇതെല്ലാം സംഭവിക്കുമെന്നു ദൈവം പ്രവാചകന്മാരിലൂടെ വെളിപ്പെടുത്തിയിരിക്കുന്നു. ദുഷ്കരമായ സമയം ആസന്നമായിരിക്കുന്നു, ദൈവജനം തങ്ങളുടെ പാപങ്ങളിൽ നിന്നു മുഖം തിരിച്ച് ദൈവത്തെ അന്വേഷിച്ചാൽ ദൈവം അവരെ വീണ്ടെടുക്കുമെന്നും അവരെ തന്നിലേക്കു അടുപ്പിക്കുമെന്നു ദൈവം വാഗ്ദത്തം ചെയ്യുന്നു. ഈ വഗ്ദത്തം ഏതെങ്കിലും പ്രത്യേക കാലഘട്ടത്തിലേക്കോ പ്രത്യേക സാഹചര്യത്തിലേക്കോ ഉള്ളതല്ല. യിസ്രായേലിന്റെ വിടുതലിനുള്ള ഈ വാഗ്ദത്തം നമുക്കുള്ളതാകുന്നു. യേശുവിന്റെ ഒന്നാം വരവ് അവന്റെ രണ്ടാം വരവിനു വേണ്ടിയുള്ളതാകുന്നു.

ഇത് നമ്മെ ഓർമ്മപ്പെടത്തുന്നത് നാം ഇന്നു നേരിടുന്ന വെല്ലുവിളികളും സാഹചര്യങ്ങളും ശാശ്വതമല്ല, ദൈവത്തിന്റെ മഹത്വം നമ്മുടെ ജീവിതത്തിലും കുടുംബത്തിലും ശുശ്രൂഷയിലും രാജ്യത്തും വെളിപ്പെടും, സകല മനുഷ്യരും അതു കാണുമെന്നുള്ള ഉറപ്പും ഇതു നൽകുന്നു. ദൈവത്തിന്റെ മഹത്വത്തെ വിലമതിക്കാത്തവർക്കു, തങ്ങളുടെ നിയമങ്ങളും വ്യവസ്ഥിതികളും കൊണ്ട് ദൈവജനത്തെ അടിച്ചമർത്തുന്നവർക്ക് ഇതു ഒരു മുന്നറിയിപ്പാകുന്നു. എന്നാൽ കഠിനതരമായ സാഹചര്യത്തിലൂടെ കടന്നു പോകുന്ന ദൈവജനത്തിന് ഇത് പ്രത്യാശയുടെ സന്ദേശമാകുന്നു. ഒട്ടും സംശയം വേണ്ട അന്ത്യ നാളുകളിൽ ജീവിക്കുന്ന ദൈവജനം ദൈവ മഹത്വത്തിനു മുൻഗണന നൽകി യഹോവയുടെ ബലം ധരിച്ച് വിശുദ്ധിയോടെ എഴുന്നേറ്റു ദൈവരാജ്യ മൂല്യങ്ങളെ മുറുകെ പിടിച്ചു ദേശത്തിന്റെ വീണ്ടെടുപ്പിനായി പ്രവർത്തിക്കണം. നിശ്ചയമായി ദൈവത്തിന്റെ വാഗ്ദത്തം പൂർണ്ണമായി നമ്മുടെ ജീവിതങ്ങളിൽ നിറവേറും. ഉണർന്നു എഴുന്നേറ്റു ദൈവരാജ്യത്തിന്റെ അഭവൃദ്ധിക്കു വേണ്ടി പ്രവർത്തിക്കുന്നതിനും ജീവിക്കുന്നതിനും ദൈവമായ കർത്താവ് നമുക്കു കൃപ നൽകുമാറാകട്ടെ!

**– റവ. ദാനിയേൽ ഡേവിഡ്**
സെക്രട്ടറി പ്രാർത്ഥന വിഭാഗം

# മിഷനറി ജീവചരിത്രം



## ശ്രീമതി. വൈഡൂര്യം കാന്തികുഴ യിസ്രായേൽ

(1960 - 2012)

### ആദ്യകാല ജീവിതം:

അദ്ധ്യാപകനായ ശ്രീ. വിശ്വനാഥ സരിലുവിനും വീട്ടമ്മയായ ശ്രീമതി സത്യവതിക്കും 1960 ആഗസ്റ്റ് 5 ന് ഒരു മകൾ ജനിച്ചു. അവൾക്കു അവർ വൈഡൂര്യം എന്നു പേർ നൽകി. വൈഡൂര്യത്തിനു മേരി മങ്കവേണു, യമുന റാണി, പുഷ്പരാഗം, ഇന്ദ്ര നീലം എന്നിങ്ങനെ നാലു സഹോദരിമാർ ഉണ്ട്. ഇവരെല്ലാവരും ആന്ധ്ര പ്രദേശിൽ ഗോദാവരി ജില്ലയിലെ അണ്ണ ദേവരപെട്ടയിലാണ് ജീവിച്ചത്.

### രക്ഷ:

ദൈവ ഭക്തിയുള്ള കുടുംബം ആയതിനാൽ മാതാപിതാക്കൾ സാധ്യമായ എല്ലാ മാർഗ്ഗത്തിലൂടെയും അവരെ ആത്മിക പരിപോഷണം നൽകി വളർത്തി. മക്കളെ വേദപുസ്തകം വായിക്കുന്നതിനും ധ്യാനിക്കുന്നതിനും ആവശ്യങ്ങൾക്കായി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നതിനും പഠിപ്പിച്ചു. കുടുംബമായി അവർ ആരാധന യോഗത്തിൽ പതിവായി സംബന്ധിക്കുമായിരുന്നു.

സഹോദരി വൈഡൂര്യം ഒരു നാമധേയ ക്രിസ്ത്യാനിയായിരുന്നു. യേശുവിനെ വ്യക്തിപരമായി അറിഞ്ഞിരുന്നില്ല. ശ്രീ. വിശ്വനാഥ സരിലു തന്റെ ഭവനത്തിൽ പതിവായി കൂട്ടായ്മ യോഗം നടത്തിയിരുന്നു. പ്രസംഗിക്കുന്നതിനായി പുറത്തു നിന്നു ആളുകളെ ക്ഷണിക്കുമായിരുന്നു. അത്തരത്തിലുള്ള ഒരു യോഗത്തിൽ പ്രസംഗകൻ സ്വർഗ്ഗത്തെയും നരകത്തെയും കുറിച്ചു പ്രസംഗിച്ചത് വൈഡൂര്യത്തെ സ്പർശിച്ചു. അവൾ അവളുടെ ജീവിതത്തെ കുറിച്ചു ചിന്തിക്കുവാൻ തുടങ്ങി. അങ്ങനെ അവൾ പാപത്തെ ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അവളുടെ ജീവിതത്തിൽ പ്രത്യക്ഷമായ മാറ്റങ്ങൾ കണ്ടു. അവൾ പതിവായി വേദപുസ്തകം വായിച്ചു ധ്യാനിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സമയം ചിലവിട്ടു. പ്രദേശിക സഭയിലെ കുട്ടികളുടെ ഇടയിലെ പ്രവർത്തനത്തിൽ അവൾ പങ്കാളിയായി. സണ്ടേ സ്കൂൾ അദ്ധ്യാപികയായും പ്രവർത്തിച്ചു.

### ദൈവവേലയിലെ പങ്കാളിത്വം:

അവളുടെ പിതാവ് എല്ലാ മക്കളെയും ദൈവവേലയിൽ പങ്കാളികളാകുവാൻ ഉത്സാഹിപ്പിച്ചിരുന്നു. എല്ലാ ദൈവവേലക്കും വേണ്ടി മദ്ധ്യസ്ഥത ചെയ്തു പ്രാർത്ഥിക്കുന്നതു അവരുടെ പതിവായിരുന്നു. അവരുടെ സമീപ പ്രദേശത്തു നടക്കുന്ന ആത്മീക ഉണർവ്വു യോഗങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുമായിരുന്നു. ഇത് അവരുടെ ഉള്ളിലുള്ള ആത്മീക തീഷ്ണത നിലനിർത്തുന്നതിനും വളരുന്നതിനും സഹായകരമായി. ഭവന കൂട്ടായ്മകളിലും മറ്റു യോഗങ്ങളിലും വൈഡൂര്യം തന്റെ അനുഭവ സാക്ഷ്യം പങ്കുവെക്കുമായിരുന്നു. അങ്ങനെ ചുറ്റുപാടുമുള്ളവരോടു സുവിശേഷം പ്രഘോഷിക്കുന്നതിനു അവൾ ഉത്സാഹിതയായി തീർന്നു. ഒരു പെൺകുട്ടിയായതിനാൽ ദൂരെ സ്ഥലങ്ങളിൽ തനിയെ പോയി ദൈവവേല ചെയ്യുന്നതിനു സാധിച്ചിരുന്നില്ല. സുവി

ശേഷം വേല ചെയ്യുന്നതിനുള്ള അവസരം തുറന്നു ലഭിക്കേണ്ടതിനു അവൾ ദൈവത്തോടു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. വിവാഹത്തിലൂടെ ദൈവം അവളുടെ ആഗ്രഹം സാധിച്ചു കൊടുത്തു.

## വിവാഹ ജീവിതം:

ശ്രീ. വിശ്വനാഥ സരിലു തന്റെ മകൾ വൈഡൂര്യത്തിന്റെ വിവാഹം ക്രമീകരിക്കുന്നതിനു ശ്രമിച്ചു കൊണ്ടിരുന്നു. ഒരുനാൾ അദ്ദേഹം തന്റെ സുഹൃത്തായ പാസ്റ്റർ വിജയനാഗരത്തെ കാണുകയുണ്ടായി. അദ്ദേഹം മകൻ യിസ്രായേലിനു വേണ്ടി ഒരു പെൺകുട്ടിയെ തേടുന്ന സമയമായിരുന്നു. ഇതിനിടയിൽ ശ്രീ. വിശ്വനാഥൻ അദ്ധ്യാപക ജോലി രാജിവെച്ചു ഒരു പാസ്റ്ററായി ദൈവവേല ചെയ്യുവാൻ ആരംഭിച്ചിരുന്നു. അദ്ദേഹം തന്റെ സ്വന്ത സ്ഥലത്തു ഒരു സഭ ആരംഭിച്ചു. 1985 ഏപ്രിൽ 17 ന് ശ്രീ. യിസ്രായേൽ, ശ്രീമതി. വൈഡൂര്യത്തെ വിവാഹം കഴിച്ചു. ദൈവം അവരുടെ കുടുംബ ജീവിതത്തെ മാനിച്ചു 1986 ൽ ഒരു മകനെ നൽകി. അവർ ആ പൈതലിനു ഡാനി ബാബു എന്നു പേർ നൽകി. 1988 ൽ അവർക്കു പെൺകുഞ്ഞിനെ, റെയ്ച്ചൽ ജാസ്മിൻ നൽകി അനുഗ്രഹിച്ചു. ഈ ദമ്പതികൾ ദൈവവേല ചെയ്യുവാൻ ആഗ്രഹിച്ചു. അവർ മിഷനിൽ ചേരുവാൻ തീരുമാനിച്ചു.

## ശുശ്രൂഷ

അവർ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിനെ കുറിച്ചു കേട്ടു. മിഷനിൽ ചേരുന്നതിനായി അപേക്ഷ അയച്ചു. അവരെ ഇന്റർവ്യൂവിനായി വിളിച്ചു. 1989 ഏപ്രിൽ നാലിന് അവരെ മിഷനറിമാരായി തിരഞ്ഞെടുത്തു. 1989 ജൂണിൽ അവരെ ഒരു വർഷത്തെ പരിശീലനത്തിനായി സേലം, ഡാനിഷ്പേട്ടിലുള്ള ബഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലേക്കു അയച്ചു. അവിടെ നിന്നു അവരെ ഉത്തർപ്രദേശിലെ ഗോണ്ടയിലേക്കു ഭാഷ പഠനത്തിനായി അയച്ചു. ഹിന്ദി ഭാഷാ പഠനത്തിനു ശേഷം അവരെ മിഷനറിമാരായി മഹാരാഷ്ട്രയിലെ പാന്ദർക്കാവ്ട മിഷൻ ഫീൽഡിലേക്കു കോളാമി ജനങ്ങളുടെ മദ്ധ്യെ പ്രവർത്തിക്കുന്നതിനായി അയച്ചു. അവിടെ നിന്നു അവർ ജാർഖണ്ഡിൽ ബാരജമ്ട മിഷൻ വയലിലേക്കു പോയി. പിന്നീട് അവർ ഒടിഷയിലേക്കു പോയി ജാഷിപ്പൂരിൽ താമസിച്ചു കൊണ്ട് ചുറ്റുപാടുമുള്ളവരോടു സുവിശേഷം പങ്കുവെച്ചു.

1992 മുതൽ 1995 വരെ ചുരുങ്ങിയ കാലം അവർ ആസ്ഥാന മന്ദിരത്തിലും പ്രവർത്തിച്ചു. ഹിന്ദി സംസാരിക്കുന്ന ജനങ്ങളുടെ മദ്ധ്യെ പ്രവർത്തിക്കണമെന്ന ആഗ്രഹത്താൽ അവർ ഉത്തരേന്ത്യയിലെ ഉത്തർപ്രദേശിലേക്കു പോയി. പൊക്കറായൻ, റൂറ എന്നീ മിഷൻ വയലുകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു അതിനു ചുറ്റുപാടുമുള്ളവരോടു സുവിശേഷം പങ്കുവെച്ചു. 1998 ൽ ദൈവം അവർക്കു മൂന്നാമത്തെ മകൾ ഫ്ളോറൻസിനെ നൽകി അനുഗ്രഹിച്ചു. അവിടെ നിന്നു 1999 ൽ അവർ കൊൽക്കത്തയിൽ വന്നു മൊബലൈസേഷൻ പ്രവർത്തനത്തിന്റെ ചുമതല ഏറ്റെടുത്തു. 2003 ൽ അവർ ആന്ധ്ര പ്രദേശിലെ അഡിലബാദിൽ വന്നു മൊബലൈസേഷൻ പ്രവർത്തനം തുടർന്നു. മിഷൻ പ്രവർത്തനത്തിനായി പ്രാർത്ഥിക്കുന്നതിനും കൊടുക്കുന്നതിനു ക്രിസ്ത്യാനികളെ ഉത്സാഹിപ്പിക്കുക എന്നതായിരുന്നു അവരുടെ പ്രധാന തൊഴിൽ. അവർ ധാരാളം പ്രാർത്ഥനക്കൂട്ടങ്ങളും സ്പോൺസറിംഗ് കൂട്ടങ്ങളും രൂപീകരിച്ചു.

## അവസാന നാളുകകൾ:

സഹോദരി വൈഡൂര്യം പ്രമേഹ രോഗത്താൽ കഷ്ടപ്പെട്ടിരുന്നു. അത് വൃക്കയുടെ പ്രവർത്തനത്തെ ബാധിച്ചതിനെ തുടർന്നു ചികിത്സക്കു വിധേയയായി. തുടർന്നു അവൾക്കു കോശജ്വലനം (cellulites) എന്ന രോഗവും രണ്ടു കാലിലും പിടിപെട്ടു. തന്നിമിത്തം അവൾക്കു ജോലി ചെയ്യുന്നതിനും നടക്കുന്നതിനും പ്രയാസമായി. 2012 ൽ അവളെ നന്ദിയാൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടുത്തെ ചികിത്സ പ്രയോജനപ്പെട്ടില്ല. അതിനാൽ അവർ സർക്കാർ ആശുപത്രിയിലേക്കു പോയി. അവളുടെ കാലിൽ നാലു ശസ്ത്രക്രീയ

# ബാസൗലി സഭാ ചരിത്രം



## ബാർത്താന മിഷൻ വയൽ, കാൺപൂർ റീജിയൻ നോർത്തേൺ സോൺ

### ആരംഭം മുതൽ ജൂൺ 2019 വരെ

*തയ്യാറാക്കിയത്*
*ശ്രീമതി. ആഗ്നസ് എഡ്വേർഡ്*

ഉത്തർപ്രദേശിൽ ഔറയ്യ ജില്ലയിൽ ബിദുന താലൂക്കിലുള്ള ബാസൗലി 1208 കുടുംബം പാർക്കുന്ന വലിയ ഒരു ഗ്രാമമാകുന്നു. ഉത്തർപ്രദേശുമായി തുലനം ചെയ്യുമ്പോൾ ബാസൗലിയിലെ സാക്ഷരത നിരക്ക് ഉയർന്നിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയിലെ പഞ്ചായത്ത് രാജ് നിയമ പ്രകാരം ബാസൗലി ഗ്രാമത്തിന്റെ ഭരണം ഗ്രാമീണരാൽ തിരഞ്ഞെടുക്കുന്ന സർപഞ്ച് (ഗ്രാമത്തലവൻ) ആണ് നടത്തുന്നത്. ഈ ഗ്രാമത്തിലെ അധിക പങ്കു ആളുകളും പട്ടിക ജാതിക്കാർ ആകുന്നു. ഇവിടുത്തെ ജനങ്ങളിൽ 2165 പേർ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു.

### നമ്മുടെ ശുശ്രൂഷയുടെ ആരംഭം

1990 ൽ ജിൻജാക്ക് മിഷൻ ആരംഭിച്ചു. ഇവിടുത്തെ ആദ്യ മിഷനറി ജെ. ജേക്കബ് ആകുന്നു. ചില മാസങ്ങൾക്കു ശേഷം ശ്രീ. രമേശ് ക്രിസ്റ്റ്യൻ, ജെ ജേക്കബിന്റെ കൂടെ പ്രവർത്തിക്കുന്നതിനായി കടന്നു വന്നു. ജിൻജക് മിഷനറി ശ്രീ. അമിർകാന്ത് ദിഗാളിന്റെയും കുടുംബത്തിന്റെയും പ്രവർത്തന കാലഘട്ടമായ 2013 ലാണ് ബാസൗലി ആരാധനക്കൂട്ടം ആരംഭിക്കുന്നത്. ബാസൗലി ആരാധനക്കൂട്ടത്തിൽ ആദ്യമായി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചത് പരേതനായ തുളസിറാമും അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി. മോർശ്രീയും മക്കളും ആകുന്നു.

---

ചെയ്തു. പ്രമേഹ രോഗം വൃക്കയെ ബാധിച്ചു. കാലിലുണ്ടായ കോശജ്വലനം തുടങ്ങിയ രോഗങ്ങൾ നിമിത്തം അവൾ ക്ഷീണിതയായി. 2012 ജനുവരി 14 ന് അവളുടെ സ്ഥിതി ഗുരുതരമായി. നൽകിയ ചികിത്സകൾ ഒന്നും പ്രയോജനപ്പെട്ടില്ല. 2012 ജനുവരി 15 ന് അവൾ നിത്യതയിലേക്കു പ്രവേശിച്ചു.

ദയവായി റവ. യിസ്രായേലിനെയും മൂന്നു മക്കളെയും നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുക. റവ. യിസ്രായേൽ നന്ദിയാലിൽ മൊബലൈസേഷൻ പ്രവർത്തനം തുടരുന്നു.

*– റവ. ഡോ. ഇ രാജൻ*

## ശ്രീമതി മോർശ്രീ അവളുടെ സാക്ഷ്യം വിവരിക്കുന്നു



ഞാൻ ബാസൗലി ഗ്രാമത്തിൽ പാർക്കുന്നു. അടിക്കടി എനിക്കു രോഗം വരുമായിരുന്നു. ഞങ്ങൾ ധാരാളം പണം ചികിത്സക്കും മറ്റുമായി ചില വിട്ടു. എല്ലാം വ്യർത്ഥമായി. ഒരു ദിവസം ഞങ്ങളുടെ ബന്ധുക്കളിൽ ഒരാൾ ഞങ്ങളെ സന്ദർശിച്ചു. എന്റെ ഭർത്താവ് പരേതനായ തുളസിറാം എന്റെ രോഗാവസ്ഥയെ കുറിച്ചു അവരോടു പങ്കുവെച്ചു. ഞങ്ങളുടെ ബന്ധു യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് തുളസിപ്പൂർ ഗ്രാമത്തിലെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. അദ്ദേഹം ഞങ്ങളോടു തുളസിപ്പൂറിലെ ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ ആവശ്യപ്പെട്ടു. അങ്ങനെ ഞങ്ങൾ ആ ആരാധനയിൽ സംബന്ധിക്കുവാനായി പോയി. ആ യാത്രയിൽ ഞങ്ങൾക്കു പല പ്രയാസങ്ങൾ ഉണ്ടായി. പെട്ടെന്നു ഒരു പാമ്പ് ഞങ്ങളുടെ നേരെ വന്നു. അല്പം കഴിയുമ്പോൾ അവിടെ തീപിടുത്തം ഉണ്ടാകുന്നു. പല പ്രാവശ്യം തിരികെ പോയാലോ എന്നു ചിന്തിച്ചു. എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞങ്ങൾ തുളസിപ്പൂർ ഗ്രാമത്തിൽ എത്തിച്ചേർന്നു. എനിക്കു വേണ്ടി അവിടെ പ്രാർത്ഥന നടത്തി. ദൈവം എനിക്കു സമ്പൂർണ്ണ സൗഖ്യം നൽകി. ദൈവത്തിനു സ്തോത്രം.

തുളസിപ്പൂർ ഗ്രാമത്തിൽ ഒരു സ്വതന്ത്ര ദൈവവേലക്കാരനായ അരുൺ കുമാർ എന്ന പാസ്റ്ററാണ് ആരാധന യോഗത്തിനു നേതൃത്വം നൽകിയത്. ശ്രീ. തുളസിറാമിന്റെ കുടുംബത്തിലൂടെ ബാസൗലി ഗ്രാമത്തിൽ അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും തുളസിപ്പൂർ സഭയിലെ ആരാധനയോഗത്തിൽ സംബന്ധിക്കുകയും ചെയ്യുന്നു. യേശുവിനെ രക്ഷിതാവായി സ്വീകരിച്ച ചിലരുടെ സാക്ഷ്യം ചുവടെ രേഖപ്പെടുത്തുന്നു.

## ശ്രീ. ദരം ലാൽ സാക്ഷ്യം വിവരിക്കുന്നു



ഞാൻ ബാസൗലി ഗ്രാമത്തിൽ പാർക്കുന്ന ദരംലാൽ ആകുന്നു. ഞാൻ റേഡിയോയിലൂടെയാണ് യേശുവിനെ കുറിച്ച് കേട്ടത്. ഞാൻ യേശുവിൽ വിശ്വസിച്ചു. എന്നാൽ യേശുവിനെ കുറിച്ചു എനിക്കു കൂടുതൽ ഒന്നും അറിയില്ലായിരുന്നു. എന്റെ ഹൃദയത്തിന്റെ ആഴത്തിൽ യേശുവിനെ കുറിച്ചു കൂടുതൽ അറിയുവാൻ ദാഹിച്ചിരുന്നു. എന്റെ ഗ്രാമത്തിലുള്ള ശ്രീ. തുളസിറാമും ശ്രീ. കമൽ കിഷോറും വിശ്വാസികളായിരുന്നു. അവർ യേശുവിനെ കുറിച്ചു എന്നോടു പറഞ്ഞു. അവർ എന്നെ തുളസിപ്പൂർ ഗ്രാമത്തിലെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനായി ക്ഷണിച്ചു. ഒന്നല്ലെങ്കിൽ മറ്റൊരു കാരണത്താൽ രണ്ടാഴ്ച എനിക്കു ആരാധനക്കു

പോകുവാൻ സാധിച്ചില്ല. എന്നാൽ മൂന്നാമത്തെ ആഴ്ച എന്തു വന്നാലും ആരാധനയിൽ സംബന്ധിക്കുന്നതിനു തീരുമാനിച്ചു. ആരാധനയുടെ തലെ ദിവസം എന്റെ കാലിൽ ഗുരുതരമായ മുറിവ് ഉണ്ടായി. എന്നിട്ടും ആരാധന യിൽ സംബന്ധിക്കുന്നതിനു ഞാൻ തീരുമാനിച്ചു. വേദന സഹിച്ചു ഒരു സൈക്കിളിൽ തുളസിപ്പൂറിലേക്കു ഞാൻ പോയി. ആരാധന വേളയിൽ നാലു പേർ ചേർന്നു പൈശാചിക ബന്ധനത്തിലുള്ള ഒരു സ്ത്രീയെ കൂട്ടിക്കൊണ്ടു വന്നു. അവൾ ഇരിക്കുന്ന അവസ്ഥയിലായിരുന്നു. അവൾക്കു സ്വയം നിൽക്കുവാൻ കഴികയില്ലായിരുന്നു. പ്രാർത്ഥനയെ തുടർന്നു ദൈവം അവളെ സൗഖ്യമാക്കി. അവൾ സന്തോഷത്തോടെ ഭവനത്തിലേക്കു നടന്നു പോയി. ഈ സംഭവം എന്നിൽ ചലനമുണ്ടാക്കി. യേശു സത്യ ദൈവമാണെന്നു ഞാൻ മനസ്സിലാക്കി. 2012 ൽ തുളസിപ്പൂർ സഭയിലെ അംഗമായി ചേർന്നു.

**ശ്രീ. പ്രതാപ് സിങ്**
**സാക്ഷ്യം വിവരിക്കുന്നു.**



ഞാൻ ബാസൗലി ഗ്രാമത്തിൽ വസിക്കുന്ന പ്രതാപ് സിങ് ആകുന്നു. ശ്രീ. തുളസിറാം, ശ്രീ. കമൽ കിഷോർ ഞങ്ങളുടെ ഗ്രാമത്തിലെ വിശ്വാസികളാകുന്നു. അവർ തുളസിപ്പൂർ ഗ്രാമത്തിലെ ആരാധനയോഗത്തിൽ സംബന്ധിക്കുന്നു. അവരോടൊപ്പം എന്റെ മകളും കടന്നു പോയി ആരാധനയിൽ സംബന്ധിക്കുകയും അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. ഒരു ദിവസം അവൾ എന്നെ തുളസിപ്പൂറിലേക്കു വിളിച്ചു. അങ്ങനെ ഞാനും അവളുടെ കൂടെ പോയി. അവിടെ വെച്ചു ഞാൻ യേശുവിനെ കുറിച്ചു കേട്ടു. യേശു ഏക സത്യദൈവമെന്നു ഞാൻ മനസ്സിലാക്കി. ഒരു വേദ വാക്യത്തിലൂടെ ഞാൻ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. കുറച്ചു നാൾ കഴിഞ്ഞ് എന്റെ ഗ്രാമത്തിലുള്ള ചിലരുടെ കൂടെ ഞാൻ സഭയിലെ അംഗമായി തീർന്നു. എനിക്കു പാർക്കുന്നതിനു നല്ലൊരു വീടില്ലായിരുന്നു. ഒരു വീട് പണിയുന്നതിനു എന്നെ സഹായിക്കുവാൻ ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം എന്റെ പ്രാർത്ഥന കേട്ടു നാലു മുറികളുള്ള നല്ലൊരു വീടു പണിയുവാൻ ദൈവം എന്നെ സഹായിച്ചു. അതു കൂടാതെ എന്റെ ബന്ധുക്കളോ ഗ്രാമീണരോ പ്രശ്നങ്ങളിലൂടെ കടന്നു പോകുമ്പോൾ ഞാൻ അവർക്കു വേണ്ടി യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കും. ദൈവം എന്റെ പ്രാർത്ഥന കേട്ടു അവരുടെ പ്രശ്നങ്ങളിൽ നിന്നു അവരെ വിടുവിച്ചു. എന്നിലൂടെ ബിധുനായിലുള്ള എന്റെ ബന്ധുക്കളിൽ പത്തിലധികം പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

**ദയാവന്തി**



ബാസൗലി ഗ്രാമത്തിൽ പാർക്കുന്ന വളാകുന്നു ശ്രീമതി. ദയാവന്തി. തുള സിറാമിന്റെ കുടുംബത്തിലൂടെയാണ് അവൾ യേശുവിനെ അറിഞ്ഞത്. അവളുടെ മകൾ പൈശാചിക ബന്ധനത്തിലായിരന്നു. അതു നിമിത്തം മുഴു കുടുംബവും കഷ്ടത്തിലായിരുന്നു. ശ്രീമതി. ദയാവന്തിയും അവളുടെ മകളും തുളസിപ്പൂർ ഗ്രാമത്തിലെ ആരാധനയിൽ സംബന്ധിക്കുവാനായി പോയി. അവിടെ വെച്ചു അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും 2012 ൽ സഭയിലെ അംഗമാകുകയും ചെയ്തു. എന്നാൽ പൈശാചിക ശക്തി അവളെ ഉപദ്രവിച്ചു കൊണ്ടിരുന്നു. ഒടുവിൽ 2018 ൽ അവൾ മരണത്തിനു കീഴടങ്ങി. ദയാവന്തിയുടെ വിശ്വാസത്തിൽ അല്പം ചാഞ്ചാട്ടം ഉണ്ടായെങ്കിലും രണ്ടു മാസം കഴിഞ്ഞപ്പോൾ അവൾ വീണ്ടും ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. ഇപ്പോൾ അവൾ ഉറച്ച വിശ്വാസിയാകുന്നു. അവൾ കണ്ണുനീരോടെ പറയും യേശു അവൾക്കു എല്ലാം എല്ലാമാകുന്നു. ജീവിച്ചാലും മരിച്ചാലും എനിക്കു എല്ലാം യേശുവാകുന്നു. അവൾ സഭ നടപടികളിൽ സജീവ പങ്കാളിത്വം വഹിക്കുന്നു.

തുളസി റാം കുടുംബം, പ്രതാപ് സിങ് കുടുംബം,, ശ്രീ. ഗാൻസി കുടുംബം, ശ്രി. ധരം ലാൽ കുടുംബം, ശ്രീമതി ദയാവന്തി കുടുംബം എന്നിവർ തുളസിപ്പൂർ ഗ്രാമത്തിൽ 2012 ൽ സ്വതന്ത്ര ദൈവവേലക്കാരനായ പാസ്റ്റർ അരുൺകുമാർ നേതൃത്വം നൽകുന്ന ആരാധനക്കൂട്ടത്തിൽ ചേർന്നു. ബാസൗളി ഗ്രാമവും തുളസിപ്പൂർ ഗ്രാമവും തമ്മിൽ 20 കിലോമീറ്റർ ദൂരമുള്ളതിനാൽ പാസ്റ്റർ വിശ്വാസികളെ സന്ദർശിക്കുന്നതു നിർത്തി. FMPB സ്വദേശ സുവിശേഷകൻ സുനിൽ കുമാർ അച്ചൈദ ഇടത്താവളത്തിൽ ദൈവവേല ചെയ്തു വരികയായിരുന്നു. അച്ചൈദ ഇടത്താവളത്തിലേക്കു ബാസൗലിയിൽ നിന്നും മൂന്നു കീലോമീറ്റർ ദൂരമേ ഉള്ളു. അതിനാൽ ബാസൗലി ഗ്രാമത്തിലെ വിശ്വാസികളിൽ ഒരാളായ ശ്രീ. കമൽ കിഷോർ നമ്മുടെ പ്രാദേശിക സുവിശേഷകനായ സുനിൽ കുമാറിനെ പോയി കണ്ടു. 2013 ൽ ബാസൗലി ഗ്രാമത്തിലുള്ള എല്ലാ വിശ്വാസികളും FMPB യിൽ ചേർന്നു. ആരംഭത്തിൽ സ്വതന്ത്ര പാസ്റ്റർ എതിർത്തെങ്കിലും വിശ്വാസികൾ നമ്മോടു ചേരുന്നതിനുള്ള താൽപര്യം പ്രകടിപ്പിച്ചു.

## സഭയുടെ വളർച്ച

2013 ൽ ബാസൗലി ഗ്രാമത്തിലെ ശ്രീ. തുളസിറാമിന്റെ ഭവനത്തിൽ വെച്ചു പ്രാദേശിക സുവിശേഷകൻ ശ്രീ സുനിൽ കുമാർ ആരാധന യോഗം ആരംഭിച്ചു. സമീപ ഗ്രാമങ്ങളിൽ നിന്ന് അനേകർ ഈ ആരാധന യോഗങ്ങളിൽ സംബന്ധിക്കുവാൻ തുടങ്ങി. ജനങ്ങളുടെ ജീവിതത്തിൽ ദൈവം ചെയ്ത അത്ഭുതങ്ങളാലും അടയാളങ്ങളാലും ബാസൗലി സഭ വളർന്നു കൊണ്ടിരുന്നു.

## ദൈവാലയ വസ്തു

ആരാധന യോഗം വിശ്വാസിയായ തുളസിറാമിന്റെ ഭവനത്തിലാണ് നടത്തി വന്നിരുന്നത്. ആരാധനയിൽ പങ്കെടുക്കുന്നവരുടെ എണ്ണം വർദ്ധിച്ചതിനാൽ എല്ലാവർക്കു ഇരിക്കുവാൻ സ്ഥലം പോരാതെ വന്നു. തുളസി റാം താൻ വസിക്കുന്ന ഭവനത്തിന്റെ പ

കുതി ഭാഗം ദൈവാലയത്തിനു നൽകുവാൻ തീരുമാനിച്ചു. ദൈവാലയ വസ്തുവിന്റെ അളവ് 18X45 ആകുന്നു.

## ദൈവാലയ നിർമ്മാണം

നമ്മുടെ മിഷനറി ശ്രീ. ക്ലമന്റ് ബാക്കിയരാജയുടെയും ശ്രീ. തുളസിറാമിന്റെയും കാലത്താണ് ബാസൗലി ദൈവാലയം നിർമ്മിച്ചത്. കോയമ്പത്തൂർ സ്വദേശിയായ ശ്രീ. ഡേവിഡ് 29.11.2014 -ൽ ദൈവാലയത്തിന്റെ അടിസ്ഥാന ശിലയിട്ടു. ഈ ദൈവാലയ നിർമ്മാണ കാലത്തു എതിർപ്പുകളൊന്നുമില്ലായിരുന്നു. ദെവാലയത്തിന്റെ വലിപ്പം 18X45 ആകുന്നു. ഈ ദൈവാലയ നിർമ്മാണത്തിനാവശ്യമായ പണം നൽകിയ ട്രിച്ചിയിലെ ശ്രീ. പാക്കിയ രാജ് ദൈവനാമ മഹത്വത്തിനായി ഈ ദൈവാലയം 10.5.2015 ൽ സമർപ്പിച്ചു.

## സഭയുടെ പ്രവർത്തനവും ചില വിവിരങ്ങളും

ശ്രീ. അമൃത് കാന്ത് ഡിഗാൽ, ശ്രീ. ക്ലമന്റ് പാക്കിയരാജ്, ശ്രീ. സുരേഷ് മാൾട്ടോ എന്നീ മിഷനറിമാർ കുടുംബമായി ഈ ബാസൗലി സഭയിൽ ശുശ്രൂഷ ചെയ്തു.

## തിരുവത്താഴ ശുശ്രൂഷ

എല്ലാ മാസത്തിന്റെയും ആദ്യ ഞായറാഴ്ചയിൽ തിരുവത്താഴ ശുശ്രൂഷ നടത്തുന്നു. പ്രാദേശിക സുവിശേഷകൻ തിരുവത്താഴ ശുശ്രൂഷക്കു നേതൃത്വം നൽകുന്നു.

## സുവിശേഷീകരണ പ്രവർത്തനം

വിശ്വാസികൾ പ്രദേശിക സുവിശേഷകന്റെ കൂടെ സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുന്നു. വിശ്വാസികൾ തങ്ങളുടെ അനുഭവസാക്ഷ്യം മറ്റുള്ളവരുമായി പങ്കുവെക്കുന്നു. വിശ്വാസികളുടെ സഹായത്തോടെ സമീപ ഗ്രാമമായ സോണി അഡ്ഡ, ഉജ്ജൈൻ അപുർവ തുടങ്ങിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.

## പ്രാർത്ഥനക്കൂട്ടങ്ങൾ

ബാസൗലി സഭയിൽ അഞ്ചു പ്രാർത്ഥനക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സുനൗലി, ഭോപാൽപൂർ, ഭാഗൽപൂർ, ഉജ്ജൈൻ അപുർവ, മാലൗസി എന്നീ ഗ്രാമങ്ങളിലാണ് ഈ പ്രാർത്ഥനക്കൂട്ടങ്ങൾ ഉള്ളത്.

## ആരാധനയിൽ പങ്കെടുക്കുന്നവർ

ഞായറാഴ്ച ആരാധനയിൽ 60 - 70 പേർ പങ്കെടുക്കുന്നു. പ്രാദേശിക സുവിശേഷകൻ ആരാധന യോഗങ്ങൾക്കു നേതൃത്വം നൽകുന്നു.

## സഭയുടെ ശക്തിയും പിന്മാറ്റവും

ബാസൗലി സഭയിൽ ആകെ അംഗങ്ങൾ 96 ആകുന്നു. ഈ സഭയിൽ പിന്മാറ്റക്കാർ ആരുമില്ല. ഈ സഭയിലെ 96 പേരിൽ പ്രായമായ ചിലർ തുളസിപ്പൂറിലെ സ്വതന്ത്ര ദൈവവേലക്കാരനായ പാസ്റ്ററിലൂടെ രക്ഷിക്കപ്പെട്ട് പിന്നീട് FMPB യോടു ചേർന്നു ഈ സഭയിലെ അംഗത്വമെടുത്തവരാകുന്നു.

ദൈവത്തിനു സ്തോത്രം -

- ഈ മിഷൻ വയലിൽ അദ്ധ്വാനിച്ചു ആത്മാക്കളെ നേടിയ മിഷനറിമാർക്കായി ദൈവത്തെ സ്തുതിക്കാം.
- മറ്റുള്ളവരോടു സുവിശേഷം പങ്കുവെക്കുന്ന വിശ്വാസികൾക്കായി ദൈവത്തെ സ്തുതിക്കാം.

## പിന്തുടരേണ്ട കാൽപാടുകൾ



# നെഹമിയ ഗോറെ

**എന്റെ പരിവർത്തനം ഒരു ഭ്രാന്താണെങ്കിൽ ഭ്രാന്തനാകുന്നത് അനുഗ്രഹമാകുന്നു.**

ബ്രിട്ടീഷ് ഭരണ കാലത്ത് ഉന്നതകുല ജാതർ അനുഭവിച്ച അനേക ഗുണങ്ങളിൽ ശ്രേഷ്ഠമായതാണ് സാക്ഷരത. അവരിൽ ചിലർ ക്രിസ്ത്യാനിയാകുന്നതിനു ഇതു കാരണമായി. മറ്റുള്ളവരുമായി യൂറോപ്യൻ മിഷനറിമാർ ക്രിസ്തീയ ആശയങ്ങൾ ചർച്ച ചെയ്യുന്നതിനു സംസ്കൃത ഭാഷ ഉപയോഗിച്ചത് കൂടുതൽ പ്രാധാന്യമർഹിക്കുന്നു. വേദപുസ്തക തർജ്ജിമ ചെയ്യുന്നതിനും നിഘണ്ടു ഉണ്ടാക്കുന്നതിനും ഭാഷയെ ക്രിസ്തീയവത്കരിച്ചപ്പോൾ ശക്തമായ മതപരമായ ഒരു കൈമാറ്റം കൂടി സംഭവിച്ചു. ഇത് ഇന്ത്യൻ ക്രിസ്തീയതയുടെ ശക്തമായ വേദശാസ്ത്ര ചിന്തകരിൽ ചിലരെ ക്രിസ്തീയ വിശ്വാസത്തിലേക്കു കൊണ്ടു വന്നു. ആ സംഘത്തിലെ ശ്രേഷ്ഠനായ ഒരാളായിരുന്നു നെഹമിയ ഗോറെ.

വരാണാസിയിലെ ഒരു പരമ്പരാഗത ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച നിലകാന്ത ഗോറെ ഹൈന്ദവ ശാസ്ത്രങ്ങളിൽ നല്ല പ്രാവണ്യം നേടിയ വ്യക്തിയായിരുന്നു. വർണാസിയിൽ സജീവമായി മിഷനറി പ്രവർത്തനം ചെയ്തു വന്ന മിഷനറിമാരെ അവിടെ നിന്നു തുരത്തി ഓടിക്കുന്നതിനു പ്രതിജ്ഞയെടുത്തു പ്രവർത്തിച്ചു. മിഷനറി പ്രവർത്തനം ഇല്ലാതാക്കുന്ന പ്രവർത്തനത്തിൽ ആവേശം ഉൾക്കൊണ്ട സമാന ചിന്താഗതിക്കാരായ ഒരു കൂട്ടം ആളുകൾ ആവേശഭരിതരായി തന്നോടൊപ്പം നിന്നു. അദ്ദേഹം വളരെ തന്ത്രപരമായി മിഷനറിമാരോടു വാദിച്ചു അവർ തെറ്റാണെന്നു സമർത്ഥിക്കുവാൻ ശ്രമിച്ചു. ഇതിനായി ഗോറെ വേദപുസ്തകം വായിക്കുവാൻ തുടങ്ങി. വാദത്തിനു വേണ്ടിയാണ് വേദപുസ്തകം വായിച്ചതെങ്കിലും ജീവനുള്ള ദൈവ വചനം അദ്ദേഹത്തിന്റെ ഉള്ളിൽ പ്രവർത്തിക്കുവാൻ തുടങ്ങി. ഒരിക്കൽ യേശുക്രസ്തുവിന്റെ പർവ്വത പ്രസംഗം വായിച്ചു കൊണ്ടിരുന്നപ്പോൾ ദൈവ വചനം ഗോറയുടെ ഹൃദയത്തെ തൊട്ടു.

ഈ അത്ഭുതകരമായ പ്രഭാഷണം അദ്ദേഹത്തിന്റെ ഹൃദയത്തെ ഇടിച്ചു തകർത്തു, ഹൃദയത്തിനുള്ളിലുണ്ടായ ദീർഘമായ പോരാട്ടത്തിനൊടുവിൽ യേശുവിൽ തന്റെ ജീവതത്തെ സമർപ്പിച്ചു. 1848 മാർച്ച് നാലിനു ജൗൻപൂറിൽ ജ്ഞാന സ്നാനമേറ്റതിനെ തുടർന്നു അദ്ദേഹം തന്റെ പേര് നെഹമിയ എന്നു മാറ്റി. വാർണാസിയി

ലേക്കു മടങ്ങി വന്ന നെഹമിയ (നില കാന്തയുടെ ക്രിസ്തിയ നാമം) തന്റെ 23 -ാം വയസ്സിൽ തനിക്കു സാമൂഹ്യ മരണം സംഭവിച്ചെന്നു മനസ്സിലാക്കി. എന്നാൽ പരിശുദ്ധാത്മാവിന്റെ സഹായത്താൽ ആത്മീകമായ രൂപാന്തരീകരണം സംഭവിച്ചു. സമസ്ത മേഖലയിൽ നിന്നും വിമർശനങ്ങളും ഭീഷണികളും വന്നെങ്കിലും നെഹമിയ ഗോറെ വിശ്വാസത്തിൽ ഉറച്ചു നിന്നു. തന്റെ പരിവർത്തനത്തെ കുറിച്ചു അദ്ദേഹം തന്റെ വിമർശകരോടു പറഞ്ഞു, "ക്രിസ്ത്യാനിയാകുന്നത് തിന്നുകയും കുടിക്കയും ചെയ്യുന്നതല്ല. പിന്നെ ഏകസത്യദൈവത്തെ ആത്മാവിലും താഴ്മയിലും ആരാധിക്കുന്നതാണ്."

മിഷനറിമാർ തന്നെ വിശ്വാസ ത്യാഗത്തിനു പ്രേരിപ്പിച്ചു എന്ന ആരോപണത്തിനും അദ്ദേഹം സഹിച്ച പൊതുജനങ്ങളുടെ സമർദ്ദനത്തിനും മറുപടിയായി ഏറെക്കുറെ ആരോചകമായി തോന്നുന്ന ഒരു നിഷേധം നൽകി, "എന്റെ പരിവർത്തനം ഒരു ഭാന്താണെങ്കിൽ ഭ്രാന്തനാകുന്നത് ഒരു അനുഗ്രഹമാകുന്നു." ആരംഭ നാളുകളിൽ പരസ്യമായി തന്റെ സാക്ഷ്യം പറയുന്നതിനു ലജ്ജിച്ചിരുന്നു. പരിശുദ്ധാത്മാവിന്റെ സഹായത്തോടെയും കാൽവറി ക്രൂശിലെ അത്യന്ത ശക്തിയാലും സുവിശേഷം ശക്തമായി പങ്കുവെക്കുന്നത് അദ്ദേഹം പഠിച്ചു. ലളിത ജീവിതം നയിച്ച് ദരിദ്രരോടു സുവിശേഷം പറഞ്ഞു അദ്ദേഹം തന്റെ ശുശ്രൂഷ ആരംഭിച്ചു. വേദപുസ്തക സത്യങ്ങൾ വ്യക്തതയോടെ പ്രയോജനകരമായി അവർക്കു മനസ്സിലാക്കി കൊടുത്തു. അദ്ദേഹത്തിന്റെ സുവിശേഷീകരണ ശൈലി ജനങ്ങൾക്കു ഇഷ്ടമായി. ക്രിസ്തീയ ആത്മീയതയും പൂർവ ക്രിസ്തീയ ആത്മീയതയും തമ്മിൽ സമന്വയിപ്പിക്കുവാനുള്ള ഗോറയുടെ കാവ്യത്മാക കഴിവിനെ കുറിച്ചു മറാഠി ക്രിസ്ത്യാനികളുടെ സാക്ഷ്യം അദ്ദേഹത്തിന്റെ അക്രൈസ്തവ പാരമ്പര്യത്തെ സ്ഥിരീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു.

തർക്കിച്ചു സാധൂകരിക്കുന്ന ദൈവശാസ്ത്രത്തിൽ ഗോറെ സമർത്ഥിക്കുന്നത് സൃഷ്ടിപ്പിൽ എക്സ് നിഹിലോ പ്രധാനപ്പെട്ട ദൈവശാസ്ത്രമാകുന്നു. ബൈബിളേതര തത്വചിന്തകളിലെല്ലാം ലോകം അനാദിമുതൽ നിലനിന്നിരുന്നു അതുപോലെ അതിന് അത്യന്തികമായ ഭൗതിക കാരണവുമുണ്ട്. അതുപോലെ അതിലൊന്നിലും ദൈവം സർവ്വശക്തനാണെന്ന യാഥാർത്ഥ്യം മനസ്സാലിക്കിയിരുന്നില്ലെന്നു ഗോറെ മനസ്സിലാക്കി. ഒന്നുമില്ലായ്മയിൽ നിന്നും സകലത്തെയും ഉരുവാക്കിയെന്ന വേദപുസ്തക വിവരണം മാത്രമേ ദൈവത്തെ പൂർണ്ണ പരമാധികാരിയാക്കുന്നുള്ളു. ലോകം ഒരു മിഥ്യയാകുന്നു എങ്കിൽ ദൈവത്തന്റെ ശക്തിയും അധികാരവും യാഥാർത്ഥ്യമല്ല. ലോകം മിഥ്യയാണെന്നും മായയാണെന്നും അതേ സമയം ലോകം ദൈവമാണെന്നും പറയുന്ന യുക്തസഹമായ പൊരുത്തക്കേടാണ് അക്രൈസ്തവ വ്യവസ്ഥിതിയുടെ അന്തിമ പരാമർശം എന്നു അദ്ദേഹം വാദിച്ചു. അതുകൊണ്ട് ചിന്തിക്കുന്ന മനുഷ്യർ ഇതു തള്ളിക്കളയുമെന്നു ഗോറെ വാദിച്ചു.

രക്ഷയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയവും കുറ്റമറ്റ യാഥാസ്ഥിതികമാകുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പാപത്തിന്റെ ശക്തിയാൽ മനുഷ്യരുടെമേൽ വരുന്ന മഹാക്രോധത്തിൽ നിന്നുള്ള രക്ഷ പൂർണ്ണ

മായും ദൈവകൃപയാൽ ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലുള്ള വിശ്വസത്താൽ ലഭ്യമാകുന്നു. ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു നമുക്കു പകരമായി നമ്മുടെ പാപങ്ങളുടെ പരിഹാരമായി ഒരിക്കലായി പൂർണ്ണമായ മതിയായ ബലിയായി തീർന്നു. ക്രിസ്തുവിന്റെ മരണത്തിലൂടെ സഭയെന്ന നിലയിൽ ദൈവത്തിന്റെ സ്വഭാവത്തിന്റെ പങ്കാളിയായി തീരുന്നു – അല്ലാതെ അത്മാവിനെ ദൈവവുമായി തിരിച്ചറിയുന്ന അദ്ദേഹത്തിന്റെ പഴയ പരമ്പരാഗത വിശ്വാസം പോലെയല്ല. ഇത്തരത്തിലുള്ള തിരിച്ചറിയൽ യാഥാർത്ഥത്തിൽ മനുഷ്യന്റെ പാപ പ്രകൃതത്തെ കുറിച്ചോ ദൈവത്തിന്റെ വിശുദ്ധിയെ കുറിച്ചോ ശരിയായ ധാരണയാണോ ഉള്ളത് എന്നു ചോദിക്കുന്നതിനു ഗോറ ധൈര്യം കാണിച്ചു.

പാപം ധാർമ്മികമായി തിന്മയാണെന്നു തോന്നിയതിനാൽ നിത്യ ശിക്ഷാവിധി എന്ന ആശയത്തെ വേദപുസ്തകം ഉപയോഗിച്ചു ഗോറ പ്രതിരോധിച്ചു. ഇത് സത്യമല്ലെങ്കിൽ പുണ്യ പ്രവർത്തി ധാർമ്മീകമായി നല്ലതെന്നു കരുതാനാവില്ല. ധാർമ്മീകമായി നന്മയെന്നതും ധാർമ്മീകമായി തിന്മയെന്നതും വാസ്തവമല്ലെങ്കിൽ മതത്തിനു അടിസ്ഥാനമില്ല. ഈ അനുമാനന്യായം അംഗീകരിക്കുകയാണെങ്കിൽ ഇവിടെ മതമില്ല. ചില പ്രവർത്തികൾ പ്രതിഫലമോ ശിക്ഷയോ അർഹിക്കുന്നു എന്നു അവനു തോന്നുന്നത് അവബോധജന്യമാണെന്നു ഗോറക്കു തോന്നി. ഗോറയുടെ ചിന്തയെന്തന്നാൽ ഒരു മനുഷ്യനു ധാർമ്മികമായി നല്ലവനാകുവാൻ കഴിയുന്നിടത്തോളം ധാർമ്മീക പുരോഗതി കൈവരിക്കുവാൻ കഴിയുമെങ്കിൽ ഒരു വ്യക്തിക്കു സദ്ഗുണത്തിൽ കുറവുണ്ടാകുവാനും അങ്ങനെ ധാർമ്മീകമായി അധപതിച്ചു പൂർണ്ണ തിന്മയാകുവാനും സാധ്യമാണെങ്കിൽ ദൈവം അവനോടു ക്ഷമിക്കുക എന്ന ദൈവീത്തിന്റെ പങ്കിനു ന്യായമില്ല, പക്ഷേ ദൈവം അവനെ നിത്യ ശക്ഷക്കു ഏല്പിക്കണം.

ദൈവത്തിന്റെ അത്ഭുതകരമായ കൃപയുടെയും പാപികളോടുള്ള ദൈവസ്നേഹത്തിന്റെ ശക്തിയെയും സ്വന്ത ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ഗോറ വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ച് ആത്മ ഭാരത്തോടെ സുവിശേഷം പ്രഘോഷിച്ചു. ഔറംഗബാദ് CMS ലെ റവ. രത്തോൻജി നവരോജി, സത്താരയിലെ റവ. ഖാസിം ബായി, ശ്രീ. സാഹു ദാജി കുക്കാദെ തുടങ്ങിയവരെ പോലെ പ്രഗത്ഭരായ അനേകരെ ഗോറ ദൈവകൃപയിലേക്കു നയിച്ചു. അദ്ദേഹം തന്റെ ഭാര്യയെയും സഹോദരനെയും മാത്രമല്ല പണ്ഡിത രമാബായിയെയും രക്ഷയിലേക്കു നയിച്ചു. ഒരു പ്രാവശ്യം അവൾ ക്രിസ്തീയത ഉപേക്ഷിക്കുവാൻ തീരുമാനിച്ചപ്പോൾ അപ്രതീക്ഷിതമായി ഫാദർ ഗോറയുടെ കത്തു ലഭിച്ചു. അതിൽ രമാബായിയുടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം ഉണ്ടായിരുന്നു. അങ്ങനെ അതിന്റെ അടിസ്ഥാനത്തിൽ രമാബായി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. എന്റെ മനസ്സിനെ മാറ്റിയത് ഫാദർ ഗോറയല്ലാതെ മറ്റാരുമല്ല എന്നു പിന്നീട് രമാബായി എഴുതി. അങ്ങനെ കഴിഞ്ഞ നൂറ്റാണ്ടിൽ നമ്മുടെ രാജ്യം ഉരുവാക്കിയ ഏറ്റവും പ്രഗത്ഭയായ ക്രസ്തീയ വനിതയെ കൃപയിലേക്കു നയിക്കുന്നതിനു ദൈവം നെഹമിയ ഗോറയെ ഒരു ഉപകരണമായി ഉപയോഗിച്ചു. അങ്ങനെ ദൈവം കൃപയാൽ മറ്റുള്ളവരെ നേടുന്നതിനു നമ്മെ ഉപയോഗിക്കത്തക്കവിധം ഇണങ്ങുന്ന ഉപകരണമായി ദൈവകരങ്ങളിൽ നമ്മെ താഴ്ത്തി സമർപ്പിക്കാം.

– സഹോ. ഡേവിഡ് ഫെന്നി

# ആദരാഞ്ജലികൾ

**നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു.**



**വെരി. റവ. പി. ഒ. നൈനാൻ**

**(26.3.1934 - 29.7. 2022)**

സിഎസ്ഐ മദ്ധ്യ കേരള മഹായിടവകയിലെ മുതിർന്ന വൈദികനും കരിംനഗർ മഹായിടവക മുൻ മോഡറേറ്റേഴ്സ കമ്മീഷണറിയുമായ വെരി. റവ. പി. ഒ. നൈനാൻ 2022 ജൂലൈ 29 പുലർച്ചെ നാലരയോടെ നിത്യതയിൽ പ്രവേശിച്ചു.

കഴിഞ്ഞ കാൽ നൂറ്റാണ്ടിലധികം ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് കേരള കൗൺസിൽ ചെയർമാനായി പ്രവർത്തിച്ചു. FMPB നേരിട്ട പ്രതിസന്ധികളിൽ അച്ചന്റെ നേതൃത്വവും ആലോചനയും പ്രാർത്ഥനയും ശുശ്രൂഷയിൽ മുന്നേറുന്നതിനു ഞങ്ങൾക്കു ശക്തി പകർന്നു നൽകി. വാത്സല്യമുള്ള പിതാവിനെ പോലെ ഞങ്ങളെ കരുതി പരിപോഷിപ്പിച്ചു.

പത്തനംതിട്ട ജില്ലയിലുള്ള മല്ലപ്പള്ളിയിലെ പനവേലി കുടുംബത്തിൽ ശ്രീ. പി വി ഉമ്മന്റെയും ശ്രീമതി മറിയാമ്മ ഉമ്മന്റെയും മകനായി 1934 മാർച്ച് 26 ന് ജനിച്ചു. ബിരുദപഠനത്തിനു ശേഷം യൂണിയൻ ബിബ്ലിക്കൻ സെമിനാരിയിൽ നിന്നും ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ സെമിനാരിയിൽ നിന്നും അമേരിക്കയിലുള്ള സതേൺ മെതഡിസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും വേദശാസ്ത്ര പഠനം പൂർത്തീകരിച്ചു.

1963 ജൂൺ 2 ന് ഡീക്കൻ ഓർഡിനേഷനും 1964 മാർച്ച് 20 നു പ്രെസ്ബിറ്റർ ഓർഡിനേഷനും ലഭിച്ചു. 1963 ഒക്ടോബർ 10 ന് നല്ലാനിക്കുന്ന് ഇടവകാംഗം ശ്രീമതി നാൻസിയെ വിവാഹം കഴിച്ചു.

സിഎസ്ഐ മദ്ധ്യകേരള ഇടവകയിലെ വിവിധ സഭകളിൽ അച്ചൻ ഇടവക പട്ടക്കാരനായി പ്രവർത്തിച്ചു ആന്ധ്ര പ്രദേശിലെ വാറംഗൽ ജില്ലയിൽ 100 ഗ്രാമങ്ങളിൽ സുവിശേഷം എത്തിയിട്ടില്ല എന്ന് പറക്കാൽ മിഷനറി റവ. ഐ സി കുര്യൻ അച്ചന്റെ ആഹ്വാനത്തിൽ നൈനാൻ അച്ചൻ കുടുംബമായി അവിടെ പോയി പ്രവർത്തിക്കുവാൻ തയ്യറായി മുമ്പോട്ടു വന്നു. 1967 സെപ്റ്റംബറിൽ പറക്കാൽ മിഷൻ വയലിൽ എത്തുകയും ഒക്ടോബർ 20 ന് മുഗലപ്പള്ളി എന്ന പ്രദേശം കേന്ദ്രീകരിച്ചു അച്ചൻ ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു. ആന്ധ്രയിലെ കഠിനമായ ചൂടിൽ തന്റെ ഒന്നര വയസ്സുള്ള പ്രീയ മകൾ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. വിവിധ തരത്തിലുള്ള വെല്ലുവിളികളുടെ മദ്ധ്യത്തിൽ ദൈവം ആണ് ഈ ശുശ്രൂഷക്കായി

വിളിച്ചു ഇറക്കിയതെന്നുള്ള ഉത്തമ ബോധ്യത്തോടെ 16 വർഷം ആന്ധ്രാ മിഷനിലും 2 വർഷം പറക്കാൽ മിഷ നിലും പ്രവർത്തിച്ചു.

അച്ചന്റെ സഹധർമ്മിണി നാൻസി കൊച്ചമ്മ ആരംഭിച്ച ഹോമിയോ ആശുപത്രി അനേകർക്കു ആശ്വാസ ത്തിനും രോഗസൗഖ്യത്തിനും കാരണ മായി. അച്ചന്റെ പ്രവർത്തനഫലമായി ആ പ്രദേശത്തുള്ള ജനങ്ങളുടെ ആത്മീ കവും ഭൗതീകവുമായ ജീവിതത്തിൽ വളരെയധികം ഉന്നമനം ഉരുവായി. മുഗ ലപ്പള്ളിയിൽ പ്രതികൂലമായ കാലാവ സ്ഥയിൽ ജീവൻ നഷ്ടപ്പെട്ട മകൾ നിർ മ്മലയുടെ സ്മരണാർത്ഥം ആരംഭിച്ച നിർമ്മല ഇംഗ്ലീഷ് മീഡിയം സ്കൂൾ ഇന്നും അവിടെ പ്രവർത്തിക്കുന്നു.

പ്രകൃതിയോടു സൗഹൃദം പുലർത്തിയി രുന്ന അച്ചൻ, 55 വർഷം മുമ്പ് പീരു മേട്ടിൽ വൈദീകനായി സേവനം അനുഷ്ഠിക്കുന്ന വേളയിൽ കിണറിനു സ്ഥാനം കാണുന്ന കഴിവും സ്വായ ത്തമാക്കി. 23 വർഷം മുമ്പ് സജീവ സേവനത്തിൽ നിന്നു വിരമിച്ച അച്ചൻ മരിക്കുന്നതിന് ഏതാനും മാസം മുമ്പ് വരെയായി 7500 ലധികം കിണറു കൾക്ക് സ്ഥാനം കണ്ടു. ഇവയിൽ ഭൂരിഭാഗത്തിലും വറ്റാത്ത വെള്ളമുണ്ട്.

മിഷനറിയായിരുന്ന ബഹുമാനപ്പെട്ട അച്ചൻ മിഷനറിമാരോടും മിഷൻ പ്രവർത്തനത്തോടും വളരെയ ധികം താൽപര്യം പ്രകടിപ്പിച്ചിരു ന്നു. ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ കേരള കൗൺസിൽ ചെയർമാനായിരുന്ന അച്ചൻ മിഷനറി മാരുടെ വിവരങ്ങൾ ആരാഞ്ഞറിഞ്ഞു അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനും മറ്റുള്ളവരെ അതിനായി പ്രോത്സാ ഹിപ്പിക്കുന്നതിനും ഉത്സാഹിച്ചിരുന്നു. മിഷനറി പ്രവർത്തനത്തിനു സാമ്പ ത്തീക സഹായം സ്വയം നൽകുന്ന തിനൊപ്പം അനേകരെ അതിനായി ഉത്സാഹിപ്പിക്കുകയും അവരിൽ നിന്നു ധനം സമാഹരിച്ചു നൽകുകയും ചെയ്യുമായിരുന്നു. അച്ചന്റെ സ്നേഹ ത്തിനും കരുതലിനുമായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

ബഹുമാനപ്പെട്ട അച്ചൻ മക്കളെ എല്ലാ വരെയും മിഷനറി തത്പരരായി തന്നെ വളർത്തി. അവർ ഓരോരുത്തരും തങ്ങൾ ആയിരിക്കുന്ന മേഖലകളിൽ ക്രിസ്തീയ സാക്ഷ്യം പുലർത്തുന്നു.

മസ്തിഷ്കാഘാതത്തെ തുടർന്നു ഒരു മാസത്തോളം ചികിത്സയിലായിരുന്ന അച്ചൻ 2022 ജൂലൈ 29 അതിരാ വിലെ 4.30 ന് നിത്യതയിൽ പ്ര വേശിച്ചു. നമ്മുടെ കർത്താവ് ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദ ത്തോടും ദൈവത്തിന്റെ കാഹളനാദ ത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരുന്ന പൊൻപുലരിയിൽ പ്രീയ പ്പെട്ട അച്ചനെ തേജസ്സോടെ കാണാം എന്ന പ്രത്യാശയോടെ ഭൗതിക ശരീരം മല്ലപ്പള്ളിയിലുള്ള ഹോളി ഇമ്മാനു വേൽ സിഎസ്ഐ സെമിത്തേരിയിൽ റൈറ്റ്. റവ. തോമസ് ശാമുവേൽ ബിഷപ്പിന്റെ മുഖ്യകാർമ്മികത്വത്തിലും റൈറ്റ്. റവ. കെ. ജി ദാനിയേൽ ബിഷ പ്പിന്റെയും അനവധി പട്ടക്കാരുടെയും വിശ്വാസികളുടെയും സാന്നിധ്യത്തിൽ സംസ്കരിച്ചു.

അച്ചന്റെ മക്കളായ ഡോ. നീന സോണി & ഡോ. സോണി, ശ്രീമതി. നിസി മാണി & ശ്രീ. മാണി ജോസഫ്, ഡോ. ഉമ്മൻ പി നൈനാൻ & ഡോ. ബിന്ദു ഉമ്മൻ, ഡോ. ഗ്രേസ് നിഷ ബിഞ്ചു & റവ. ബിഞ്ചു വർഗീസ് കുരുവിള എന്നിവർക്കായും കൊച്ചു മക്കൾക്കായും പ്രാർത്ഥിക്കുക. അച്ചൻ ശേഷിപ്പിച്ച ആത്മീക പൈതൃകം ഇവ രിലൂടെ ദൈവരാജ്യത്തിനു പ്രയോജന പ്പെടുമാറാകട്ടെ.

അച്ചന്റെ കാൽ പാടുകൾ പിന്തുടരു വാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**1 സെപ്റ്റംബർ**
**വ്യാഴം**

## ജന്മദിനാശംസകൾ

ശ്രീ. വിൻസന്റ് പ്രേംരാജ്,
വുങ്ത്തിയൻഹോയ്ഹ്

## ഹിമാചൽ പ്രദേശ്

### അന്നി

**ജിൻ സ്വാം & ചിങ് ഹോയ് കിം**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 20 പുതിയ നിയമങ്ങളും നാലു വേദപുസ്തകങ്ങളും വിതരണം ചെയ്തു. ഖെകാർ ഗ്രാമത്തിൽ നിന്നും പിന്മാറി പോയ വിശ്വാസികൾ ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. വിബി എസ് അദ്ധ്യാപകരുടെ പരിശീലന പ്രോഗ്രാം വിജയകരമായി നടത്തി.

പിന്മാറ്റത്തിലായവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഈ വർഷം 75 വ്യക്തികളെ രക്ഷയിലേക്കു നയിക്കണമെന്ന ലക്ഷ്യം നേടേണ്ടതിനായി പ്രാർത്ഥിക്കുക. ചുവായ്, ദലാഷ് എന്നിവിടങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻചാന്ദ്, സുശീല എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നും വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നട്ടെല്ലു സംബന്ധമായ രോഗത്തിൽ നിന്നു ദരം ദാസും ഗർഭപാത്രത്തിൽ ബാധിച്ച കാൻസറിൽ നിന്നു സുകുവും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### രൊഹ്റു

**ജോൺസൺ ശങ്കർ & ജപറാണി**

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു പുതിയ നിയമം വിതരണം ചെയ്തു. 22 സത്സാംഗ് പ്രോഗ്രാം, രണ്ടു ഗ്രാമങ്ങളിലെ സുവിശേഷീകരണ പ്രവർത്തനം എന്നിവ അനുഗ്രഹകരമായി നടത്തി. തുടർച്ചയായി മൂക്കിലൂടെ രക്തം പ്രവഹിച്ച നമ്മുടെ പ്രാദേശിക സുവിശേഷകന്റെ മകൻ റിത്തിക്കിനെ ദൈവം സൗഖ്യമാക്കി. അപകടത്തിൽ പെട്ട രാഹുലിന്റെ പ്രാണനെ കർത്താവ് കാത്തു പരിപാലിച്ചു. പ്രമേഹ രോഗത്താൽ ICU വിൽ പ്രവേശിപ്പിച്ച പവിത്രയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ഉപവാസ പ്രാർത്ഥന, കുട്ടികളുടെയും യൗവ്വനക്കാരുടെയും യോഗങ്ങൾ എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഭർത്താവ് നഷ്ടപ്പെട്ട ഉജ്ജി ദേവിയുടെ കാളയും കോഴിയും നഷ്ടപ്പെട്ടു. അവൾക്കുണ്ടായ നഷ്ടത്തിന്റെ മദ്ധ്യത്തിൽ വിശ്വാസം ഉപേക്ഷിക്കുന്നതിനു സമർദ്ദം ചെലുത്തുന്ന ഗ്രാമീണരുടെ വാക്കുകൾ ശ്രദ്ധിക്കാതെ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൽമുട്ടിലെ ഞരമ്പ് മുറിഞ്ഞ ഗുപ്ജ ദേവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന ദിവ്യയുടെ കണ്ണിലുണ്ടായ അണുബാധ ഭേദമാകേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി കോളജിൽ ചേർന്ന രാഹുൽ, സുമിത്, അരുൺ, ശിവാനി, ദിവ്യ എന്നിവർ പഠനത്തിൽ മികവ് പുലർത്തേണ്ടതിനും സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## 2 സെപ്റ്റംബർ
### വെള്ളി

### ജന്മദിനാശംസകൾ

ശ്രീമതി. അജ്ഞന മസി സത്യ പ്രകാശ്

### കർസോങ്

**പവൻകുമാർ & പ്രഭാഷിനി ദേവി**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു പുതിയ നിയമം വിതരണം ചെയ്തു. മൂന്നു രാത്രി യോഗവും 2 ഗ്രാമങ്ങളിൽ സുവിശേഷീകരണ പ്രവർത്തനവും നടത്തി. വൃക്ക, ശാസകോശം എന്നിവ സംബന്ധമായി വിവിധ രോഗങ്ങളാൽ ഭാരപ്പെട്ട വിക്ടോറിയായെ ദൈവം സൗഖ്യമാക്കി. ദിനക്, ബൗർ എന്നീ രണ്ടു ഗ്രാമങ്ങളുള്ള രണ്ടു പേരെ സ്നേഹിതരായി ലഭിച്ചു.

ശുശ്രൂഷയെ സഹായിക്കുവാൻ സമർപ്പണമുള്ള പ്രാദേശിക സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുനി ഗ്രാമത്തിൽ പാർക്കുന്നതിനു നമ്മുടെ മിഷനറിക്കു നല്ല ഒരു വീട് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജലാരി ഗ്രാമത്തിലെ രചനക്കെതിരായി ഗ്രാമത്തിലുള്ളവർ അകാരണമായി കൊടുത്ത കേസിൽ നീതി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വേല ചെയ്യുന്നതിനു താൽപര്യമുള്ള അജ്ഞലിക്കായും അവളുടെ ഭർത്താവ് അവളെ സഹായിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## പഞ്ചാബ്

### ലെഹ്റ ഗംഗ

**ഐസക് ഏബൽ & അന്ന റോസ്ലിൻ**

ഏട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 10 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സ്ത്രീകളുടെ യോഗം നടത്തി. ഈ യോഗത്തിൽ സംബന്ധിച്ചവർ പ്രാർത്ഥനക്കൂട്ടം രൂപീകരിക്കാമെന്നു തീരുമാനിച്ചു. കോറിയാൻ ഗ്രാമത്തിൽ പിന്മാറ്റത്തിലായിരുന്ന ഒരു കുടുംബം വിശ്വാസത്തിലേക്കു തിരികെ വന്നു. സുനാം ദൈവാലയത്തിൽ പുതിയ കമ്മറ്റി രൂപീകരിച്ചു.

പുതിയ സ്നേഹിതർ സഭാ ആരാധനയിൽ ക്രമമായി പങ്കെടുക്കേണ്ടതിനായും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. ഡിബ്രബ്ലോക്കിലും ചാഹാർ ഗ്രാമത്തിലുമുള്ള അഞ്ചു കുടുംബങ്ങൾക്കു വേണ്ടി പുതിയ ആരാധനക്കൂട്ടം രൂപീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സുവിശേഷകരുടെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. സുനാം, ലെഹ്റ എന്നീ ഗ്രാമങ്ങളിൽ സുവിശേഷ സംഘത്തെ രൂപീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**3 സെപ്റ്റംബർ**
**ശനി**

## ജന്മദിനാശംസകൾ

ശ്രീ. ഏകലവ്യൻ
ശ്രീമതി. ചിങ് ഹോയ് കിം ജിൻ സ്വാം

### മോഗ

**ജസ്റ്റിൻ & സരൾ ജാൻസി റാണി**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഏഴു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അഞ്ചു പുതിയ നിയമങ്ങളും 30 വേദപുസ്തകങ്ങളും വിതരണം ചെയ്തു. 14 രാത്രി യോഗങ്ങളും പുതിയ ഗ്രാമത്തിൽ കുട്ടികളുടെ യോഗവും നടത്തി. സഭാമൂപ്പനായ മന്ദീപ് ആവേശത്തോടെ സുവിശേഷ വേല ചെയ്യുന്നു. റാണിയുടെ ത്വക്കിലുണ്ടായ അലർജി സൗഖ്യമായി. ദരംകോട്ടയിലെ ആദ്യ വിശ്വാസിയായ പ്രേം സിങ് മസ്തിഷ്ക ട്യൂമറിൽ നിന്നും അത്ഭുതകരമായ സൗഖ്യം പ്രാപിച്ചു.

അജിത്‌വാൾ, ജലാലബാത്ത്, ചുദ്ചാക്ക്, റായ്കോട്ട്, കോട്‌ലി, ദരംകോട്, ബോപാറ, പിന്ദർകാലൻ, കിഷൻ പുര, ജാഗ്രോൻ, ചിട്ടെക്, ദുദികെ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞ എല്ലാവരും ക്രമമായി ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുമിർ, 12 വയസ്സുള്ള ബാലൻ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗിയായ സാൽമ, വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ഗോപി, ധർമപാൽ സിങ്, കാൻസർ രോഗിയായ രമേശ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയാൽ വലയുന്ന പരംസിങ്, ലൗപ്രീത് സിങ്, കരംസിങ്, മാൻപ്രീത് സിങ്, ലാട്ടി സിങ്, ഹരൻ, കല, ചിന്തോ, ചരൻജിത് സിങ്, ഗഗൻദീപ് , മേജർ, മിന്റു എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. റിക്കി, രാസൻ, മമത റിജാൻ, സീമ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രജനി കൗർ, ജോതി, കൻജൽ, അമൻ എന്നിവർക്കു അനുയോജ്യമായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## കുഴൽ കിണറിൽ സമൃദ്ധിയായ ജലം

ഗുജറാത്തിൽ മോസ്ദ മിഷൻ വയലിലെ കുമിന ഗ്രാമത്തിലുള്ള പരംസിങ് ബായി വിശ്വാസിയാകുന്നു. പരംസിങിന്റെ അയൽക്കാർ പലരും വെള്ളത്തിനായി കുഴൽ കിണറുകൾ കുഴിച്ചു. എന്നാൽ അവർക്കാർക്കും വെള്ളം ലഭിച്ചില്ല. പരംസിങ് മിഷനറിമാരെ വിളിച്ചു കുഴൽ കിണർ കുഴിക്കുന്നതിനു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. പ്രാർത്ഥനയോടെ പരംസിങ് കുഴിച്ച കുഴൽ കിണറിൽ സമൃദ്ധിയായ ജലം ലഭിച്ചു.

## 4 സെപ്റ്റംബർ ഞായർ

### ജന്മദിനാശംസകൾ

ശ്രീമതി. മലങ്കമി സനലംഗ് ദിത്തുങ് ബൗ

### അഹമ്മദ് മാന്ദി

**ചൗദരി രാജേഷ് & സരിത പോൾ,**
**ദീപ്തിലാൽ മാലി & റേണുമ**

15 സ്ഥലത്തു രാത്രിയോഗങ്ങൾ നടത്തി. മേഹതാപ്ഗട്, എമാണി എന്നീ ഗ്രാമങ്ങളിൽ സത്സാംഗ് പ്രോഗ്രാം നടത്തി. യുവജന യോഗം, സഭാമൂപ്പന്മാരുടെ യോഗം എന്നിവ അനുഗ്രഹകരമായി നടത്തി. നാലു സ്ഥലത്തു ഉപവാസ പ്രാർത്ഥനകൾ നടത്തി. മൂന്നു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടിടത്തു നടത്തിയ ഫിലിം പ്രദർശനം 110 ലധികം പുതിയ ആളുകൾ കണ്ടു. ഒരു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. രണ്ടു സ്ഥലത്തു വിബിഎസ് നടത്തി. സുവിശേഷീകരണ സംഘം താൽപര്യമുള്ള വിശ്വാസികളെ ഉൾപ്പെടുത്തി പുതിയ മേഖലകളിൽ സുവിശേഷം പ്രഘോഷണം നടത്തുന്നു. ഏഴു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. വിഷ പാമ്പിന്റെ കടിയേൽക്കാതെ സജ്ജയ് കുമാറിനെയും കുടുംബത്തെയും ദൈവം രക്ഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ജാഗേരഗ്രാമത്തിലെ മോണിക്കയെ കർത്താവ് വിടുവിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന 19 രാത്രിയോഗം, കുട്ടികളുടെ യോഗം, 2 സത്സാംഗ് പരിപാടി, മൂന്നു ഫിലിം പ്രദർശനം, വേദപഠനക്ലാസ്സ്, രണ്ടു സ്ഥലത്തെ സ്ത്രീജന യോഗം, മൂന്നു ഗ്രാമങ്ങളിലെ സുവിശേഷീകരണ പ്രവർത്തനം സുവിശേഷ പ്രതികളുടെ വിതരണം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. കാൻസർ രോഗിയായ സീമ കൗർ, ത്വക്കിലുണ്ടായ അലർജിയാലും കരളിലുണ്ടായ അണുബാധയാൽ കഷ്ടപ്പെടുന്ന സിമ്രോൻ കൗർ, മൂത്രാശയ കല്ലിനാൽ വലയുന്ന സർബാരി കൗർ, അപസ്മാര രോഗിയായ കല പിലിയ, പക്ഷാഘാതത്താൽ വലയുന്ന ഡരിഗെ ഗ്രാമത്തിലെ പാലി, ക്ഷയ രോഗിയായ പരംഹാൻസെ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രാജു മോനിക്ക കുടുംബത്തിൽ തെറ്റിദ്ധാരണകൾ മാറി സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെ പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി ഒരു സുവിശേഷകനെയും സന്നദ്ധ പ്രവർത്തകനെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മലൗദ് സഭക്കെതിരെ കോടതിയിലുള്ള കേസ് വാദിക്കുന്നതിനു പ്രഗത്ഭനായ ഒരു വക്കിലിനെ ലഭിക്കേണ്ടതിനായും ഈ കേസിൽ നീതി ലഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക. പൂജ കൗർ, ജസ്പ്രീതി കൗർ, ശകുന്തള, മാലതി കുടുംബം എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## 5 സെപ്റ്റംബർ
### തിങ്കൾ

**ജന്മദിനാശംസകൾ**

ശ്രീ. എസക്കിയ്യ
ശ്രീ. ധർമ്മേന്ദ്ര പരിച്ച

**ജൈജതോ**

**ചിത്തരഞ്ജൻ താണ്ടി & തേജസ്വിത താണ്ടി**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 5 സത്സാംഗ് പ്രോഗ്രാം, ഫിലിം പ്രദർശനം, 14 രാത്രി യോഗങ്ങൾ എന്നിവയിലൂടെ സുവിശേഷം പ്രഘോഷിച്ചു. മാൻപ്രീത് കൗർ, സുഖ്പാൽ കൗർ, കൗർ ഗോര സിങ്, കോമൾദീപ് കൗർ എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു. 20 വർഷത്തിലധികം ഉന്നത രക്തസമ്മർദ്ദത്താൽ വലഞ്ഞ മഹീന്ദർ കൗറിനെ കർത്താവ് സൗഖ്യമാക്കി, ഇതിനെ തുടർന്നു അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. സത്സാംഗ് പ്രോഗ്രാമിൽ പങ്കെടുത്ത യശ്ബാത് സിങിനെ ആഭിചാര ദോഷത്തിൽ നിന്നു ദൈവം വിടുവിച്ചു. ഇതു നിമിത്തം യശ്ബാത്തിനു ഉറങ്ങുന്നതിനു കഴിഞ്ഞില്ല. അടിക്കടി കന്നുകാലികൾ രോഗത്താൽ വീഴുമായിരുന്നു. ഇതെല്ലാറ്റിൽ നിന്നും യശ്ബാത്ത് സിങ് മുക്തനായി. അവൻ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കുന്നതിനു തയ്യാറെടുക്കുന്നു. അശ്രേക്ശ് സിങിനെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. അവൻ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കുകയും നമ്മുടെ മിഷനറിമാരെ ക്ഷണിച്ചു ഭവനാങ്കണത്തിൽ സത്സാംഗ് പ്രോഗ്രാമും പ്രാർത്ഥന യോഗവും നടത്തുകയും ചെയ്തു. വന്ദെർ ഗ്രാമത്തിൽ പുതിയ പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു. പത്തു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തയ്യാറെടുക്കുന്നു.

സേവക് സിങ്, രാജേന്ദ്ര സിങ്, ജിത്തേന്ദർ സിങ്, സാഗർ സിങ് കുൽദീപ് സിങ് എന്നിവരെ പോലെയുള്ള സ്വതന്ത്ര ദൈവവേലക്കാർ നമ്മുടെ പ്രവർത്തനത്തെ ശല്യപ്പെടുത്തുകയും വിശ്വാസികളിൽ ആശയകുഴപ്പം ഉണ്ടാക്കുകയും ചെയ്യുന്നു. പിന്മാറ്റത്തിലായിരിക്കുന്ന ബബ്ലി കൗറും കുടുംബവും വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. ദബ്ദിക്കാന ഗ്രാമത്തിൽ പുതിയ വേദപഠന ക്ലാസ്സ് ആരംഭിക്കുന്നതിനുള്ള ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷനിൽ സമർപ്പണ സ്വദേശ സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വ്യാഴാഴ്ച നടത്തി കൊണ്ടിരുന്ന ആരാധന യോഗം മാട്ട ഗ്രാമത്തിലുരുവായ എതിർപ്പിനെ തുടർന്നു നിർത്തിവെക്കേണ്ടിവന്നു, അതു പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആഭിചാര ദോഷത്താൽ ശയ്യാവലംബനായ ജസ്വിന്ദർ സിങ് സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അമൻദീപ് സിങ്, അകാശ് ദീപ് സിങ്, മന്ദർ സിങ്, ഗുർജാന്ത് സിങ്, ഹർമ്മൻദീപ് സിങ്, ഗുരുപ്രീത് സിങ്, ബൽവന്ദ് സിങ്, സുഖ്വിന്ദർ സിങ്, കരംപ്രീത് സിങ് എന്നിവർ മദ്യപാനത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

**6 സെപ്റ്റംബർ ചൊവ്വ**

## ജന്മദിനാശംസകൾ

ശ്രീ. ഷൈക് സുബാനി

### ബത്തിണ്ട

**സജ്ജീബ് ആനന്ദ് & പ്രസ്തുത, പ്രതാപ് രഹാങ് & രശ്മി പ്രഭ**

16 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 24 ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു. നാലു ഗ്രാമത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. 10 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. ചാർട്ട സിങ് മൗർ ഗ്രാമത്തിൽ ഞായറാഴ്ച ആരാധന ആരംഭിച്ചു. സഭ ഒരുമിച്ചു ചേർന്നു പ്രാർത്ഥിച്ചപ്പോൾ ഫുലോ ഗ്രാമത്തിലെ ജഗദീപ് സിങ് പൈശാചിക ബന്ധനത്തിൽ നിന്നും മുക്തനായി.

ഹിമോഗ്ലോബിൻ അളവ് 5 ൽ എത്തിയ ബാച്ചു മാണ്ടി ഗ്രാമത്തിലെ സുസ്മിതയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ യുവജനങ്ങൾക്കും ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറി പ്രതാപ് രഹാങിന്റെ ഭാര്യ വാതരോഗത്തിനും ജീവിത കാലം മുഴുവൻ മരുന്നു കഴിക്കേണ്ടി വരുന്ന ശ്രീമതി രശ്മി പ്രവ ബീറോക്കു ദൈവം പൂർണ്ണ സൗഖ്യം നൽകേണ്ടതിനായി പാർത്ഥിക്കുക.

## ഹരിയാന

### കലൻവാലി

**വിജയകുമാർ & ജബല**

ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 10 പുതിയ നിയമങ്ങളും മൂന്നു വേദപുസ്തകങ്ങളും വിതരണം ചെയ്തു. 27 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 20 ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. ഞായറാഴ്ച ആരാധനയും രണ്ടു പ്രാർത്ഥനക്കൂട്ടവും ഉപവാസ പ്രാർത്ഥനകളും ക്രമമായി നടത്തുന്നു. ഇവിടെ നടത്തിയ വിബിഎസിൽ 64 കുട്ടികൾ സംബന്ധിച്ചു. പുതുതായി ആരംഭിച്ച ആശിർ ആരാധനക്കൂട്ടത്തിൽ രണ്ടു പുതിയ കുടുംബം സംബന്ധിക്കുന്നു. പക്ഷാഘാതം ബാധിച്ച ബിന്ദേർ കൗറിനു ഭക്ഷണം കഴിക്കുന്നതിനോ നടക്കുന്നതിനോ സാധിക്കുന്നില്ല. എന്നാൽ വിശ്വാസികൾ ഒധാൻ ആരാധനാലയത്തിൽ ഒത്തുചേർന്നു പ്രാർത്ഥിച്ച വേളയിൽ അവൾക്കു ഭവനകാര്യങ്ങൾ ചെയ്യുന്നതിനുള്ള സൗഖ്യം ദൈവം നൽകി.

വ്യാജ പ്രവചനത്തിന്റെയും വ്യാജ സൗഖ്യത്തിന്റെയും പിന്നാലെ പോയി നശിക്കുന്ന വിശ്വാസികൾക്കായി പ്രാർത്ഥിക്കുക. അവർ സത്യം മനസ്സിലാക്കി വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും മുക്തനായ ജസ്വിന്തർ കൗർ മദ്യപാന സ്വഭാവം ഉപേക്ഷിച്ചു സഭ ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്കയിൽ ട്യൂമർ ബാധിച്ച് വയർ വീർക്കുന്ന കലൻവാലി ഗ്രാമത്തിലെ വിശ്വാസി മോഗൾ റാമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ജാസ്പ്രീത് കൗറിനു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജയിലിൽ അടയ്ക്കപ്പെട്ട ധാൻ ധാൻ സത്ഗുരു എന്ന വ്യാജ ഗുരുവിന്റെ അനിയായികളായിരുന്ന മൂന്നു വ്യക്തികൾ കർത്താവായ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച് വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു.

**7 സെപ്റ്റംബർ**

**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ശ്രീമതി. ഇവാഞ്ചലിൻ ജമി റോബി

### ഫത്തെബാദ്

**ഡേവിഡ് & ജപ ഗ്രേസ്**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 17 രാത്രി യോഗങ്ങൾ, 22 സത്സാംഗ്, 20 ഉപവാസ പ്രാർത്ഥനകൾ അഞ്ചു സ്ത്രീജന യോഗം എന്നിവ അനുഗ്രഹകരമായി നടത്തി. നമ്മുടെ വിശ്വാസി രാജ്കുമാറിന്റെ മകൾ രശ്മി വിവാഹിതയായി. രണ്ടു പ്രാവശ്യം അവൾ ജന്മം നൽകിയത് ജീവനില്ലാത്ത കുഞ്ഞിനായിരുന്നു. അവൾ യേശുവിൽ വിശ്വസിച്ചില്ല. എന്നാൽ അവളുടെ പിതാവ് ഇതു ശാപമാണെന്നു മനസ്സിലാക്കി അവളോടു സുവിശേഷം പങ്കുവെച്ചു. മിഷനറിമരോടു അവൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. ഇപ്പോൾ ദൈവം അവൾക്കു ഒരു പെൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. രാജപാലിന്റെ ഭാര്യ വിഷപാമ്പിന്റെ ദംശനമേറ്റെങ്കിലും ദൈവം അവളെ രക്ഷിച്ചു. മയക്കു മരുന്നിന്റെ അടിമത്വത്തിൽ നിന്നു കലാവതിയെ കർത്താവ് വിടുവിച്ചു.

മിറാസി ജനസമൂഹം ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ബോടിയ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഏഴു മാസത്തിലധികമായി നടക്കുവാൻ കഴിയാത്ത സന്ദീപിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബടോലാൻവാലി ഗ്രാമത്തിലെ രാകേഷ്, ശാഹിദാൻവാലിയിലെ അമർജിത്, സെക്കനവല്ലിയിലെ ബുന്റി, അശോക് നഗറിലെ രവി, ജഗ്ഗ, ബാബു, പാപ്പു എന്നിവർ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ജീവൻ നഗർ

**ഏലിയാക്കിം ജന & ദീപിക ജന**

16 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 24 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. രണ്ടു സ്ഥലത്തു നടത്തിയ വിബിഎസിൽ 95 കുട്ടികൾ സംബന്ധിച്ചു. ആറു സത്സാംഗ് പ്രോഗ്രാം, ആറു രാത്രി യോഗങ്ങൾ എന്നിവ നടത്തി. സ്ത്രീകളുടെ യോഗവും ഒമ്പതു വേദപഠന ക്ലാസ്സും സംഘടിപ്പിച്ചു. അഞ്ചു ഗ്രാമങ്ങളിൽ ഫിലിം പ്രദർശനത്തിലൂടെ സുവിശേഷം പ്രഘോഷിച്ചു.

നമ്മെ വിട്ടു പോയ സ്വദേശ സുവിശേഷകൻ 23 ഗ്രാമങ്ങളിൽ നാം നടത്തുന്ന പ്രവർത്തനങ്ങളിൽ ഇടപെടതാരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തലായ എല്ലാവരും വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഗോരസിങ്ങിന്റെ കുടുംബം പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാക്കം പക്ഷഘാതത്തിൽ നിന്നും മുക്തനാകേണതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു അമൻ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**8 സെപ്റ്റംബർ**
**വ്യാഴം**

# ഉത്തർഖാണ്ഡ്

### ദിനേശ്പൂർ

**രാമസ്വാമി ജറോം & അന്തോണി രാജം**

30 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 13 പുതിയ വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 15 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. രണ്ടു ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിൽ 33 കുട്ടികൾ പങ്കെടുത്തു. കക്കരാല ഗ്രാമത്തിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. കരൾ, വൃക്ക എന്നിവയുടെ പ്രവർത്തനം മന്ദീഭവിച്ച രാജുവിനെ ചികിത്സിച്ച ഡോക്ടറന്മാർ ആശ കൈവിട്ടപ്പോൾ വിശ്വാസികൾ ഒത്തു ചേർന്നു പ്രാർത്ഥിച്ചപ്പോൾ ദൈവം രാജുവിനെ സൗഖ്യമാക്കി. കുട്ടികളുടെ ക്ലാസ്സുകളിൽ പത്തു കുട്ടികൾ പതിവായി സംബന്ധിക്കുന്നു. തീലിയ ഗ്രാമത്തിലെ ജഗ്ഗുബായി സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. നമ്മുടെ പ്രാർത്ഥന യോഗങ്ങളിൽ താൽപര്യപൂർവ്വം സംബന്ധിക്കുന്നു. ശസ്ത്രക്രിയ ആവശ്യമാണെന്നു ഡോക്ടറന്മാർ വിധിച്ച കൽപനയുടെ ചെവിയിലെ രോഗം സൗഖ്യമായതു കണ്ട ഡോക്ടറന്മാർ ആശ്ചര്യപ്പെട്ടു.

ത്വക്കു രോഗത്താൽ വലയുന്ന ഗുരുചരന്റെ രക്തത്തിലുണ്ടായ അണുബാധയാൽ കരൾ നശിച്ചു. ഇയാളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രാഗിനി എന്ന കൊച്ചു പെൺകുട്ടിക്കു നടക്കുന്നതിനും സംസാരിക്കുന്നതിനുമുള്ള ശേഷി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാഗിനിയുടെ പിതാവ് മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നും ആത്മഹത്യ പ്രവണതയിൽ നിന്നും പൂജ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വനത്തിനു സമീപത്തുള്ള കട്ടുപുലിയ ഗ്രാമത്തിൽ പാർക്കുന്ന വിശ്വാസികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള ബൽവിന്ദറിന്റെ പശുവിനെ ഒരു സിംഹം ഭക്ഷണമാക്കി. ഓം പ്രകാശിന്റെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.

# രാജസ്ഥാൻ

### ഉദൈപൂർ

**ആശിഷ് കുമാർ & സവിത ദേവി**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 30 പുതിയ നിയമങ്ങളും ആറു വേദപുസ്തകങ്ങളും വിതരണം ചെയ്തു. സത്യാന്വേഷകരുടെയും കുട്ടികളുടെയും യോഗങ്ങൾ സംഘടിപ്പിച്ചു. ഈ വർഷം ശരിയായ സമയത്തു മഴ നൽകി ദൈവം അനുഗ്രഹിച്ചു. ഫുതു, രാധ എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു.

പട്ടിക വർഗ്ഗത്തിൽ പെട്ട ഒരുവൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു കഴിയുമ്പോൾ അവനു സർക്കാരിൽ നിന്നുള്ള എല്ലാ അനുകൂല്യങ്ങളും നിർത്തലാക്കുന്നതിനുള്ള പദ്ധതി പരാജയപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ഈ നിയമം ഉദയപൂരിൽ പ്രായോഗികമാക്കിയതിനാൽ നമ്മുടെ അനവധി വിശ്വാസികൾ മാനസിക പ്രയാസത്തിലായി. പൈശാചിക ബന്ധനത്തിൽ നിന്നു പായൽ, രാമ, താര എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുകൻ ക്ഷയരോഗത്തിൽ നിന്നും സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## 9 സെപ്റ്റംബർ
### വെള്ളി

### ജന്മദിനാശംസകൾ

ശ്രീമതി. യേശു രത്തിനം ത്യാഗരാജൻ
ശ്രീ. അനിൽ കുമാർ ബിസോയി
ശ്രീമതി. റാണി സുകന്തോ സിങ്
ശ്രീ. ജീവാനന്ദൻ,
ശ്രീമതി രാധെ നയനബൻ ദേവ്ജിബായ്

## ഉത്തർപ്രദേശ്

### തുണ്ട്ല

**പച്ചിയബായി ഫോനഭായി & സവിതബൻ**

ജീപ്പ് ടീമിന്റെ പ്രവർത്തന ത്താൽ 35 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഒരു വ്യക്തി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഒരു വേദപുസ്തകവും 50 പുതിയ നിയമങ്ങളും എന്നിവ വിതരണം ചെയ്തു. അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. മൂന്നു സ്ഥലത്തു സ്ത്രീജന യോഗം സംഘടിപ്പിച്ചു. തുണ്ട്ല, ഹൽപുര, എൻ കല്യാം എന്നീ ആരാധനക്കൂട്ടത്തിലുള്ളവർ ആത്മീകമായി വളരേണ്ടതിനായും മറ്റുള്ളർക്കു മുമ്പാകെ യേശുവിന്റെ സാക്ഷികളാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

തനുമായി ഗ്രാമത്തിലെ മുന്നലാൽ, ലക്ഷ്മൺ, ദാരോവീർ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ജാദവ് ജനസമൂഹത്തോടു സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന രാത്രി യോഗങ്ങൾ, അനുധാവന പ്രവർത്തനം, അന്വേഷക ക്യാമ്പ്, പരിശീലന പ്രോഗ്രാം എന്നിവയുടെ വിജയത്തിനായി പ്രാർത്ഥിക്കുക.

### റാണിയ

**മൊങ്കവായ് ഫോം & നിഷ ഫോം**

ഒരു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 10 പുതിയ നയമങ്ങളും മൂന്നു വേദപുസ്തകങ്ങളും വിതരണം ചെയ്തു. രണ്ടു രാത്രി യോഗങ്ങൾ, അന്വേഷക ക്യാമ്പ്, നാലു ഉപവാസ പ്രാർത്ഥനകൾ, എട്ടു ആരാധന യോഗങ്ങൾ, രണ്ടു വേദപഠന ക്ലാസ്സുകൾ, പത്തു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം, സ്ത്രീജന യോഗം, സെന്റർ തലത്തിൽ വിശ്വാസികളുടെ യോഗം എന്നിവ വിജയകരമായി സംഘടിപ്പിച്ചു. മർക്കൂല ഗ്രാമത്തിൽ ഒരു പ്രാർത്ഥനക്കൂട്ടം രൂപീകരിച്ചു.

ഈ വർഷത്തെ ലക്ഷ്യമായ 80 വ്യക്തികളെ രക്ഷയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദിലീപ്, പ്രഭ, ഫൂലൻ ദേവി, അഞ്ജലി എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ബൻസിലാൽ നെഹി ഗ്രാമത്തിലെ പിന്മാറ്റത്തിലായ കുടുംബം വിശ്വാസത്തിലേക്കു തിരകെ വരേണ്ടതിനായി പ്രാർത്ഥിക്കുക. റാണിയ ഗ്രാമത്തിലെ രേഖയുടെ ഭർത്താവ് സുനിൽ അവളെ ആരാധനയിൽ സംബന്ധിക്കുന്നതിനോ വേദപുസ്തകം വായിക്കുന്നതിനോ പ്രാർത്ഥിക്കുന്നതിനോ അനുവദിക്കുന്നില്ല. ഇയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**10 സെപ്റ്റംബർ**

**ശനി**

## ജന്മദിനാശംസകൾ

ശ്രീമതി. സപ്ന ഓം പ്രകാശ്

### ഗാട്ടംപൂർ : ഹെലുൻ ജെ തൗതാങ് & ചിങ്ബോയ്

നാലു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. 46 പുതിയ നിയമങ്ങളും 8 വേദപുസ്തകങ്ങളും വിതരണം ചെയ്തു. 13 രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സീൽപൂർ ഗ്രാമത്തിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. പിന്മാറ്റത്തിൽ പോയ രണ്ടു കുടുംബവും ഒരു പുതിയ കുടുംബവും ചില്ലി ഗ്രാമത്തിലെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നു ദൈവം നമ്മുടെ മിഷനറിമാരെയും സുവിശേഷ വിരോധികളെയും പരിപാലിച്ചു. ഇതുവരെയുള്ള എല്ലാ ആവശ്യങ്ങളും കർത്താവ് നിറവേറ്റി തന്നു.

പുതിയ വിശ്വാസികൾ വിശ്വാസത്തിൽ വളർച്ച പ്രാപിക്കേണ്ടതിനും അവരുടെ കുടുംബാംഗങ്ങളെ വിശ്വാസത്തിലേക്കു നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമങ്ങളിലെ സുവിശേഷീകരണ പ്രവർത്തനവും അന്വേഷകർക്കായുള്ള അനുധാവന പ്രവർത്തനവും അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. സത്യാന്വേഷകരായ ദിലീപ്, പിങ്കി എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. അമൗലി ഇടത്താവളത്തിലും ബാവൻ ഇടത്താവളത്തിലും പ്രവർത്തിക്കുന്ന സുവിശേഷകരുടെ പ്രവർത്തനം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

### നിവാലി : ചന്നമല്ലപ്പ & രൂപ

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഒരു പുതിയ നിയമവും ഒരു വേദപുസ്തകവും വിതരണം ചെയ്തു. ഫിലിം പ്രദർശനം, സുവിശേഷീകരണ പ്രവർത്തനം, പുതിയ വിശ്വാസികളുടെ പരിശീലനം സ്ത്രീകളുടെ പരിശീലനം, രാത്രി യോഗങ്ങൾ, വേദപഠന ക്ലാസ്സുകൾ എന്നിവ നടത്തി. പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. വിശ്വാസികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു ആവേശത്തോടിരിക്കുന്നു. രമേശ് ബായി പഞ്ചായത്ത് ഇലക്ഷനിൽ വിജയിച്ചു. സുവിശേഷ വിരോധികളുടെ എതിർപ്പിനെ തുടർന്നു പോലിസ് കസ്റ്റഡിയിലെടുത്ത വിശ്വാസികൾ രമേശ് ബായിയുടെ സഹായത്താൽ സ്വതന്ത്രരായി.

നിവാലി ജനസമൂഹത്തിന്റെ ഇടയിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഗോയ്‌ലിയപാനി ഗ്രാമത്തിലെ ദൈവാലയ നിർമ്മാണത്തിനു ജനങ്ങളുടെ സഹായം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സുവിശേഷകനു പാർക്കുവാൻ ഒരു മുറി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുകേഷിനു നല്ല ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുന്നതിനു ആലോചിക്കുന്ന അനുധാവന പ്രവർത്തനം, ഫിലിം പ്രദർശനം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**11 സെപ്റ്റംബർ ഞായർ**

### ജന്മദിനാശംസകൾ

ശ്രീമതി. കാശേലി യെക്ടോ ചോഷി
കുമാരി. മേഴ്സി എം എച്ച് ചുവാസി

### മോറെന

**ജപകുമാർ & ജയന്തി ഗ്രേസ്**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 20 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. രണ്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. വൈദ്യുതാഘാതമേറ്റു തെറിച്ചു വീണ സുനിയുടെ മാതാവിനെ പ്രാർത്ഥനയാൽ കർത്താവ് സുഖമാക്കി. ചന്തയിൽ വെച്ചു നഷ്ടപ്പെട്ടു പോയ 60,000 രൂപ പ്രീതിക്കു തിരികെ ലഭിച്ചു. വീട്ടിനുള്ളിൽ പ്രവേശിച്ച ഉടുമ്പിൽ നിന്നും കുടുംബാംഗങ്ങളെ കർത്താവ് രക്ഷിച്ചു.

ചാട്ടിയേകപുര ഗ്രാമത്തിലെ വിശ്വാസികൾ ക്രിസ്തേശുവിൽ ഉറച്ചു നിന്നു വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ഖേദമാവ്ട ഗ്രാമത്തിലെ വിശ്വാസികൾക്കു ആരാധന യോഗം നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബുധാരമ്പുര ആരാധന യോഗം തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ദർശനലാൽ കുടുംബം കർത്താവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. പ്രോൺകോഡ്സിന്റെ മാതാവ്, ബുധേവി, മഹിമ എന്നിവരെ കാൻസർ രോഗത്തിൽ നിന്നു ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ബീഹാർ

### റാണിഗഞ്ച്

**ജോൺ & സെലിന ജോയ്സ്**

ഏഴു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. 250 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. രണ്ടു ഗ്രാമങ്ങളിൽ പതിവായി നടത്തുന്ന വേദപഠന ക്ലാസ്സ് നടത്തി. മൂന്നു സ്ഥലങ്ങളിൽ ഞായറാഴ്ച ആരാധനം ലളിതമായ രീതിയിൽ നടത്തി. വിഡിയോ പ്രദർശനത്തിനു ദീപ്നാരായൻ സ്വമേധയാൽ നമ്മെ സഹായിക്കുന്നു.

ജീസസ് ഫിലിം കണ്ടവരുടെ ഉള്ളിൽ ദൈവം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗോവിന്ദപൂർ, ബഹത്തായ് എന്നീ ഗ്രാമങ്ങളിലേക്കു നല്ല റോഡും പാലവും നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഴക്കാലത്തു ഈ ഗ്രാമത്തിൽ ശുശ്രൂഷക്കായ് വള്ളത്തിൽ മാത്രമേ പോകുവാൻ കഴികയുള്ളു. ബിന്ദേശ്വർ റിഷിദേവ്, അരവിന്ദ് റാം എന്നിവർ മദ്യപാനം ഉപേക്ഷിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുത്രാശയ സംബന്ധമായ രോഗത്തിൽ നിന്നു ഷിബാനന്ദ് യാദവിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദംസെയിന ഗ്രാമത്തിലെ സൈനി മഹോത്ത നമ്മുടെ മിഷനറിമാരെ ജീസസ് ഫിലിം പ്രദർശിപ്പിക്കുന്നതിനായി ആ ഗ്രാമത്തിലേക്കു ക്ഷണിച്ചു. എന്നാൽ ഷിഫത്രാം പ്രദർശനം നിർത്തി വെപ്പിച്ചു.

## 12 സെപ്റ്റംബർ തിങ്കൾ

### ജന്മദിനാശംസകൾ

ശ്രീമതി. മെബൽ ക്രിസ്റ്റോഫർ,
ശ്രീമതി. ഇർഗർ രേശ്മ മാരുതി

## ജാർഖണ്ഡ്

### ഹാൻസ്ഡിഹ

**സെന്തിൽ കുമാർ @ തിമോത്തി & മുത്തുസെൽവി**

ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തൽജറാണിയിൽ പുതിയ ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. ഗംഗുവാര വിശ്വാസികളെ ഉപദ്രവിച്ചു കൊണ്ടിരുന്ന ആളുകൾ എതിർപ്പ് നിർത്തി. ഒമ്പതു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തയ്യാറെടുക്കുന്നു.

എല്ലാ ആരാധനക്കൂട്ടങ്ങളും സഭകളാകേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ ഗ്രാമങ്ങളിലുള്ള 35 കുടുംബങ്ങൾ പിന്മാറ്റത്തിലായി, ഇവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഈ വർഷത്തെ ലക്ഷ്യം നേടേണ്ടതിനായി പ്രാർത്ഥിക്കുക. ഫിലിം പ്രദർശനം, ഭവന സന്ദർശനം തുടങ്ങിയവ മുഖാന്തിരം സുവിശേഷം ശ്രവിക്കുന്നവരുടെ ഉള്ളത്തിൽ ദൈവം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സ്വദേശ സുവിശേഷകൻ നരേശിന്റെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന പൂജാരി, ഗ്രാമത്തലവൻ എന്നിവർ ദൈവീക സ്പർശനത്താൽ മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### ബഡിടോള

**ജീവൻ രഞ്ജൻ & സ്നിഗ്ദ**

39 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബഹർപൂർ ദൈവാലയം ദൈവനാമ മഹത്വത്തിനായി സമർപ്പിച്ചു. രാത്രി യോഗങ്ങൾ, വിശ്വാസികളുടെ ക്യാമ്പ്, സ്ത്രീകളുടെ ക്യാമ്പ് എന്നിവ തടസ്സങ്ങളില്ലാതെ നടത്തി. ഒരു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

പുതിയ വിശ്വാസികൾ ആത്മീക വളർച്ച പ്രാപിച്ച് ഫലം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. നിത്യതയിൽ പ്രവേശിച്ച കെർവ സഭയിലെ മൂപ്പന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾക്കു കൃഷി ചെയ്യത്തക്കവിധത്തിൽ നല്ല മഴ ഈ പ്രദേശത്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതിനുമായി പ്രാർത്ഥിക്കുക, ഉടനെ നടത്തുവാൻ ഉദ്ദേശിക്കുന്ന യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## 13 സെപ്റ്റംബർ ചൊവ്വ

### ഡോണിപിച്ചക്കനി & പടാരി CDC

**ഗജൻ ചന്ദ്രമാരി & രോഷില**

പതിവായുള്ള വചന ധ്യാനം, ബുധനാഴ്ച പ്രാർത്ഥന, വാക്യ പഠനം, പാട്ടു പഠനം, സ്കൂളിന്റെ പ്രവർത്തനം എന്നിവ വിഘ്നമില്ലാതെ നടക്കുന്നു. എല്ലാ കുട്ടികൾക്കും പ്രവർത്തകർക്കും നല്ല ആരോഗ്യം നൽകി ദൈവം അനുഗ്രഹിച്ചു. ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററിലെ പ്രവർത്തകർക്കു സ്ക്രിപ്ച്ചർ യൂണിയൻ സംഘം പരിശീലനം നൽകി.

CDC യിലുള്ള കുട്ടികൾ ആത്മീകമായും ഭൗതികമായും വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദോനിപിച്ചകനി, പടാരി എന്നീ CDC കളിലായി 555 കുട്ടികൾ പഠിക്കുന്നു. അവിടുത്തെ പ്രവർത്തകർ, പാചകക്കാർ, വാർഡന്മാർ എന്നിവർക്കായി പ്രാർത്ഥിക്കുക.

### സഹർജോരി

**മുത്തയ്യ ശമുവേൽ & മാർഗരറ്റ്**

22 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 38 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഒരു വേദപുസ്തകം വിതരണം ചെയ്തു. ഒരു ഗ്രാമത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. 16 ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. നാലു വയസ്സുള്ള ലൂക്കാസ് ടുഡു രണ്ടു രൂപ നാണയം വിഴുങ്ങിയതിനെ തുടർന്നു ശ്വാസം മുട്ടിൽ അനുഭവപ്പെട്ടു ചെറു പ്രാർത്ഥന സംഘത്തിലെ വിശ്വാസികൾ അവനായി പ്രാർത്ഥിച്ചപ്പോൾ ആ നാണയം മലത്തിന്റെ കൂടെ പുറത്തു പോയി.

ഈ മിഷൻ വയലിലുള്ള എല്ലാ ഗ്രാമങ്ങളിലും സുവിശേഷം അറിയിക്കുന്നതിനുള്ള അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജെല്ലി ദിന പരിപാലന കേന്ദ്രത്തിലുള്ള 53 കുട്ടികളും ദൈവീക പരിജ്ഞാനത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. അജ്ഞാത രോഗത്താൽ വലയുന്നു നമ്മുടെ വിശ്വാസി മൊങ്കൽ സൊറന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### യേശുവില്ലാത്ത കൂട്ടു വേണ്ട

ഉത്തർപ്രദേശിലലെ ഗാട്ടംപൂർ മിഷൻ ഫീൽഡിലുള്ള യൗവ്വനക്കാരനായ അജയ് ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു. സഹപ്രവർത്തകർ അവനെ അക്രൈസ്തവ ആചാരങ്ങൾ ചെയ്യുവാൻ സമർദ്ദം ചെലുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. എന്നാൽ അവൻ അതു ചെയ്യാതെ താൻ ഒരു ക്രിസ്ത്യാനിയണെന്ന സാക്ഷ്യം പറഞ്ഞു. തുടർന്നും അവനെ ഉപദ്രവിച്ചതിനാൽ ശല്യം സഹിക്കാതെ ജോലി ഉപേക്ഷിക്കുന്നതിനെ കുറിച്ചു ചിന്തിച്ചു. അവന്റെ അക്രൈസ്തവ ബന്ധുക്കൾ കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഓർമ്മപ്പെടുത്തി അവനെ നിരുത്സാഹപ്പെടുത്തി. എന്നാൽ വിശ്വാസിയായ സഹോദരി അനുഷ്ക ജോലി ഉപേക്ഷിക്കുവാൻ ഉപദേശിച്ചു. അവൻ ധൈര്യത്തോടെ ജോലി ഉപേക്ഷിച്ചു. അടുത്ത ദിവസം രാവിലെ അവൻ ജോലി തേടി പോയി. മറ്റൊരു കമ്പനി അവനു നല്ല ശമ്പളത്തോടുകൂടിയ ജോലി നൽകി. നേരത്തെ ലഭിച്ചതിൽ നിന്നു അവന്റെ ശമ്പളത്തിൽ 1500 രൂപയുടെ വർദ്ധനവ് ലഭിച്ചു. തീർച്ചയായും നമ്മുടെ കർത്താവ് വലിയവനാകുന്നു!

**14 സെപ്റ്റംബർ**
**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ശ്രീ. ജോൺ ഡേവിഡ് എം

**ജഗനാഥപൂർ**

**ബസുഗിയോ മാൾട്ടോ & ബാസന്തി മാൾട്ടോ**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 11 പുതിയ നിയമങ്ങളും ഒരു വേദപുസ്തകവും വിതരണം ചെയ്തു. മൂന്നു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. നാലു സ്ഥലത്തു പരിശീലന പ്രോഗ്രാം നടത്തി. 58 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 17 സ്ഥലത്തു രാത്രി യോഗങ്ങൾ നടത്തി. നമ്മുടെ മിഷനറിമാരും വിശ്വാസികളും പ്രാർത്ഥിച്ചതിനെ തുടർന്നു സിനക്കു അപസ്മാര രോഗത്തിൽ നിന്നും സൗഖ്യം ലഭിച്ചു. വിഷപാമ്പിന്റെ കടിയേറ്റ ബജലോദിര, സുമൻ സിങ്ങ് എന്നിവരെ മന്ത്രവാദികളുടെ അടുക്കൽ പോകുവാൻ അക്രൈസ്തവർ നിർബന്ധിച്ചിട്ടും അവർ നമ്മുടെ വിശ്വാസികളെ വിളിച്ചു പ്രാർത്ഥിച്ചു. എതിർപ്പിനെ ഭയന്നു വിശ്വാസത്തിൽ നിന്നു പിന്മാറിയ ബയ്ക്കാട്ടു ഗ്രാമത്തിലെ ചുരുക്കം ചില ആളുകൾ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു തിരികെ വന്നു.

ദിക്കിയ ഗ്രാമത്തിലെ ആരാധനയിൽ സംബന്ധിക്കുന്ന പുതിയ ആളുകൾ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ലോക, ഗുന്തി ഝോദ എന്നീ ഗ്രാമങ്ങളിൽ നടക്കുന്ന ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജിവ് ജുമ്ഹ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നു ജമ്പ് സിങ്കു, പൂനം ബിരുവ, മാനസിക രോഗത്തിൽ നിന്നു ബോബി ബക്ര. ക്ഷയരോഗത്തിൽ നിന്നു ജോഹാൻ, ഹാരിസിങ് എന്നിവരെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ദുരാത്മാവ് ഓടിപ്പോയി

ഹിമാചൽ പ്രദേശിൽ മോറി ആരാധനക്കൂട്ടത്തിലെ വിശ്വാസിയാകുന്നു അങ്കിത. അവളുടെ മാതാവും ഭർത്താവും യേശുവിനെ കർത്താവായി സ്വീകരിച്ചിട്ടില്ല. ജൂൺ മാസത്തിൽ അങ്കിതക്കു സംസാരിക്കുവാൻ കഴിഞ്ഞില്ല. അവളെ പരിശോധിച്ച ഡോക്ടറന്മാർ പറഞ്ഞു അവൾക്കു ആരോഗ്യ പ്രശ്നമൊന്നുമില്ല. എന്നാൽ അടുത്ത മൂന്നു ദിവസവും അവൾ സംസാരിച്ചില്ല. അവളുടെ അയൽക്കാരി കുഷ ദേവി ഈ വിവരം അറിഞ്ഞപ്പോൾ അങ്കിതക്കു വേണ്ടി പ്രാർത്ഥിച്ചു. അങ്കിത പൈശാചിക ബന്ധനത്തിലാണെന്നു അവൾ മനസ്സിലാക്കി. അവൾ നമ്മുടെ മിഷനറിയോടു അങ്കിതയുടെ വിടുതലിനായി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. അടുത്ത ഞായറാഴ്ച അങ്കിത അവളുടെ ഭർത്താവിന്റെ കൂടെ നമ്മുടെ ആരാധന യോഗത്തിൽ സംബന്ധിച്ചു. അവർ പ്രാർത്ഥിച്ചിട്ടും അങ്കിതക്കു വിടുതൽ കിട്ടിയില്ല. അതിനാൽ മിഷനറിയെയും സുവിശേഷകനെയും അവരുടെ വീട്ടിലേക്കു പ്രാർത്ഥനക്കായി ക്ഷണിച്ചു. 22 തിലധികം പേർ കാഴ്ചക്കാരായി അവിടെ കൂടിവന്നു. പ്രാർത്ഥനയുടെ ഫലമായി അവളിലുള്ള ദുരാത്മാവ് അവളെ വിട്ടുപോയി, അവൾ സംസാരിക്കുവാൻ തുടങ്ങി. കാഴ്ചക്കാർ ഈ സംഭവത്തിൽ ആശ്ചര്യപ്പെട്ടു അവർ സുവിശേഷം ശ്രവിച്ചു.

## 15 സെപ്റ്റംബർ
### വ്യാഴം

### ജന്മദിനാശംസകൾ

ശ്രീ. വസാവ ബാങ്സിങ് മൗലിയ
ശ്രീ.പോൾ ദയാസിങ്
ശ്രീമതി. സാവിത്രി കുമാർ
ശ്രീമതി. എമിമാൽ തിലക്

### സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂൾ ബാലഭവനം & CDC പന്മേനി

**വിക്ടർ & നഹോമി, കിപ്ഗെൻ & മാവി, ചാന്ദിനി, മേഴ്സി & സുർജന**

കെരൻ പൊതു വിദ്യാലയത്തിൽ പഠിക്കുന്ന ആറു കുട്ടികളും വിജയിച്ചു. വേറെ ആറു കുട്ടികൾക്കു ആ സ്കൂളിൽ പ്രവേശനം ലഭിച്ചു. മഴക്കാലത്തും ദിനം തോറും വന്നു പഠിക്കുന്ന കുട്ടികളും എല്ലാ ദിവസവും വന്നു. ബാലഭവനത്തിൽ 15 പുതിയ ആൺകുട്ടികളെ കൂടി എടുത്തു. ബിഷപ്പ് ഹെബർ കോളജിൽ നിന്നും റീസ് മാൾട്ടോയും മർക്കുസ് മാൾട്ടോയും ബിരുദം നേടി.

പന്മേനി ഗ്രാമത്തിൽ പാമ്പുകളെ കൂട്ടമായി കാണുന്നു. അവിടെയുള്ള കുട്ടികളെയും ഗ്രാമക്കാരെയും ദൈവം സുരക്ഷിതരായി കാത്തു പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗ്രാമീണരുടെ വരുമാന മാർഗ്ഗങ്ങളിൽ ഒന്നായ പന്നികളെ കൂട്ടത്തോടെ കൊന്നൊടുക്കുന്ന പന്നി പനി ആ പ്രദേശത്തു ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. കെരൺ പബ്ലിക് സ്കൂൾ പ്രവേശനം ലഭിച്ച ആറു ബാലന്മാർ പുതിയ സാഹചര്യവുമായി ഇണങ്ങി +2 പഠനം വിജയകരമായി പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തെക്കെ ഇന്ത്യയിൽ നിന്നു പന്മേനി സ്കൂളിൽ പഠിപ്പിക്കുന്നതിനായി വന്ന അദ്ധ്യാപകർ അവിടുത്തെ സാഹചര്യവുമായി ഇണങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികൾക്കായി പുതിയ ചാപ്പൽ നിർമ്മിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആറു കുട്ടികൾക്കു ബിരുദ പഠനത്തിനു പ്രവേശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾക്കു ആവശ്യമായ പുസ്തകങ്ങൾ വാങ്ങേണ്ടതിനായി പ്രാർത്ഥിക്കുക.

### നമുക്കെതിരായി ആർ നിൽക്കും?

പശ്ചിമ ബംഗാളിലെ പക്കുവഹാട് മിഷൻ വയലിലെ ഗോഹൽജെ ഗ്രാമത്തിലെ സുവിശേഷ വിരോധികൾ നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്നു. നമ്മുടെ സ്വദേശ സുവിശേഷകൻ ശിമോൻ കിസ്കുവും സന്നദ്ധ പ്രവർത്തകൻ വിജയ മുർമ്മുവും കൂടി 26.7.2022 ൽ ആ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. ഗ്രാമത്തിലെ ജനങ്ങൾ അവരുടെ ചുറ്റും കൂടി. ആ കൂട്ടം അവർക്കെതിരെ വ്യാജമായ ആരോപണം ചുമത്തി. സുവിശേഷകനും സന്നദ്ധ പ്രവർത്തകനും സുവിശേഷവുമായി ഇനി ആ ഗ്രാമത്തിൽ വരുവാൻ പാടില്ല എന്നതായിരുന്നു അവരുടെ ആഗ്രഹം. അവർ സുവിശേഷകരെ മർദ്ദിക്കുവാൻ പദ്ധതിയിട്ടു. പകലായതിനാൽ ആരും അവരെ മർദ്ദിച്ചില്ല. എന്നാൽ ദൈവം ആ കൂട്ടത്തോടു ഇടപെട്ടു. ഒരു ദോഷവും ചെയ്യാതെ അവരെ വിട്ടയച്ചു. ഗോഹാജി ഗ്രാമത്തിലെ ജനങ്ങളുടെ മാനസാന്തരത്തിനും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**16 സെപ്റ്റംബർ**
**വെള്ളി**

**ജന്മദിനാശംസകൾ**

ശ്രീമതി. ഹേന കുമാരി ഗാൻസാൽവസ്

## പശ്ചിമ ബംഗാൾ

**താപാൻ : കിങ്സ്ലി ലിവിങ്സ്റ്റൺ & ഡെൾഫിൻ കിങ്സ്ലി; രഞ്ജൻ ഖാസ്ല, സതിഷ്കുമാർ**

21 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. എട്ടു സ്ഥലത്തു സുവിശേഷീകരണ പ്രവർത്തനം നടത്തി. അഞ്ച് ഗ്രാമങ്ങളിൽ രാത്രി യോഗങ്ങളും ആറിടത്തു ഫിലിം പ്രദർശനവും സംഘടിപ്പിച്ചു. മുരാരിപൂർ ഗ്രാമത്തിലെ ആരോതി ഹെബ്രത്തെ പൈശാചിക ബന്ധനത്തിൽ നിന്നും തിന്മ പ്രവർത്തികളിൽ നിന്നും ദൈവം വിടുവിച്ചു. മഞ്ഞപിത്തത്തിൽ നിന്ന് നിരാല ഹെബ്രം, നയോനി കിസ്കു എന്നിവരെയയും ഉയർന്ന രക്ത സമ്മർദ്ദത്തിൽ നിന്നു ജുമ്രി മുർമ്മുവിനെയും ശരീരത്തിലുണ്ടായ പരുക്കളിൽ നിന്നും മസ്ത്രി ടുഡുവിനെയും മാനസിക വിഭ്രാന്തിയിൽ നിന്നു ബാഹമുനി ഹസ്താക്കിനെയും കർത്താവ് പ്രാർത്ഥന കേട്ടു സൗഖ്യമാക്കി. മൂന്നു വയസ്സുള്ള ആൺകുട്ടി ഹോൾഡറിൽ കളിച്ചു കൊണ്ടിരുന്നപ്പോൾ അറിയാതെ വിരൽ അതിനകത്തു പോയി വൈദ്യുതാഘാതമേറ്റു വിറച്ചു കൊണ്ടിരുന്നു. അതു ശ്രദ്ധയിൽ പെട്ട മാതാപിതാക്കൾ പെട്ടെന്നു പ്രവർത്തിച്ചതിനാൽ അവന്റെ ജീവൻ രക്ഷപ്പെട്ടു.

ഈ മാസത്തെ പ്രവർത്തന ലക്ഷ്യം നേടേണ്ടതിനായി പ്രാർത്ഥിക്കുക. സന്താളികളുടെ കള്ള പ്രവാചകന്മാരുടെ മുന്നേറ്റം ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ഇവർ ജനങ്ങളുടെ സമ്പാദ്യം ചതിയിലൂടെ കൈക്കലാക്കുന്നു. ലതിക ഹസ്ത, സുകുർമുനി, റാബോൺ ടുഡു, ധാനി മുർമ്മു, സർക്കാർ ഹെബ്രം, ബീമോൾ ഹെബ്രം, ജ്യോത്സന, ലതിക മുർമ്മു, ജത സൊറൻ & പരിമോൾ സൊറൻ എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കനഹാർ, കടിടോള, സിയൽഗഞ്ച്, ഹൊതാത്പാട, ജോബെടോള, ജഗദീഷ്പൂർ, ദീനനഗർ, ജാട, ഡഗ്രടോള, ബോൽനാഥപൂർ എന്നിവിടങ്ങളിൽ സുവിശേഷത്തിന്റെ വാതിൽ തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെയും വിശ്വാസികളെയും ഉപദ്രവിക്കുന്ന സുക്‌ലാൽ സൊറൻ, നാരായൻ ടുഡു, സുനിറാം സൊറൻ, സോം ഹസ്താക്, സെബോൾ മാറാണി, കബിരാജ് മുർമ്മു എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിവാഹിതരായ രാജു & നായൻ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയരോഗിയായ ഫുൽ മുർമ്മുവിനെയും നമ്മുടെ സുവിശേഷകൻ കിരൺ മാറാണ്ടിയുടെ അമ്മായിയമ്മയെ വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ഫിലിം പ്രദർശനം, സുവിശേഷീകരണ പ്രവർത്തനം, വിശ്വാസികളുടെ ക്യാമ്പ്, ഭവന പ്രാർത്ഥനകൾ എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ സുവിശേഷകരുടെ കുടുംബം, സഭാമൂപ്പന്മാരുടെ കുടുംബം സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിച്ചു ശുശ്രൂഷയിൽ ശോഭിക്കേണ്ടതിനും അനേകരെ രക്ഷയിലേക്കു നയിക്കേണ്ടതിനും പ്രാർത്ഥിക്കുക.

**17 സെപ്റ്റംബർ**
**ശനി**

### ബല്ലൂർഗട്ട്

**ഹരമോഹൻ & സുസ്മ**

32 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. അഞ്ചു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ഒരു വേദപുസ്തകം നൽകി. സഭാമൂപ്പന്മാർക്കും സുവിശേഷകർക്കും പരിശീലനം സംഘടിപ്പിച്ചു. നമ്മുടെ സഭാമൂപ്പൻ സുശീൽ ഹസ്ത താൽക്കാലിക ദൈവാലയം പണിയുന്നതിനു തന്റെ വസ്തു ദാനമായി നൽകി. പാമ്പു കടിയേറ്റ ഏഴു വയസ്സുള്ള ജയ് ദീപ്, വാതരോഗത്താൽ വേദനയനുഭവിക്കുന്ന സുജയ്, മഞ്ഞപിത്ത രോഗിയായ അഞ്ജലി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികൾ മൂന്നു ഗ്രാമങ്ങളിൽ ആവേശത്തോടെ സുവിശേഷം അറിയിച്ചു.

ദാൻപൂർ ഗ്രാമത്തിലെ പുനുൽ സൊറൻ, റാസിടോല ഗ്രാമത്തിലെ ഫെസ് മാറാണ്ടിയും കുടുംബവും, ഡങ്ക ഗ്രാമത്തിലെ സാറ്റലൈറ്റ് സൊറൻ, ലഖിടോളയിലെ രാഹുൽ, ഉദാലിലെ പിപിങ്. ഖദാങ്ങിലെ റാബെസ്, ബാസ്നായിലെ മാത്‌ല എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിബിഎസ്, സുവിശേഷീകരണ ക്യാമ്പ്, പരിശീലന പ്രോഗ്രാമുകൾ എന്നിവ വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. കരൾ സംബന്ധമായ രോഗത്താൽ വലയുന്ന സാബിത്രി, ഗർഭാത്ര സംബന്ധമായ രോഗത്താൽ വലയുന്ന ഡുമ്നിക്, ശരീരത്തിൽ നിർക്കോളുള്ള സോനായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ദരിദ്രന്റെ നിലവിളി!

മദ്ധ്യപ്രദേശിൽ ദുൽക്കോത് മിഷൻ വയലിലെ കദാക്കു ഗ്രാമത്തിലെ പത്തു മാസം പ്രായമുള്ള സൊഹാന്റെ അസ്ഥിയിൽ മുറിവുണ്ടായി ഇത് അവന്റെ മലദ്വാരത്തെ അടച്ചു. അവന്റെ വയറൊഴിയാതെ കഷ്ടപ്പെട്ടു. ഡോക്ടറന്മാർ ശസ്ത്രക്രിയ നിർദ്ദേശിച്ചു. ഒരു ഓപ്പറേഷൻ കഴിഞ്ഞു. ഇനി ഒന്നു കൂടി വേണം. പൈതൽ വളരെ ക്ഷീണിതനായി. ഡോക്ടറന്മാർ മാതാപിതാക്കളോടു അവൻ ആരോഗ്യവാനാകുമ്പോൾ കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു. എന്നാൽ രക്ഷിതാക്കൾക്കു രണ്ടാമത്തെ ഒപ്പറേഷൻ താങ്ങുവാൻ പ്രാപ്തിയില്ലാത്തതിനാൽ അവനെ പ്രാർത്ഥനയിൽ ദൈവകരത്തിൽ സമർപ്പിച്ചു. അവർ ഒരു പ്രത്യേക പ്രാർത്ഥന ഇവനു വേണ്ടി സംഘടിപ്പിച്ചു. വിശ്വാസികളെല്ലാവരും ചേർന്നു വന്നു സൊഹാനു വേണ്ടി നിലവിളച്ചു. ദൈവത്തിന്റെ വലിയ കൃപയാൽ കുഞ്ഞിന്റെ വയർ തടസ്സമില്ലാതെ ഒഴിയുന്നു. പൈതൽ ആരോഗ്യത്തോടിരിക്കുന്നു. സൊഹൻ എന്ന പൈതലിനു കർത്താവ് നൽകിയ സൗഖ്യത്തിനായി ദൈവത്തിനു സ്തോത്രം. ഹല്ലെലുയ്യ!

**18**
**സെപ്റ്റംബർ**
**ഞായർ**

## ജന്മദിനാശംസകൾ

ശ്രീ. ജോൺ സ്റ്റീഫൻ

**ജമ്പാനി**

**എഫ്രയിം മല്ലി &**
**പ്രോസൺസിത മല്ലി**



അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു പുതിയ നിയമങ്ങളും ഒരു വേദപുസ്തകവും വിതരണം ചെയ്തു. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു സമുൽ മുർമ്മുവിനെ ദൈവം വിടുവിച്ചു. ബുപുതി പുഷാന്റെ കുടുംബത്തിൽ രോഗികളായിരിക്കുന്നവർക്കായി പ്രത്യേക പ്രാർത്ഥനകൾ നടത്തി.



സമർപ്പണമുള്ള രണ്ടു സ്വദേശ സുവിശേഷകരെയും ഒരു സന്നദ്ധ പ്രവർത്തകനെയും ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനായി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവീക സൗഖ്യം അനുഭവമാക്കിയ സിമുൽ കുടുംബമായി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശരീരം മുഴുവൻ പരുക്കൾ ബാധിച്ച സുഭകാരി പെസ്റ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാൻ ലക്ഷ്യമിട്ടിരിക്കുന്ന എല്ലാ യോഗങ്ങളും തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## പുനരുത്ഥാന ശക്തി

പശ്ചിമ ബംഗാളിൽ റാണിഗഞ്ച് മിഷൻ വയലിലുള്ള ബാഥൻ ഗ്രാമത്തിലുള്ള ശ്രീമതി പാനു ടുഡു ഉച്ചക്ക് 12 നും വൈകിട്ടും നാലിനും ഇടയിൽ മരിച്ചതായി ഗ്രാമീണൽ പ്രഖ്യാപിച്ചു. അവളെ ആശുത്രിയിലേക്കു കൊണ്ടു പോകുവാൻ രക്ഷിതാക്കൾ ശ്രമിച്ചപ്പോൾ മരിച്ച ആളിനെ ആശുപത്രിയിൽ കൊണ്ടു പോകുന്നതു കൊണ്ടു പ്രയോജനമില്ലെന്നു ഗ്രാമീണർ പറഞ്ഞു. ഈ പശ്ചാത്തിലലതത്തിൽ കുടുംബാംഗങ്ങൾ ദൈവത്തോടു പ്രാർത്ഥിച്ചിട്ടു അവളെ ആശുപത്രിയിലേക്കു കൊണ്ടു പോയി. ആശുപത്രിയിലേക്കു പോകുന്ന വേളയിൽ അവൾ ശ്വാസം എടുക്കുവാൻ തുടങ്ങി. ഇപ്പോൾ അവൾ സൗഖ്യത്തോടിരിക്കുന്നു അവൾ തന്റെ സാക്ഷ്യം സഭയിൽ പറഞ്ഞു. ദൈവത്തിനു സ്തോത്രം.

## യേശു ദൈവമാകുന്നു

മഹാരാഷ്ട്രയിൽ മോൾഗിൻ മിഷൻ വയലിൽ ഭാർക്കുണ്ട് ഗ്രാമത്തിലെ ലാലതിബായി ഒരു പൂജാരിയുടെ ഭാര്യായാകുന്നു. അവൾ അടിക്കടി വയറു വേദനയാൽ കഷ്ടപ്പെട്ടിരുന്നു. ദൈവാലയത്തിൽ നടക്കുന്ന ആരാധനയിൽ സംബന്ധിക്കുന്നതിനു അവളുടെ ഭർത്താവ് അനുവദിച്ചിരുന്നില്ല. എങ്ങനെയോ അവൾ ഒരു ദിവസം ആരാധനയിൽ സംബന്ധിച്ചു. അവൾ ഉദരവേദനയിൽ നിന്നു സൗഖ്യം പ്രാപിച്ചു. അടുത്ത ഞായറാഴ്ച അവൾ ഭർത്താവിനെയും കൂട്ടികൊണ്ടു ആരാധന യോഗത്തിൽ സംബന്ധിച്ചു ദൈവത്തെ മഹത്വപ്പെടുത്തി. അവർ പഴയതെല്ലാം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

**19 സെപ്റ്റംബർ തിങ്കൾ**

## ജന്മദിനാശംസകൾ

ശ്രീമതി. ഗ്ലോറി റോബർട്ട് വില്യം
ശ്രീ. പ്രത്യൂഷ് നായക്ക്

### പക്കുവഹാട്

**രാമകൃഷ്ണ @ ഏലിയ & അഞ്ചലി**



21 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 20 പുതിയ നിയമവും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. 17 രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു. ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഭവന സന്ദർശനത്തിലൂടെ 30 വീടുകളിൽ സുവിശേഷം എത്തിച്ചു. സിർജോൺ സൊറനു തന്റെ മൂന്നു ഏക്കർ സ്ഥലം തിരികെ ലഭിച്ചു. അജ്ഞാത രോഗത്തിൽ നിന്നും കൊച്ചു ഹെബ്രത്തെ ദൈവം സൗഖ്യമാക്കി. പന്നപൂർ ഗ്രാമത്തിലെ വിശ്വാസികളുടെ ആത്മീക വളർച്ചക്കു സഹായകരമായി ഭവന കൂട്ടായ്മകൾ ആരംഭിച്ചു.



ആത്മ രക്ഷയെക്കാൾ അധികം ഭൗതിക നന്മക്കായി യേശുവിനെ നോക്കുന്ന കുടുംബങ്ങൾക്കായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായ ചുങ്കി ടുഡു, സുർജു സൊറൻ, ഗണേഷ് മുർമ്മു എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. മഴ ലഭിക്കാത്തതിനാൽ ഇവിടെയുള്ള ജനങ്ങൾ മറ്റു സ്ഥലങ്ങളിലേക്കു കുടിയേറി പോകുന്നു ഇതു നിമിത്തം കുട്ടികളുടെ പഠനം തുടരുവാൻ കഴിയുന്നില്ല. വിവാഹിതരായ ദമ്പതികൾ വേർപിരിഞ്ഞു ജീവിക്കേണ്ടി വരുന്നു. ശരിയായ ആത്മീക കൂട്ടായ്മ ഇല്ലാത്തതിനാൽ വിശ്വാസ ജീവിതത്തിൽ ഉറച്ചു നിൽക്കുവാൻ കഴിയുന്നില്ല. അതിനാൽ ഇവിടെ നല്ല മഴ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 16 വയസ്സുള്ള അട്ടമുനിയെ വിവാഹിതയാകുവാൻ മാതാപിതാക്കൾ സമർദ്ദം ചെലുത്തുന്നു. മാനസിക രോഗിയായ രജ്ജീബ് സൊറന്റെ സൗഖ്യത്തിനായും ആരാധന യോഗത്തിൽ പതിവായി സംബന്ധിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വ്യാജ ബാങ്കിടപാടിൽ 15000 രൂപ നഷ്ടപ്പെട്ട ബ്രിട്ടൻ ടുഡുവിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു നിലനിൽക്കുന്ന സാമൂഹ്യ തിന്മകളായ നിയമ വിരുദ്ധമായ ബന്ധം, വിവാഹം കഴിക്കാതെ ഒരുമിച്ചു ജീവിക്കുക, ശൈശവ വിവാഹം എന്നിവ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.

### സൗഖ്യദായകനായ ദൈവം

പശ്ചിമ ബംഗാളിലെ മാത് ടോള ഗ്രാമത്തിലെ സുനിൽ മാറാണ്ടി ഒരു ആഭിചാര പ്രവർത്തകനായിരുന്നു. 8.7.2022 ൽ അവന്റെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അവൻ പൂജാരിയായിരുന്നപ്പോൾ അനേകരെ ഗുരു ആരാധകരാക്കിയിരുന്നു. എന്നാൽ ദൈവം ആ കുടുംബത്തെ സ്പർശിച്ചു. അവർ അടിക്കടി രോഗികളായി, ഗുരുവിനു അവരെ ചികിത്സിക്കുവാൻ പണമില്ലാതെ വന്നു. ഒരുനാൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച അവരുടെ ബന്ധുക്കളിൽ ഒരാൾ സുവിശേഷം പങ്കുവെച്ചു. അവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനെ തുടർന്നു ആ കുടുംബം ആരോഗ്യത്തോടിരിക്കുന്നു. ദൈവത്തിനു സ്തോത്രം.

**20** സെപ്റ്റംബർ
ചൊവ്വ

## ജന്മദിനാശംസകൾ

ശ്രീ. യോഹാൻ മാർട്ടോ

## ഒടിഷ

### കിയോൻജഹർ

**പ്രത്യുഷ് നായക് & ലീയോണ**

എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 39 പുതിയ നിയമങ്ങളും ഒരു വേദപുസ്തകവും വിതരണം ചെയ്തു. രണ്ടു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. 39 സ്ഥലത്തു രാത്രി യോഗങ്ങൾ ക്രമീകരിച്ചു. യുവജനങ്ങളുടെ പരിശീലന പ്രോഗ്രാം, രണ്ട് സ്ഥലത്തു യുവജന യോഗം എന്നിവ സംഘടിപ്പിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും സിഗറിനെ കർത്താവ് വിടുവിച്ചു. കഠിനമായ നെഞ്ചു വേദനയിൽ നിന്നു ഇന്തു മുണ്ടയെ കർത്താവ് സൗഖ്യമാക്കി.

നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്ന മാധു ജുവാങ്, റെയ്മതി ജുവാങ്, ശങ്കര ജുവാങ്, മഗുമാന ജുവാങ് എന്നിവർ മാനസാന്തരപ്പെട്ടു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജുവാങ് ജാതിക്കൂട്ടത്തിൽ നിന്നു പിന്മാറി പോയവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക, കരൾ എന്നിവ സംബന്ധമായ രോഗത്താൽ വലയുന്ന കിഷനാൻ ജാൻകയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹോ, ജുവാങ് എന്നീ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിലുള്ള പ്രവർത്തനം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### റിമുലി

**ശങ്കർ & ജലിൻ**

11 പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 45 പുതിയ നിയമങ്ങളും വേദപുസ്തകവും വിതരണം ചെയ്തു. 14 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 12 രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു. കൊന്ന സഭയിലെ ഉപദ്രവിക്കുന്ന വ്യക്തി നിമിത്തം പ്രശ്നം ഗുരുതരമായി പരാതി ജില്ല മജിസ്ട്രേറ്റിന്റെ അടുക്കൽ വരെ എത്തി. ഇപ്പോൾ അനേകരുടെ പ്രാർത്ഥനയുടെ ഫലമായി സ്ഥിതി ഗതികൾ ശാന്തമായി. പൈശാചിക ബന്ധനത്താൽ മുടന്തയായ സുകന്തി മുണ്ടയെ വിശ്വാസികൾ ഒരുമിച്ചു ചേർന്നു പ്രാർത്ഥിച്ചപ്പോൾ കർത്താവ് സൗഖ്യമാക്കി.

മത്തിയാൽസായി സഭയിലെ ആരാധനയിൽ അനേക പുതിയ വ്യക്തികൾ സംബന്ധിക്കുന്നു. പമ്പോടിയ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമങ്ങളിൽ നടത്തുവാൻ പദ്ധതിയിട്ടിരിക്കുന്ന സുവിശേഷീകരണ പ്രവർത്തനം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യോഗങ്ങളുടെയും പരിശീലന പ്രോഗ്രാമുകളുടെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**21 സെപ്റ്റംബർ**
**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ശ്രീ. പ്രശാന്ത കുമാർ കെ

### ഢെങ്കനാൽ

**സന്തു മാറാണ്ടി, സുരേഷ് മാൾട്ടോ**

ഏഴു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. 26 പുതിയനിയമങ്ങളും ലഘുലേഖകളും വിതരണം ചെയ്തു. എട്ടു സ്ഥലത്തു സുവിശേഷം പ്രഘോഷിച്ചു. എട്ടു സ്ഥലത്തു രാത്രിയോഗങ്ങൾ ക്രമീകരിച്ചു. എട്ടു ഗ്രാമങ്ങളിൽ അനുധാവന വേല നടത്തി. വിബിഎസ് അദ്ധ്യാപകർക്കു നടത്തിയ മൂന്നു ദിവസത്തെ പരിശീലന പരിപാടിയിൽ 17 പേർ പങ്കെടുത്തു. അവർ നാലു സ്ഥലത്തു വിബിഎസ് നടത്തി. രണ്ടു വിശ്വാസികളുടെ വിവാഹം സഭയിൽ വെച്ചു നടത്തി. വിവാഹ ശുശ്രൂഷയിൽ പങ്കെടുത്ത അക്രൈസ്തവരോടു സുവിശേഷം പങ്കുവെച്ചു. പക്ഷാഘാതത്തിൽ നിന്നും സിദ പൂർത്തിയെയും സിദ സത്താറിനെയും കർത്താവ് സൗഖ്യമാക്കി. നാലു കുടംബം ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

ഗ്രാമത്തലവന്റെയും ഗ്രാമ ഗുരുവിന്റെയും മഗന്ത ജാതിക്കൂട്ടത്തിന്റെയും എതിർപ്പിനെ തുടർന്നു രണ്ടു വർഷത്തോളം നിർത്തിവെച്ച കോരകാദിയ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം പുനരാരംഭിക്കുന്നതിനു ഗ്രാമീണരും ചില വിശ്വാസികളും തമ്മിൽ ആലോചിച്ചു. ഈ ദൈവാലയം നിർമ്മിച്ചു ദൈവനാമ മഹത്വത്തിനായി സമർപ്പിക്കേണ്ടതിനു ദൈവത്തോടു പ്രാർത്ഥിക്കാം. വരട്ട ചുമയാലും നെഞ്ചു വേദനയാലും ഒരു വർഷത്തിലധികമായി കഷ്ടപ്പെടുന്ന ജാനോ കോളയെ കർത്താവ് തൊട്ടു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ സംബന്ധിക്കുന്ന സാബിത്രി ഹെംബ്രം ഒരു വർഷത്തിലധികമായി തലവേദനയാലും കാലു വേദനയാലും വലയുന്നു, സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ജാഷിപൂർ : സുകിൻലാൽ & ജയറാണി; അരവിൻ കുമാർ, ഏബ്രഹാം**

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. അഞ്ചു വേദപുസ്തകങ്ങൾ വിതരണം ചെയ്തു. മനാദ ഗ്രാമത്തിൽ ഒരു ആരാധനക്കൂട്ടം രൂപികരിച്ചു. മദ്ധ്യവേനൽ അവധി കഴിഞ്ഞ് ബാല ഭവനത്തിലെ എല്ലാ കുട്ടികളും മടങ്ങി വന്നു. സിമിലിപാൽ, പിദോ, ജാഷിപൂർ എന്നീ ഗ്രാമങ്ങളിൽ നടത്തിയ വിബിഎസുകളിൽ 280 കുട്ടികൾ ആവേശത്തോടെ സംബന്ധിച്ചു.

ബാലഭവനത്തിലേക്കു പുതുതായി ചേർന്നു വന്ന കുട്ടികൾ ബാലഭവനത്തിന്റെ സാഹചര്യവുമായി വേഗത്തിൽ ഇണങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. പിരജോതി ഗ്രാമത്തിൽ ഒരു ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ബഹുവ ഗ്രാമത്തിലെ ദൈവാലയ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹോ ജനവിഭാഗത്തിന്റെ മദ്ധ്യെ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയം അത്യാവശ്യമായിരിക്കുന്ന സവരാതി, കദഗുരുവ, പ്രുതി എന്നീ ഗ്രാമങ്ങളിൽ ദൈവാലയങ്ങൾ പണിയേണ്ടതിനായി പ്രാർത്ഥിക്കുക. സാക്തി ബാല ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനം തടസ്സങ്ങളില്ലാതെ വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ട്യൂഷൻ അദ്ധ്യാപകനും കുടുംബവും ബാലഭവനത്തിലെ കുട്ടികളെ പഠനത്തിൽ സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**22 സെപ്റ്റംബർ**
**വ്യാഴം**

## ഗുജറാത്ത്

**ദബോയ് : ബിദുഷ് കുമാർ നായക് & പ്രീതിബല**

യേശുക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. അഞ്ചു സ്ഥലങ്ങളിൽ ആരാധന യോഗം സംഘടിപ്പിച്ചു. ലീലബന്നിന്റെ ഉദരത്തിലുള്ള ട്യൂമർ നീക്കം ചെയ്യുന്ന ശസ്ത്രക്രീയ വിജയകരമായിരുന്നു. നല്ല മഴ ലഭിച്ചു.

ഉടനെ നടത്തുവാൻ പോകുന്ന വിശ്വാസികളുടെ യോഗം, സഭാ മൂപ്പന്മാരുടെ യോഗം, പരിശീലന പ്രോഗ്രാം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ദാനമായി നൽകുവാൻ വിശ്വാസികൾ തയ്യാറാകേണ്ടതിനായി പ്രാർത്ഥിക്കുക. മുകേഷ് ഭായിക്കു നേത്ര രോഗത്തിൽ നിന്നും സൗഖ്യം ലഭിക്കേണ്ടതിനും ധ്രൂബ ായി എന്ന ചെറുബാലനു കാഴ്ചയും നടക്കുന്നതിനും സംസാരിക്കുന്നതിനും കഴിവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂൾ, ജാവഡ**

**ഹരിബാബു & പങ്കജം, പൊൻ അഗസ്റ്റിൻ & ജോയ്സ് ശോഭന, വെങ്കിട പ്രവീൺ & ബ്യൂല; അൽഫോൻസ് & ഷൈനി സ്നേഹ വർഗീസ്; സതീശ് & ജയന്തി ക്രിസ്റ്റി; ബിജുലാൽ & സ്റ്റെഫി; ദാനിയേൽ രാജമണി & സോഫിയ; രൂത്ത്, മാനിയ, ഗായത്രി, എയ്ഞ്ചൽ രാജ്**

പിപ്പൽവാഡ ബാലഭവനത്തിൽ ശക്തമായ മഴയെ തുടർന്നു പെട്ടെന്നുണ്ടായ അമിതമായ വൈദ്യുത പ്രവാഹത്തിൽ എല്ലാവരെയും എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങളെയും കർത്താവ് സംരക്ഷിച്ചു. സ്കൂളിലും ബാലഭവനത്തിലുമുള്ള എല്ലാ കുട്ടികളെയും വിഷ പാമ്പിന്റെ ദംശന മേൽക്കാതെ ദൈവം പരിപാലിക്കുന്നു. എല്ലാ കുട്ടികളും അവരുടെ ക്ലാസ്സ് പരീക്ഷ എഴുതി. ബാലഭവനത്തിനു നല്ല ഒരു പാചകക്കാരനെ നൽകി ദൈവം അനുഗ്രഹിച്ചു. ലബോറട്ടറിക്കാവശ്യമായ ഉപകരണങ്ങൾ, കമ്പ്യൂട്ടർ, പ്രോജക്ടർ, ഉച്ചഭാഷണി തുടങ്ങിയവ വാങ്ങുവാൻ ദൈവം സഹായിച്ചു. ഈ വർഷം 72 കുട്ടികൾക്കു പുതുതായി പ്രവേശനം നൽകി. കുട്ടികളുടെ ഇടയിൽ പ്രാർത്ഥനക്കൂട്ടം ഉരുവാക്കി. ഉച്ചഭക്ഷണ സമയത്തു അവർ പ്രാർത്ഥിക്കുവാനായി ഒരുമിച്ചു കൂടും. 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഒരു ഏകദിന സമ്മേളനം നടത്തി. നമ്മുടെ മിഷനറിമാർ നേതൃത്വം നൽകി.

പിതാവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന പ്രിൻസ് എന്ന ബാലന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ചികിത്സക്കായി ഭവനത്തിലേക്കു പോയ കുട്ടികൾക്കായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ അടുക്കളയുടെയും പ്രവർത്തകരുടെ താമസ സ്ഥലത്തിന്റെയും അറ്റകുറ്റ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികൾ ആത്മീകവും ഭൗതികവും സാമൂഹ്യവുമായ വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്കൂളിന്റെ ആവശ്യത്തിനായി ഒരു ജീപ്പ് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഓഡിറ്റോറിയ നിർമ്മാണത്തിന്റെ ശേഷിക്കുന്ന എല്ലാ ജോലിയും വേഗത്തിൽ തീർക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 23 സെപ്റ്റംബർ വെള്ളി

### ജന്മദിനാശംസകൾ

ശ്രീ. ദാനിയേൽ വിജയരാജ്
ശ്രീമതി. ലൂർദ്ദു മേരി ഗിരി ബാബു
ശ്രീമതി. ജാസ്മിൻ കവിത ഡെൻസിങ്

### സൂറത്

**മാധവറായ് & ജപതങ്കം**

മൂന്നു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 70 പുതിയ വ്യക്തികൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. സായിബാബ കോളനി, പന്ദേസര പോലിസ് കോളനി, പ്രിയങ്ക സൊസൈറ്റി എന്നിവിടങ്ങളിൽ നിന്നു പുതിയ സ്നേഹിതരെ ലഭിച്ചു. നമ്മുടെ വിശ്വാസിയുടെ മകൻ ക്രിസിനു 12-ാം ക്ലാസ്സിലെ പരീക്ഷയിൽ (CBSC) 75% മാർക്ക് ലഭിച്ചു. സാമ്പത്തീക ഞെരുക്കും കാരണം പതിനൊന്നാം ക്ലാസ്സിലെ പഠനം സത്യനു രണ്ടു വർഷം നിർത്തിവെക്കേണ്ടി വന്നു. സമീർബായിക്കു നല്ല ഒരു ജോലി കിട്ടി.

തദ്ദേശ ഭരണ സംവിധാന ഉദ്യോഗസ്ഥർ ദൈവാലയം പണിയുന്നതിനു സമീപ പ്രദേശത്തു സ്ഥലം അനുവദിച്ചു നൽകേണ്ടതിനായി പ്രാർത്ഥിക്കുക. 42 വയസ്സായ മകൻ ആൽബർട്ടിന്റെ വേർപാടിൻ ദുഖത്തിലായിരിക്കുന്ന റോബർട്ട് ബായി, ലാവണ്യ ബൻ എന്നിവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ കാൻസർ ബാധിച്ച ശർമ്മിള ബന്നിനെയും മോട്ടർ സൈക്കിൾ അപകടത്തിൽ കാലിനു പൊട്ടലുണ്ടായി നടക്കുവാൻ കഴിയാത്ത അലുബായിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഫാക്ടറി ഉടമസ്ഥൻ ഫാക്ടറി വിറ്റതിനാൽ പൂനംബന്നിന്റെ ഭർത്താവ് ഹരേന്ദ്ര ബായിയുടെ ജോലി നഷ്ടപ്പെട്ടു. അദ്ദേഹത്തിനു പുതിയ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗമൻബായിയുടെ ഭവന നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും അയാളുടെ മകൻ ദാവൂദ് മുക്തനാകേണ്ടതിനും പത്താം ക്ലാസ്സിലെ പരീക്ഷക്കായി വീണ്ടും ഒരുങ്ങുന്ന മകൾ പൂജക്കായും പ്രാർത്ഥിക്കുക. നിലേശ് ബായിയുടെ മകൻ നീറ്റ് പരീക്ഷ വിജയിക്കേണ്ടതിനും MBBS നു പ്രവേശനം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ആയുഷിനു ആയുസ്സ് ലഭിച്ചു

മദ്ധ്യപ്രദേശിൽ ദത് ഡബ്രിയാൻ മിഷൻ വയലിലെ ഏഴു വയസ്സുള്ള ബാലൻ ആയുഷ് നമ്മുടെ വിശ്വാസി ബബ്ലുവിന്റെ മകനാകുന്നു. അവൻ വളരെ ഊർജ്ജസ്വലനായിരുന്നു. ഒരു പ്രത്യക യോഗ സമയത്തു റോഡിന്റെ വശത്തു പാർക്കു ചെയ്തിരുന്ന ഇലക്ട്രിക് ഓട്ടോ ആയുഷ് സ്റ്റാർട്ട് ചെയ്ത് അതിന്റെ ആക്സിലേറ്റർ തിരിച്ചു. അടുത്ത് ആരുമില്ലാതിരന്നതിനാൽ ഓട്ടോ റിക്ഷ നീയന്ത്രണം വിട്ട് ഒരു കുഴിയിൽ വീണു. പിന്നീട് ഈ അപകടം ആളുകളുടെ ശ്രദ്ധയിൽ പെട്ടപ്പോൾ ആയൂഷ് അതിൽപെട്ടു ജീവൻ നഷ്ടപ്പെട്ടെന്നു ജനം ചിന്തിച്ചു. എന്നാൽ അവൻ ഓട്ടോ റിക്ഷയുടെ അടിയിൽ നിന്നു നൂർന്നു ഇറങ്ങി. ഓട്ടോ റീക്ഷ തകർന്നു പോയെങ്കിലും അവനു പരുക്കുകളൊന്നും പറ്റിയില്ല. ദൈവം ബാലനെ അത്ഭുതകരമായി പരിപാലിച്ചു.

## 24 സെപ്റ്റംബർ ശനി

### ജന്മദിനാശംസകൾ

ശ്രീമതി. നിർമ്മല മിത്രൻ
ശ്രീമതി. ശാന്തി ലാൽ കൃഷൻ കുമാർ

## മഹാരാഷ്ട്ര

### മോൾഗി

**ഭരണിധരൻ & സെൽവറാണി**

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഒരു ആരാധനക്കൂട്ടം രൂപീകരിച്ചു. 15 പുതിയ നിയമങ്ങളും ആറു വേദപുസ്തകങ്ങളും വിതരണം ചെയ്തു. എട്ടു ഗ്രാമങ്ങളിൽ സ്ത്രീകളുടെ യോഗം സംഘടിപ്പിച്ചു. യുവജനങ്ങൾക്കായി ഒരു വേദപഠന ക്ലാസ്സ് നടത്തി. ജമ, അജ്ഞലി എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. നാലു വർഷത്തിലധികം നെഞ്ചു വേദനയാൽ കഷ്ടപ്പെട്ട രേഖബായിയെ കർത്താവ് സൗഖ്യമാക്കി.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ ക്രിസ്തേശുവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ പങ്കെടുക്കുന്ന പുതിയ രണ്ടു കുടുംബം യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിൽ വിശ്വസിക്കുന്ന സക്രബായിയുടെ നാലു വർഷം പഴക്കമുള്ള തലവേദനയും നെഞ്ചു വേദനയും സുഖമാകേണ്ടതിനായി പ്രാർത്ഥിക്കുക. താജ്‌ലി ബായിയുടെ കുടുംബാംഗങ്ങൾ ആരാധനയോഗത്തിൽ സംബന്ധിക്കുന്നു താജ്‌ലി ബായി പക്ഷാഘാതത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ബോരാഡി

**ഓം പ്രകാശ് & സപ്ന**

ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 25 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു പുതിയ നിയമങ്ങളും രണ്ടു വേദപുസ്തകങ്ങളും വിതരണം ചെയ്തു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഉപവാസ പ്രാർത്ഥന, ഭജൻ യോഗങ്ങൾ, സണ്ടെ സ്കൂളുകൾ എന്നിവ വിവിധ ഗ്രാമങ്ങളിൽ സംഘടിപ്പിച്ചു. രണ്ടു ദിവസത്തെ കുട്ടികളുടെ ക്യാമ്പും സ്ത്രീകളുടെ ക്യാമ്പും സംഘടിപ്പിച്ചു. പതിവായുള്ള സ്ത്രീജന യോഗങ്ങൾ നടത്തി. അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. അഞ്ചു ഗ്രാമങ്ങളിൽ വേദപഠന ക്ലാസ്സുകൾ നടത്തി. ഭിത്തി മറിഞ്ഞു ദേഹത്തു വീണ ഗുഡ്ഡു ബായിയെ ദൈവം സുരക്ഷിതമായി പരിപാലിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ഉപവാസ പ്രാർത്ഥന, ഭജന, സ്ത്രീകളുടെ യോഗം, വേദപഠന ക്ലാസ്സ് എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. സമതിയുടെ പ്രവർത്തനം സുഗമമായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരൾ വീക്കത്താൽ കഷ്ടപ്പെടുന്ന കാവ ബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അധരത്തിൽ കാൻസാർ ബാധിച്ച മുന്നബായി, ക്ഷയ രോഗിയായ രമേശ്ബായി, ഗർഭപാത്ര കാൻസറിനാൽ വലയുന്ന ജന്തിബായി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 25 സെപ്റ്റംബർ ഞായർ

### ജന്മദിനാശംസകൾ

ശ്രീ. ആൽബർട്ട് പ്രഭാകരൻ

### വടഫാലി

**ബിദ്യുത് കുമാർ സിങ് &**

**ഹേബാൽ ഹെബ്രം**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മഴക്കാലം ആയിരിന്നിട്ടും ഏഴു ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തി. ഒരു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. പിന്മാറ്റക്കാരായവർ വിശ്വാസത്തിലേക്കു തിരികെ വന്നു. അരിവാൾ രോഗത്തിൽ നിന്നും ഗീത ബായിയെ കർത്താവ് സൗഖ്യമാക്കി.

ഞായാറാഴ്ച ആരാധനയിൽ പതിവായി സംബന്ധിക്കുന്നുണ്ടെങ്കിലും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ മടിക്കുന്നു. ഇവർക്കായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ നിന്നും പിന്മാറി പോയ എല്ലാവരും മടങ്ങിവരേണ്ടതിനായി പ്രാർത്ഥിക്കുക. അവിവാഹിതരായ മിഷനറിമാരെ സ്വീകരിക്കുന്നതിനു മടിക്കുന്ന ജനങ്ങൾക്കായി പ്രാർത്ഥിക്കുക.

## കർണ്ണാടക

### മുന്ദ്ഗോഡ്

**സുനിൽ കുമാർ & സംഗീത**

അഞ്ചു പുതിയ നിയമങ്ങളും അഞ്ചു വേദപുസ്തകങ്ങളും വിതരണം ചെയ്തു സുവിശേഷം അറിയിച്ചു. അഞ്ചു ഗ്രാമങ്ങളിലുള്ള 50 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. തരാപ്പ, മെയിലാരി എന്നിവർ മുഴുരാത്രി പ്രാർത്ഥന വേളയിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിയപ്പോൾ വിഷ്ണു, പ്രിയ എന്നിവരെ നിയന്ത്രിച്ചിരുന്ന മൂന്നു ദുരാത്മാക്കൾ അവരെ വിട്ടുപോയി. പക്ഷാഘാതത്താൽ കഷ്ടപ്പെട്ട 55 വയസ്സുള്ള മഹാദേവിനെ കർത്താവ് സൗഖ്യമാക്കി.

കടം വാങ്ങിയ 75,000 രൂപ തിരികെ അടയ്ക്കുവാൻ സാധിക്കാത്തതിനാൽ കോടതി കേസിനെ അഭിമുഖീകരിക്കുന്ന സരോജയെ കർത്താവ് കടഭാരത്തിൽ നിന്നു വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു ആറു വർഷമായ രാജു - കൃപ ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആഭിചാര ക്രിയയാൽ മദ്യത്തിനടിമയായ മജ്ജുനാഥ് മൂന്നു ലക്ഷം രൂപ കടക്കാരനായിരിക്കുന്നു. ഇയാളുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലുള്ള യൗവ്വനക്കാർ ദൈവവേലയിൽ സുവിശേഷകരെ സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തനിയെ പാർക്കുന്ന വേലമ്മയെ അവളുടെ മകനും മരുമകളും സ്വീകരിക്കേണ്ടതിനും അവർ ഒരുമിച്ചു ജീവിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളുടെ കരങ്ങളിൽ നിന്നു സുവിശേഷകർക്കും മിഷനറിമാർക്കും വിശ്വാസികൾക്കും സുരക്ഷിതത്വം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**26 സെപ്റ്റംബർ**
**തിങ്കൾ**

## ജന്മദിനാശംസകൾ

ശ്രീമതി. റബേക്കാമ്മ പോൾ
ശ്രീ. സെയിഘോതാങ് സൗ

### ഷിഗ്ഗൗൺ

**സുനിൽകുമാർ & സംഗീത**

15 പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 30 പുതിയ നിയമങ്ങളും 13 വേദപുസ്തകങ്ങളും വിതരണം ചെയ്തു. സായൻ ഗ്രാമത്തിലെ 38 വയസ്സുള്ള യല്ലവയെയും ഗണവയെയും ശ്വാസന സംബന്ധമായ രോഗത്തിൽ നിന്നും സുനിതയെ തൈറോയിഡിൽ നിന്നും രാഫാനയെ കഠിന ജ്വരത്തിൽ നിന്നും ദൈവം സൗഖ്യമാക്കി.

ആറു മാസമായി കാൻസർ രോഗത്താൽ വലയുന്ന നിലമ്മയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. തുടയിലുണ്ടായ അണുബാധയാൽ കാൽ കറുത്തു പോയ യല്ലുപ്പയെയും ക്ഷയ രോഗിയായ നബി സഹബിനെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശിവാജി, മഞ്ജു, റീത്ത എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ആന്ധ്രപ്രദേശ്

### മാന്ദനപ്പള്ളി

**വെങ്കിടേശൻ & ശശികല**

വാലസപല്ലെ, മൊലകാലദിന്നെ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷണത്തിനു അവസരം ലഭിച്ചു. അഞ്ചു പുതിയ നിയമങ്ങൾ വിതരണം ചെയ്തു. പൈശാചിക ബന്ധനത്തിൽ നിന്നു ചിന്നപ്പമ്മയെയും മദ്യാസക്തിയിൽ നിന്നു രമേശിനെയും കർത്താവ് വിടുവിച്ചു. ദിന പരിപാലന കേന്ദ്രത്തിലെ വൈദ്യുതി ലൈനിന്റെ അറ്റകുറ്റ പണി ചെയ്യുന്ന വേളയിൽ വൈദ്യുതാഘാതം ഏറ്റ ചാൾസിനെ ദൈവം പരിപാലിച്ചു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന ചന്ദ്രമ്മ, നന്ദിനി, മാരക്ക, സീനാമ്മ, സുബ്രമണി, നാഗവേണി, സന്ധ്യ, സരസക്ക. സുരേന്ദ്ര, ഗായത്രി എന്നിവർക്കായി പ്രാർത്ഥിക്കുക. സുവിശേഷ പ്രഘോഷണത്തിനു കൂടുതൽ ആളുകളുടെ സഹായം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗണേശ് & സമ്പാവി എന്നീ ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആരും സഹായിക്കുവാനില്ലാതെ ശയ്യാവലംബനായിരിക്കുന്ന വെങ്കിട്ടരാമണയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായിരുന്ന അഞ്ജലി വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക.

## ഇളകാത്ത വിശ്വാസം!

ജമ്മുവിൽ നാരോട് മിഷൻ വയലിലെ പില്ലർ ഗ്രാമത്തിലെ അനിത രാജ്പുട് കുടുംബത്തിലെ അംഗമാണ്. കുടുംബത്തിൽ അവൾ മാത്രമാണ് യേശുവിനെ രക്ഷിതാവായി സ്വീകരിച്ചത്. ഈ മാസം അവളുടെ രണ്ടു പുത്രന്മാരും മരുമക്കളും ചേർന്ന് അവളെ ക്രൂരമായി മർദ്ദിക്കുകയും അവളുടെ വേദപുസ്തകം കത്തിച്ചും കളയുകയും ചെയ്തു. അവർ ചില സുവിശേഷവിരുദ്ധരെ ഭവനത്തിലേക്കു വിളിച്ചു വരുത്തി അവളെ ഭീഷണിപ്പെടുത്തുക വരെ ചെയ്തു. എന്നാൽ അവൾ വിശ്വാസത്തിൽ ഉറച്ചു നിന്നു ക്രമമായി ഞായറാഴ്ച ആരാധന യോഗത്തിൽ സംബന്ധിച്ചു വരുന്നു.

**27 സെപ്റ്റംബർ**
**ചൊവ്വ**

## ജന്മദിനാശംസകൾ

### ഡാമലച്ചെരിവ്

**ജോൺ ഡേവിഡ് രാജ് & ജ്ഞാനശേഖരി**



നാലു സ്ഥലത്തു വിബിഎസ് നടത്തി. 75 കുട്ടികൾ സംബന്ധിച്ചു. നേതൃത്വ പരിശീലനം സംഘടിപ്പിച്ചു. ജോലി സ്ഥലത്തു വൈദ്യുതാഘാതമേറ്റ റാണിയെ യേശു നാമം ഉരുവിട്ട വേളയിൽ ദൈവം വിടുവിച്ചു. അപകടത്തിൽ പെട്ടു നടക്കുവാൻ കഴിയാതെ ശയ്യാവലംബയായിരുന്ന കൃപ പാർവതിയെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി. ഭർത്താവ് ഉപേക്ഷിച്ചു പോയ ദാനമ്മ ഗർഭാവസ്ഥയിൽ ഗുരുതര സ്ഥിതിയായിരുന്നെങ്കിലും ഇരട്ട കുട്ടികൾക്കു ജന്മം നൽകി. വിവാഹ ബന്ധം വേർപെടുത്തിയ ലോകേഷും ബ്യൂല രാജയും പ്രാർത്ഥനയുടെ ഫലമായി രമ്യപ്പെട്ടു ഒരുമിച്ചു പാർക്കുന്നു. പിന്മാറ്റക്കാരയവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഇടുപ്പിനു താഴെ തളർന്നു പോയ സോളമൻ രമേശ് സഭാ ആരാധനയിൽ ഏറെ പ്രയാസം സഹിച്ച് ക്രമമായി പങ്കെടുക്കുന്നു. ചക്രകസേരയിൽ മോട്ടർ പിടിപ്പിച്ചു അവൻ യാത്ര ചെയ്യുന്നു. മോട്ടർ ഘടിപ്പിച്ച ഒരു മുന്നു ചക്ര വാഹനം അവനു അത്യാവശ്യമാകുന്നു. അവന്റെ ഭാര്യക്കു ഒരു ജോലിയും വേണം.



തങ്ങളുടെ പരീക്ഷ എഴുതുന്ന ആശ ഗ്രേസ്, സാത്തിരാക്, കൃഷ്ടി, റെഡ്ഡി പ്രസാദ്, മേശക് എന്നിവർക്കായി പ്രാർത്ഥിക്കുക. എസ്ഥേർ അമ്മയുടെ കുടുംബ സമാധാനത്തിനായി പ്രാർത്ഥിക്കുക. ആ കുടുംബത്തിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കണം. ജോൺസണിന്റെ ശരീരത്തിലെ നീർക്കോൾ സൗഖ്യമാകേണ്ടതിനും ആ കുടുംബം പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരാകേണ്ടതിനുമായി പ്രാർത്ഥിക്കുക. ക്രമമായി ആരാധനയിൽ സംബന്ധിക്കുന്ന പ്രസാദിനു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യപാനത്തിൽ നിന്നും നാഥമുനി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അക്രൈസ്തവനെ വിവാഹം കഴിച്ച ബ്ലസ്സി അശ്വനി അവളുടെ ഭർത്താവിനെ രക്ഷയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർന്നു പോയ വീരപുതിയാര്യയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലുത്തിയമ്മ വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക.

## പെട്ടെന്നുള്ള ചെറിയ പ്രാർത്ഥന

ഗുജറാത്തിൽ മോതപോണ മിഷൻ വയലിലെ വരോലി ഗ്രാമത്തിൽ വിശ്വാസിയായ ജമ്മുബായി വസിക്കുന്നു.അവൻ തന്റെ ഭവനത്തിന്റെ ഭിത്തിയിലുള്ള വയറിൽ തൊട്ടു. മഴക്കാലമായതിനാൽ ഭത്തിയിൽ നനവുണ്ടായിരുന്നു. അവനു വൈദ്യുതാഘാതമേറ്റു. കർത്താവേ രക്ഷിക്കണമേ എന്നു ഉറക്കെ നിലവിളിച്ചു. അവന്റെ നാലു വിരലുകളിൽ മാരകമായ പൊള്ളലേറ്റു അവനെ രക്ഷിക്കുവാൻ വന്ന ഭാര്യയെ വിലക്കി. വൈദ്യുത ബന്ധം വിച്ഛേദിക്കുവാൻ വെളിയിലുള്ള ആരുടെയെങ്കിലും സഹായം തേടുവാൻ ആവശ്യപ്പെട്ടു. ഓടി വന്ന ആൾ ഉണങ്ങിയ വടി ഉപയോഗിച്ചു വൈദ്യുത ബന്ധം വേർപെടുത്തി. ചെറിയ പ്രാർത്ഥന അവന്റെ ജീവൻ രക്ഷിച്ചു.

**28 സെപ്റ്റംബർ ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

### കലക്കാദ

**വേദിയപ്പൻ & ലക്ഷ്മി, ലാബൻ രാമുബായി**

100 പുതിയ നിയമങ്ങളും 50 സുവിശേഷ പ്രതികളും ഒരു വേദപുസ്തകവും വിതരണം ചെയ്തു. നാലു സ്ഥലങ്ങളിൽ നടത്തിയ വിബിഎസിൽ 141 കുട്ടികൾ സംബന്ധിച്ചു. ചിന്നതുവാൽവാലിപള്ളി, മോലകുന്തപള്ളി, ബങ്കരുവാനലപള്ളി എന്നിവിടങ്ങളിലെ ആരാധന യോഗത്തിൽ പുതിയ സത്യാന്വേഷകർ പങ്കെടുക്കുന്നു.

ഭർത്താവിന്റെ ദേഹവിയോഗത്തിൽ ദുഖത്തിലായിരിക്കുന്ന രത്തിയമ്മയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. മാറിടത്തിൽ ട്യൂമർ ബാധിച്ച ലച്ച്മി ശസ്ത്രക്രീയക്കു തയ്യാറെടുക്കുന്നു. പ്രാർത്ഥിക്കുക. അപകടത്തിൽ അകപെട്ട വെങ്കിട്ടരാമണയ്ക്കായി പ്രാർത്ഥിക്കുക. ഞരമ്പു സംബന്ധമായ പ്രശ്നത്താൽ കഷ്ടപ്പെടുന്ന ശാന്തമ്മയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷ പ്രവർത്തനത്തെ എതിർക്കുന്ന ഗംഗാധർ, രാമോഹൻ, ബാലാജി, സോമശേഖർ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സത്യാന്വേഷകർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ പോകുന്ന യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### ആനന്ദപൂർ

**ദെബോദത്ത ലിമ്മ**

120 സുവിശേഷ പ്രതികൾ വിതരണം ചെയ്തു. ബുച്ചെറിയ, ലൊച്ചെറിയ, ബോക്ഷംപള്ളി, ജക്കാലചെരിവ്, രെഡ്ഡിപള്ളി, മാപ്പുറപള്ളി, ലോക്ഷംപള്ളി എന്നീ ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ടൈഫോയ്ഡിൽ നിന്നു രത്തമ്മ, ഡെങ്കു പനിയിൽ നിന്നു രൂബൻ ഡേവിഡ്, ഉറക്കമില്ലായ്മയിൽ നിന്നു നവദിപ്, നെഞ്ചിൽ ഓപ്പറേഷൻ ചെയ്ത നരശപ്പ, കാലിൽ പൊട്ടലുണ്ടായ കീർത്തി എന്നിവരെ കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നു അജ്ജിനമ്മ, ഉമാദേവി എന്നിവരെ ദൈവം വിടുവിച്ചു.

ടൈഫോയ്ഡിനാൽ ഭാരപ്പെടുന്ന നലിനി, ചിക്കൻ ഗുനിയയാൽ കഷ്ടപ്പെടുന്ന നാഗമ്മ എന്നിവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. ഇവരടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കാതിൽ ഉണ്ടായ അണുബാധയാൽ പ്രയാസപ്പെടുന്ന പ്രസ്തുത, കരൾ സംബന്ധമായ രോഗിയായ ശിവമ്മ, തൊണ്ടക്കു കാൻസർ ബാധിച്ച ഏബ്രഹാം എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉമാദേവി, നിർമ്മല, അജ്ജിനാം, രാമൻജിമ്മ, ഭാരതി എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. 12 ൽ പഠിക്കുന്ന കുട്ടികൾ നല്ല മാർക്ക് കരസ്ഥമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. അരുണ, അനിത, ഇന്ദ്രാണി, പുണ്യവതി എന്നിവർക്കു നല്ല ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**29 സെപ്റ്റംബർ**
**വ്യാഴം**

## ജന്മദിനാശംസകൾ

കുമാരി. സുഷജിത സേനാപതി

## തമിഴ്നാട്

### അഞ്ചെട്ടി

**ഡേവിഡ് നിക്കോൾസൺ & ഐവി**


മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പത്ത് പുതിയ നിയമങ്ങളും ഒരു വേദപുസ്തകവും 25 സുവിശേഷ പ്രതികളും വിതരണം ചെയ്തു. വിവാഹം കഴിഞ്ഞു അനവധി വർഷം കഴിഞ്ഞ സെമിലക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. വിശ്വാസികളുടെ ഭവനങ്ങളിലെ കന്നുകാലികളെ പലവിധ രോഗങ്ങളിൽ നിന്നു ദൈവം സൗഖ്യമാക്കി.


കോട്ടയൂർ, ജീക്കന്ദഹള്ളി, തിമ്മനതോടി, പീരനപള്ളി, തണ്ടിയൻ, മറിയാളൻ, പുതുർ, ദേവനത്തോടി, സിങ്കകോട്ടൈ, അഞ്ചെട്ടി, ശിതാനന്ദപുരം, വനതുപെട്ടൈ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്യന്വേഷകരായ പീറ്റർ, അറുമുഖം, ജാൻസി, രാസിധ, രാമകൃഷ്ണൻ, വിജയലക്ഷ്മി, മാല, അമുധ, സംഗീത, ജയ, പ്രീയ, രാഹില, ശാന്തി എന്നീ കുടുംബങ്ങൾ യേശുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. മോഹനമ്മയുടെ ചെവിയിലെ പ്രശ്നം, ശേകർ, ചന്ദ്രശേഖർ, തായകുമാർ എന്നിവർക്കു ഹൃദയ സംബന്ധമായ രോഗം, ദാനത്തിന്റെ ഉദരത്തിലെ ട്യൂമർ, പ്രേമയുടെ നേത്ര സംബന്ധമായ രോഗം, ബൻസിലാലിന്റെ അവയവങ്ങളുടെ പ്രവർത്തന ക്ഷമത നഷ്ടപ്പെട്ടു ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കൈകാലുകൾ ചലിപ്പിക്കുവാൻ കഴിയാത്ത മുകരായ ഏഴു വയസ്സുള്ള മനസോ, 12 വയസ്സുള്ള രാസിദ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## പണം നൽകാതിരിക്കുവാൻ പ്രാർത്ഥിക്കുക

മദ്ധ്യപ്രദേശിൽ നേപനഗർ മിഷൻ വയലിലുള്ള തുകൈതാട ആരാധനക്കൂട്ടത്തിലെ ശോഭറാം നല്ല ഒരു വിശ്വാസിയാകുന്നു. അദ്ദേഹത്തിനു ഏകദ്ദേശം 60 വയസ്സുണ്ട്. കഴിഞ്ഞ രണ്ടു വർഷമായി അദ്ദേഹത്തിന്റെ ആരോഗ്യത്തിൽ ചില ഉയർച്ച താഴ്ചകൾ വരുന്നു. എന്നാൽ അയാൾ ഉറച്ച വിശ്വാസിയാകുന്നു. കുടുംബത്തിൽ എല്ലാവർക്കും വരുന്നതിനെക്കാൾ കൂടുതൽ തവണ ശോഭറാമിനു പനി വരും. പനി ബാധിക്കുന്ന സമയം ഡോക്ടറെ കാണും 1000 -1500 രൂപ ചിലവാക്കും. എന്നാൽ പനിക്കു ഒരു ശമനവും ഉണ്ടായില്ല. കഴിഞ്ഞ മാസം അയാൾക്കു വീണ്ടും പനി വന്നു. തിരുനെറ്റിയിൽ ചൂടു ഉണ്ടാകുന്നതായി അനുഭവപ്പെട്ടു. അതിനു കൂടുതൽ ശ്രദ്ധ കൊടുക്കാതെ പ്രാർത്ഥിച്ചതിനു ശേഷം വിഷയം വിട്ടു. ദൈവത്തിനു സ്തോത്രം. ഒരു നയപൈസ ചിലവഴിക്കാതെ ശോഭറാം പനിയിൽ നിന്നു മുക്തനായി. പിന്നീട് ആ പനി അയാളെ അലട്ടിയിട്ടില്ല. ഹല്ലെലുയ്യ!

## 30 സെപ്റ്റംബർ വെള്ളി

### ജന്മദിനാശംസകൾ

ശ്രീമതി. തുമ്പ ചൗദരി ഓം പ്രകാശ് ഗുപ്ത

### തിരുവള്ളൂർ

**പോൾ ആനന്ദൻ & സാറാ ജോതി**

വിഷ പാമ്പിന്റെ കടിയേൽക്കാതെ ദച്ചനമൂർത്തീയെ ദൈവം പരിപാലിച്ചു. കാന്ത, കസ്തുരി, കവിതയുടെ മാതാവ് എന്നിവർ കർത്താവിൽ വളരുന്നു. വേണുഗോപാലപുരം ഗ്രാമത്തിൽ സുവിശേഷം ശ്രവിച്ചവർക്കായ് പ്രാർത്ഥിക്കുക.

രാമവതിയുടെ വീടു പണി ചെയ്യുന്ന ഇന്ദ്രാണി ഉത്തരേന്ത്യയിൽ നിന്നും തിരികെ വന്നു വീടുപണി പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മുതുകോന്ദാരപള്ളിയിലെ 8,10,12 ക്ലാസ്സുകളിലെ പഠനം പൂർത്തീകരിച്ച കുട്ടികൾ തുടർന്നു പഠിക്കുന്നതിനു താൽപര്യം കാണിക്കുന്നില്ല. ഇവരുടെ മാതാപിതാക്കൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത മനസ്സിലാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സെൽവിയുടെ ഭർത്താവ് കുമാർ മദ്യപാനത്തിൽ നിന്നു വിടുതൽ പ്രാപിച്ച് മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. കവിതയുടെ ഭർത്താവ് ഗോവർദ്ധൻ യേശുവിൽ വിശ്വാസം അർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മെച്ചേരി - ധർമ്മപുരി

**ധർമ്മരാജ് & മറിയ സെൽവി**

മർക്കൊസിന്റെ സുവിശേഷ പ്രതി വിതരണം ചെയ്തു. മാരിയപ്പൻ ശ്വാസനസംബന്ധമായ രോഗത്തിൽ നിന്നു സുഖം പ്രാപിച്ചു. അമരം ഗ്രാമത്തിലെ രാജിവ് ഗാന്ധി പവിത്ര, എസ്ഥേർ പൂങ്കത്തായ് എന്നിവർക്കു നല്ല ജോലി ലഭിച്ചു.

ചെവിക്കു പ്രയാസമുള്ള ശിവരാജിനെയും ശ്വാസന സംബന്ധമായ രോഗത്താലും ഹൃദയ സംബന്ധമായ രോഗത്താലും വലയുന്ന പുക്കംപത്തി ഗ്രാമത്തിലെ കന്നയ്യനെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദുരൈസ്വാമിയുടെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശേഖർ, രമേശ്, സെൽവരാജ്, പശുപതി, കുമാർ, രവികുമാർ, മുരുകേശൻ എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അമരം പുക്കംപത്തി എന്നീ ഗ്രാമങ്ങളിലെ ജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ആവശ്യത്തിനു മഴ ലഭിച്ചു!

ഉത്തർപ്രദേശിൽ കൈംഗഞ്ച് മിഷൻ വയലിലെ നമ്മുടെ വിശ്വാസി വിജയലക്ഷ്മി വയലിൽ ചോളം വിതെച്ചു. അടുത്ത പാടത്തുള്ളവർ അവൾക്കു വെള്ളം നൽകിയില്ല. അവളുടെ കുഴൽ കിണർ കേടായി. അവൾ ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം ആ രാത്രി മുഴുവൻ മഴ നൽകി അവളെ അനുഗ്രഹിച്ചു.

# 376 മിഷനറി ആൽബം

കന്യാകുമാരി ജില്ലയിൽ ദേവനാഥപുരം ഗ്രാമത്തിലെ ക്രിസ്തീയ മാതാപിതാക്കളായ ശ്രീ. ജോൺസൺ (അദ്ധ്യാപകൻ), ശ്രീമതി ബല്ല എന്നിവരുടെ ഇളയ മകനായി സഹോ. ജോൺ പെനിൻ 01.05.1981 ൽ ജനിച്ചു. മാതാപിതാക്കൾ തങ്ങളുടെ മൂന്നു മക്കളെയും ദൈവവേലക്കായി സമർപ്പിച്ചതിൻ പ്രകാരം മൂത്ത രണ്ടു മക്കളും കന്യാകുമാരി ജില്ലയിൽ ദൈവവേല ചെയ്യുന്നു.

കോളജ് വിദ്യാഭ്യാസ നാളുകളിൽ ജോൺ ദുഷിച്ച കൂട്ടുകെട്ടിൽ പെടുകയും തുടർന്ന് പഠനത്തിൽ പരാജയപ്പെടുകയും ചെയ്തു. ഒടുവിൽ ആത്മഹത്യക്കായി അവൻ പദ്ധതിയിട്ട നാളുകളിൽ 'ഒരു മനുഷ്യൻ സർവ്വലോകവും നേടിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? അല്ല തന്റെ ജീവിനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും?' (മത്തായി 16:26) ഈ വാക്യത്തിലൂടെ ദൈവം ജോണിനോടു സംസാരിച്ചു.

FMPB യിലെ ഒരു മിഷനറി ജോണിന്റെ ദൈവാലയത്തിൽ വചന ശുശ്രൂഷ നിർവഹിച്ചു. അവരുടെ പ്രദേശത്ത് സ്കാൻ ബോക്സിലെ തുക സമാഹരിച്ചിരുന്ന നേതാവ് നിത്യതയിൽ പ്രവേശിച്ചതിനെ തുടർന്നു മൂന്നു വർഷത്തെക്കു ആ ചുമതല ജോണിനെ ഭരമേല്പിച്ചു. ആ ശുശ്രൂഷയിലൂടെ ദൈവത്തെ കൂടുതലായി അറിഞ്ഞു. പ്രാർത്ഥന ജീവിതത്തിൽ നവീകരിക്കപ്പെട്ട് ദൈവത്തോടു ചേർന്നു നടക്കുവാൻ തുടങ്ങി. ജമ്മു കാശ്മീരിലെ അഖ്നൂർ മിഷൻ വയലിൽ പ്രവർത്തിക്കുന്ന ജോൺകുമാറിനോടു ചേർന്നു 40 ദിവസം പ്രവർത്തിക്കുന്നതിനു അവസരം ലഭിച്ചു. അവിടെ വിബിഎസ് നടത്തുന്നതിൽ വ്യാപൃതനായി. വിയന്നൂർ പ്രാർത്ഥനക്കൂട്ടം അവനെ കൂടുതൽ വിവരങ്ങളാൽ സമ്പന്നനാക്കി. തുടർന്നു പ്രാർത്ഥനക്കൂട്ടങ്ങൾ സംഘടിപ്പിക്കുകയും കരോൾ സർവ്വീസുകൾ നടത്തുകയും ചെയ്തു. ദൈവീക പദ്ധതി പ്രകാരം ലാബ് ടെക്നിഷ്യയായി പ്രവർത്തിച്ചിരുന്ന ഷീബ പുഷ്പറാണിയെ 2006 മെയ് 29 ന് വിവാഹം കഴിച്ചു.

കന്യാകുമാരി ജില്ലയിൽ സാന്ധനവിള്ളൈ ഗ്രാമത്തിലെ ക്രിസ്തീയ ദമ്പതികളായ ശ്രീ. ഗോപാലിന്റെയും ശ്രീമതി കനകബായിയുടെയും മകളായി 1986 മെയ് 10 ന് സഹോദരി ഷീബ ജനിച്ചു. ശൈശവ പ്രായം മുതലെ അവളെ ക്രിസ്തീയ വിശ്വാസത്തിൽ പരിപോഷിപ്പിച്ചു വളർത്തി. വിവാഹാനന്തരം അവർ കുടുംബമായി FMPB യിൽ ചേർന്നു. അവരെ സഭാ സ്ഥാപന ശുശ്രൂഷക്കായി ബസോഹ്ലി, ചാമ്പ എന്നീ മിഷൻ വയലുകളിലേക്കു അയച്ചു. 2008 മുതൽ 2016 വരെ അവർ അനേകരെ ക്രിസ്തുവിങ്കലേക്കു നയിച്ചുകൊണ്ട് അവിടെ പ്രവർത്തിച്ചു. രണ്ടാമത്തെ മകളുടെ രോഗം ഹേതുവായി അവർ ദക്ഷിണേന്ത്യയിലേക്കു കടന്നു വന്നു. ഹോസൂറിൽ താമസിച്ചു കൊണ്ട് കൃഷ്ണഗിരി, ധർമ്മപുരി മേഖലയിലെ പ്രമോഷണൽ പ്രവർത്തനത്തിനു നേതൃത്വം നൽകി. അവർ അവിടെ ഹിന്ദി സംസാരിക്കുന്ന ജനങ്ങളുടെ മദ്ധ്യത്തിലും ദൈവവേല ചെയ്യുന്നു.

ദൈവം അവർക്കു രണ്ടു മക്കളെ നൽകി അനുഗ്രഹിച്ചു. മൂത്തമകൾ സ്വീറ്റ്ലിൻ റെയ്ച്ചൽ (29.12.2007) സിഎസ്ഐ മെട്രിക് ഹയർ സെക്കണ്ടറി സ്കൂളിൽ ഒമ്പതാം ക്ലാസ്സിലും രണ്ടാമത്തെ മകൾ ഹരോലിൻ (17.2.2011) സ്പെഷ്യൽ സ്കൂളിലും പഠിക്കുന്നു. ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുക.



റവ. ജോൺ പെനിൻ & ശ്രീമതി. ഷീബ പുഷ്പ റാണി കുടുംബം

# FINANCE DEPARTMENT

**Online Banking**

## FMPB Bank Account details for sending the offering through online transaction

A/c Name: **FRIENDS MISSIONARY PRAYER BAND**

ICICI - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

SBI - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

Indian Bank - A/c No. 406157474 - IFS Code IDIB000A599 - Branch: Venkatapuram

**Kindly contact us at: finance@fmpb.org, WhatsApp: 7904648270**

## FOR THE KIND ATTENTION OF SUBSCRIBERS AND SUPPORTERS

The Payment Gateway of State Bank of India through internet is enabled for the contributors of FMPB. You are requested to avail the facility to remit the money.

You are requested to inform the purpose for which the money you deposit through **FMPB SB COLLECT** website.

To enter the gateway, please type **'FMPB SB COLLECT Online subscription'** and provide other details to make your transaction complete. This will help us to know your identity immediately and respond quickly to send receipts and acknowledgements.




In google search type: **FMPB SB Collect**

it will show **State Bank Collect - Online SBI**

**Tick the box**

☑ (Click check box to proceed for payment)

**Proceed**

State of Corporate / Institution: Select **All India**

Type of Corporate / Institution:
Select **Religious Institutions**

**Go**

Religious Institutions Name: **Friends Missionary Prayer Band**

**Submit**

Select Payment Category: **Donations and subscriptions**